പഞ്ചായത്ത് രാജ്

പുസ്തകം 55 ◆ ലക്കം 5

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ആഗസ്റ്റ് 2015



'നമ്മുടെ പഞ്ചായത്ത് ശുചിത്വത്തിന്റെ പാതയിൽ

പഞ്ചായത്തിന്റെ ശുചിത്വം നമ്മുടെ കൈകളിൽ'

- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

നമ്മുടെ ലക്ഷ്യം
മാലിന്യമുക്ത കേരളം

പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

പഞ്ചായത്ത് രാജ്
ആഗസ്റ്റ് 2015

ഉള്ളടക്കം

5 എഡിറ്ററുടെ പേജ്

6 ഈ സ്വാതന്ത്ര്യദിനം നമ്മോട് പറയുന്നത്
ഡോ. എം.കെ. മുനീർ

8 കലാം! അനശ്വരമായ അഗ്നി ചിറകുകൾ
ഡോ. ബുഷ്റ ബീഗം ആർ. കെ.

11 സ്വാതന്ത്ര്യദിന ചിന്തകൾ
കെ. ശശിധരൻ നായർ

15 ഗാന്ധി പിറന്നത് ദക്ഷിണാഫ്രിക്കയിൽ!
പ്രദീപ് രാമൻ

19 സമഗ്ര ആരോഗ്യ ശുചിത്വപരിപാടി ഡോക്യുമെന്റേഷൻ സി.ഡി. പ്രകാശനം ചെയ്തു

20 ഗ്രാമപഞ്ചായത്തുകളിലൂടെ

23 വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്തിന്റെ സ്വന്തം “പൊൻകതിർ”

26 വരുന്നു കുട്ടികൾക്കും ഗ്രാമസഭ
ടി. ഷാഹുൽ ഹമീദ്

28 മണ്ണ് ജീവന്റെ തറവാട്
കെ. ഗോപകുമാർ

33 അന്നത്തെ അത്തച്ചമയം
ടി.സി. സുനിൽദത്ത്

35 പോവല്ലേ പോവല്ലേ പൊന്നോണമേ
ഡോ. അജയപുരം ജ്യോതിഷ് കുമാർ

39 റാബീസ് (പേവിഷബാധ)
ഡോ. ജോസ്മോൻ ജോർജ്

പഞ്ചായത്ത് വകുപ്പിന്റെ **ഫേസ് ബുക്ക് പേജ്** ഉദ്ഘാടനം ചെയ്തു

പഞ്ചായത്ത് വകുപ്പിന്റെ ഫേസ് ബുക്ക് പേജിന്റെ ഉദ്ഘാടനം ആഗസ്റ്റ് മാസം പതിമൂന്നാം തീയതി പഞ്ചായത്ത് സാമൂഹിക നീതി വകുപ്പ് മന്ത്രി ഡോ.എം.കെ.മുനീർ നിർവ്വഹിച്ചു. തതവസരത്തിൽ പ്രിൻസിപ്പൽ സെക്രട്ടറി ജെയിംസ് വർഗീസ്, പഞ്ചായത്ത് ഡയറക്ടർ സി.എ.ലത, സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ ദിവാകരൻപിള്ള, ഐ.കെ.എം ഡയടക്ടർ സുരേഷ്കുമാർ, പഞ്ചായത്ത് ജോയിന്റ് ഡയടക്ടർ (ഇൻചാർജ്) സാബു കുട്ടൻനായർ, ആർജിപിഎസ്എ ടീം ലീഡർ ജയചന്ദ്രൻ എന്നിവർ സന്നിഹിതരായിരുന്നു.

പ്രസ്തുത ഫേസ്ബുക്ക് പേജ് സംസ്ഥാനത്തെ 978 ഗ്രാമപഞ്ചായത്തുകളിലെ ജനപ്രതിനിധികളുടെയും പതിനയ്യായിരത്തിൽപരം ഉദ്യോഗസ്ഥരുടെയും പൊതുജനങ്ങളുടെയും വേഗത്തിലുള്ള ആശയവിനിമയത്തിന് ഉപകരിക്കുന്നതാണ്. പഞ്ചായത്ത് നടപ്പാക്കുന്ന മാതൃകാ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ മറ്റ് പഞ്ചായത്തുകൾക്ക് എളുപ്പത്തിൽ കൈമാറാൻ ഇതുവഴി സാധിക്കും.

പഞ്ചായത്ത് സേവനങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്കുള്ള അഭിപ്രായം നേരിട്ട് അറിയുവാനും അതുവഴി സേവനപ്രദാന നിലവാരം മെച്ചപ്പെടുത്തുവാനും ഈ ഫേസ്ബുക്ക് പേജ് ഉപകരിക്കും.

പഞ്ചായത്ത് വകുപ്പിന്റെ വിവിധ സേവനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ പൊതുജനങ്ങൾക്ക് വളരെ വേഗത്തിൽ കൈമാറുന്നതിനും പഞ്ചായത്ത് വകുപ്പും ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട പരിപാടികളുടെയും പദ്ധതികളുടെയും ഫോട്ടോകളും വീഡിയോ ദൃശ്യങ്ങളും വളരെ വേഗത്തിൽ കൈമാറുവാൻ ഇത് സഹായകമാകും.

ഈ ഫേസ്ബുക്ക് പേജ് www.facebook.com/departmentofpanchayatskerala എന്ന വിലാസത്തിൽ ലഭ്യമാണ്.

പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ആഗസ്റ്റ് 2015 | പുസ്തകം 55 | ലക്കം 5 | വാർഷിക വരിസംഖ്യ: ₹120

www.lsgkerala.gov.in

ഉപദേശക സമിതി

ചെയർമാൻ

ഡോ. എം.കെ. മുനീർ

പഞ്ചായത്ത് സാമൂഹ്യനീതിവകുപ്പ് മന്ത്രി

അംഗങ്ങൾ

ജയിംസ് വർഗ്ഗീസ്, ഐ.എ.എസ്.

പ്രിൻസിപ്പൽ സെക്രട്ടറി

തദ്ദേശസ്വയംഭരണവകുപ്പ്

മിനി ആന്റണി, ഐ.എ.എസ്.

ഡയറക്ടർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

പി.ടി. മാത്യു

പ്രസിഡന്റ്

കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

പി.പി. ജയിംസ്

സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം

ഐസൻ ജോസ്

പബ്ലിസിറ്റി ഓഫീസർ **(ഇൻചാർജ്ജ്)**

പഞ്ചായത്ത് വകുപ്പ്

കൺവീനർ

സി.എ. ലത ഐ.എ.എസ്.

പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ

സി.എ. ലത ഐ.എ.എസ്.

email: directorofpanchayat@gmail.com

Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ **(ഇൻചാർജ്ജ്)**

ഐസൻ ജോസ്

email: prmdp2015@gmail.com

Ph: 0471-2321280

കവർ ഡിസൈൻ & ലേ ഔട്ട്

mayasanthoshm@gmail.com

ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.
പരസ്യങ്ങളുടെ ഉള്ളടക്കത്തിലും
പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്വമില്ല.

മേൽവിലാസം

എഡിറ്റർ

പഞ്ചായത്ത് രാജ് മാസിക

പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.

തിരുവനന്തപുരം - 695033.

എഡിറ്റോറിയൽ

നവംബർ 1 മലയാളികളെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ട ദിനമാണ്. കേരളപ്പിറവി. എന്നാൽ 2015 നവംബർ 1 ന് മറ്റൊരു പ്രത്യേകത കൂടിയുണ്ട്. തദ്ദേശസ്വയംഭരണ സ്വയംഭരണ സ്ഥാപനങ്ങളിലെ പുതിയ ഭരണസമിതികൾ അധികാരം ഏറ്റെടുക്കേണ്ട ദിവസം കൂടിയാണ് അത്. 2010 നവംബർ 1 ന് ചുമതലയേറ്റെടുത്ത സമിതികളുടെ കാലാവധി അവസാനിക്കുന്നതോടെ പുതിയ ഭരണ സമിതികൾ നിലവിൽ വരേണ്ടതുണ്ട്. അതിനായി ത്രിതല പഞ്ചായത്തുകളിലേക്കും നഗരസഭകളിലേക്കും തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. മുൻ തെരഞ്ഞെടുപ്പുകളിൽ നിന്ന് വ്യത്യസ്തമായി ഫോട്ടോ കൂടി ഉൾപ്പെടുത്തിയ വോട്ടർപട്ടിക ഉപയോഗിക്കുന്നു എന്നതും പട്ടികയിൽ പേരുചേർക്കുന്നതിനും തിരുത്തുന്നതിനുമുള്ള അപേക്ഷകൾ സ്വീകരിക്കുന്നതും പട്ടിക തയ്യാറാക്കുന്നതും ഓൺലൈനായി നിർവ്വഹിക്കപ്പെടുന്നു എന്നതും നടപടികൾ കുറേക്കൂടി സുതാര്യവും കാര്യക്ഷമവുമാക്കാൻ സഹായകമാണ്. ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിനുള്ള വോട്ടർ പട്ടിക തയ്യാറാക്കുന്നതിന് ചുമതലയുള്ള ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരാണ്. പഞ്ചായത്ത് തലത്തിൽ വോട്ടർ പട്ടിക തയ്യാറാക്കുന്നതിനും ആയിരക്കണക്കിന് അപേക്ഷകൾ തീർപ്പാക്കി സമയബന്ധിതമായി അന്തിമ പട്ടിക പ്രസിദ്ധികരിക്കുന്നതിനും അശ്രാന്ത പരിശ്രമം നടത്തിയ സെക്രട്ടറിമാരും ജീവനക്കാരും അഭിനന്ദനമർഹിക്കുന്നു. എന്നാൽ ചുരുക്കം ചില സ്ഥാപനങ്ങളിലെങ്കിലും വോട്ടർ പട്ടികയിൽ അപാകതകൾ ഇപ്പോഴും നിലനിൽക്കുന്നു എന്ന വസ്തുതയും വിസ്മരിക്കാനാകില്ല. അത്തരം അപാകതകൾ എത്രയും വേഗം പരിഹരിക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ മുഖ്യ കാര്യനിർവ്വഹണ ഉദ്യോഗസ്ഥൻ, ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ, ഉപവരണാധികാരി എന്നീ നിലകളിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും ജീവനക്കാർക്കും ധാരാളം കർത്തവ്യങ്ങൾ നിർവ്വഹിക്കാനുണ്ട്. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിഷൻ പ്രസിദ്ധീകരിക്കുന്ന തെരഞ്ഞെടുപ്പിന്റെ സമയക്രമം അനുസരിച്ച് നോട്ടീസ് പ്രസിദ്ധപ്പെടുത്തുക, നാമനിർദ്ദേശങ്ങൾ സ്വീകരിക്കുക, ചിഹ്നം അനുവദിക്കുക, ബാലറ്റ് പേപ്പർ അച്ചടിക്കുക, വോട്ടിംഗ് യന്ത്രം സജ്ജീകരിക്കുക, പുതിയ ഭരണസമിതികൾക്ക് അധികാരം ഏല്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങളിൽ വരണാധികാരിയെ സഹായിക്കുന്നതോടൊപ്പം ഇ.ആർ.ഒ എന്ന നിലയിൽ കുറ്റമറ്റ വോട്ടർപട്ടിക തയ്യാറാക്കി തെരഞ്ഞെടുപ്പ് നടത്തിപ്പിനായി ലഭ്യമാക്കേണ്ടതും ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയും ജീവനക്കാരുമാണ്. ഇവ കൂടാതെ പോളിംഗ് സ്റ്റേഷനുകൾ കണ്ടെത്തുക, അവയിൽ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുക മുതലായവയും ഗ്രാമ പഞ്ചായത്ത് തലത്തിൽത്തന്നെ നിർവ്വഹിക്കേണ്ടവയാണ്. ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാരും തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിൽ വരണാധികാരിയെ സഹായിക്കേണ്ടതുണ്ട്. സംവരണ നിയോജക മണ്ഡലങ്ങളും സംവരണം ചെയ്യപ്പെടേണ്ട പ്രസിഡന്റ്, വൈസ് പ്രസിഡന്റ് സ്ഥാനങ്ങളും നിശ്ചയിക്കപ്പെടുന്നതോടെ തെരഞ്ഞെടുപ്പിന്റെ ശരിയായ ചിത്രം വ്യക്തമാകുന്നതാണ്. രാഷ്ട്രീയ കക്ഷി അടിസ്ഥാനത്തിൽ നടത്തപ്പെടുന്ന തെരഞ്ഞെടുപ്പിൽ വിവിധ രാഷ്ട്രീയ കക്ഷികളുമായി സഹകരിച്ചും എന്നാൽ ഏതെങ്കിലും കക്ഷികളോട് പ്രത്യേക മമതയോ വിദ്വേഷമോ കൂടാതെയും കാര്യക്ഷമമായും തെരഞ്ഞെടുപ്പ് ജോലികൾ നിർവ്വഹിക്കുന്നതിനും ശ്രദ്ധിക്കുന്നതോടൊപ്പം പക്ഷപാത രഹിതമായി പ്രവർത്തിക്കുന്നുവെന്ന് ഏവരെയും ബോദ്ധ്യപ്പെടുത്തുന്ന തരത്തിലുമായിരിക്കണം സെക്രട്ടറിയുടെയും ജീവനക്കാരുടെയും പ്രവർത്തനം. നിലവിലുള്ള ഭരണസമിതികളും ജീവനക്കാരും തെരഞ്ഞെടുപ്പ് കമ്മിഷന്റെ മാർഗനിർദ്ദേശങ്ങൾക്ക് വിധേയമായി സുതാര്യവും കാര്യക്ഷമവുമായ തെരഞ്ഞെടുപ്പിന് ആത്മാർത്ഥമായി സഹകരിക്കുന്നതോടൊപ്പം പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ വീഴ്ചയുണ്ടാകാതെ ശ്രദ്ധിക്കണമെന്നും ഓർമ്മിപ്പിക്കുന്നു.

സി.എ. ലത ഐ.എ.എസ്.

പഞ്ചായത്ത് ഡയറക്ടർ

ഈ സ്വാതന്ത്ര്യദിനം നമ്മോട് പറയുന്നത്

ഡോ. എം.കെ. മുനീർ
പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി

സ്വാതന്ത്ര്യാനന്തര ഭാരതം കഴിഞ്ഞ 68 വർഷങ്ങളിൽ കൈവരിച്ചത് അഭിമാനകരമായ നേട്ടങ്ങളാണ്. ജനാധിപത്യവും മതേതരത്വവും സഹവർത്തിത്വവും അഭംഗുരം നിലനിർത്താൻ കഴിഞ്ഞു. മേൽക്കോയ്മകളിൽ നിന്ന് വിമുക്തമായ എത്രയോ രാഷ്ട്രങ്ങൾ ഏകാധിപത്യത്തിലേക്കും സൈനികഭരണത്തിലേക്കും നീങ്ങുന്നതിന് ലോകം സാക്ഷിയായി. പക്ഷേ, ഏത് ഭരണമാറ്റത്തിലും ജനാധിപത്യവും മതേതരത്വവും സാഹോദര്യവും ഉറപ്പിച്ചുകൊണ്ട് ഇന്ത്യക്ക് മുന്നേറാനായി എന്നതാണ് നമ്മുടെ വ്യവസ്ഥിതിയുടെ ഉൾക്കരുത്ത്. നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയും രാഷ്ട്രശിൽപ്പി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവും ഭരണഘടനാ ശിൽപ്പി ബാബസാഹേബ് അംബേദ്കറും മറ്റ് നേതാക്കളും ഇട്ട അടിത്തറ ഒരു ശക്തിക്കും തകർക്കാനാവാത്താണെന്ന് കാലം തെളിയിച്ചു. ഒരു ചാൺ വയറ് നിറക്കാൻ കേണിരുന്ന ജനസമൂഹം കാർഷികസമൃദ്ധമായി. ഒരു ബലൂൺ പറന്നു പൊങ്ങുന്നത് കണ്ട് ശീലിച്ച ജനതക്ക് മുന്നിൽ ചന്ദ്രയാൻ യാഥാർത്ഥ്യമാകുന്നു.

വളർച്ചയിലേക്കുള്ള ഭാരതത്തിന്റെ ഗതിവേഗത്തിന് ആക്കം കൂട്ടിയതിൽ കേരളത്തിന്റെ സംഭാവന നിസ്തുലമാണ്. അന്യരാജ്യങ്ങളിൽ ചോരയും നീരും നൽകി പണിയെടുക്കുന്ന കേരളീയ പ്രവാസികൾ യഥാർത്ഥത്തിൽ നമ്മുടെ സൈനികർ നമ്മുടെ അതിർത്തികൾ കാത്ത് സൂക്ഷിച്ച് നമ്മെ സുരക്ഷിതരാക്കുന്നപോലെ നമ്മുടെ സമ്പദ്‌വ്യവസ്ഥയ്ക്ക് താങ്ങും തണലുമായി സുഭിക്ഷകേരളം എന്ന സ്വപ്നം സാക്ഷാത്കരിക്കുകയാണ്. അവരുടെ നിക്ഷേപം ഒന്നേകാൽ ലക്ഷം കോടിയിലേറെ രൂപയാണെന്നറിയുമ്പോഴേ, കേരള ഗവൺമെന്റിന്റെ ബജറ്റിനെപ്പോലും മറികടക്കുന്ന വിധത്തിൽ അവർ ഈ രാജ്യത്തിന് സമർപ്പിക്കുന്ന സുരക്ഷിതത്വത്തിന്റെ വ്യാപ്തി മനസ്സിലാവുകയുള്ളൂ.

കേരളം ഇന്നെത്തി നിൽക്കുന്ന വികസന കുതിപ്പ് സമാനതകളില്ലാത്തതാണ് 'കരുതലും വികസനവും' എന്ന ക്ഷേമ വികസന മുദ്രകൾ കേരള ജനത നെഞ്ചേറ്റിയതിന്റെ കൂടി ഫലമാണത്. ദേശീയ നിരക്കിനെക്കാൾ കൂടിയ വളർച്ച കേരളം കൈവരിച്ചു. ഇന്ത്യൻ ദേശീയ ശരാശരി 11.54% ആണെങ്കിൽ നമ്മുടേത് 15.35 ആണ്. അടിസ്ഥാനസൗകര്യം വികസിച്ചാലേ, സ്ഥായിയായ വികസനം സാധ്യമാകൂ എന്ന് തിരിച്ചറിഞ്ഞ് 21-ാം നൂറ്റാണ്ടിലെ കേരളം ലോകത്തിന്റെ നെറുകയിൽ സ്ഥാനം പിടിക്കാൻ പര്യാപ്തമായ പദ്ധതികളുമായാണ് നമ്മൾ മുന്നേറുന്നത്. കൊച്ചി മെട്രോ ആദ്യഘട്ടം 2016 ജൂണിൽ പൂർത്തിയാവുകയാണ്. 50000 പേർക്ക് തൊഴിൽ നൽകാൻ കഴിയുന്ന സ്മാർട്ട് സിറ്റി അതിവേഗം പുരോഗമിക്കുകയാണ്. കണ്ണൂരിൽ ആദ്യവിമാനം 2015 ഡിസംബർ 31 ന് ഇറങ്ങും. വിഴിഞ്ഞം പദ്ധതി മുന്നോട്ടാണ്. കോഴിക്കോട്, തിരുവനന്തപുരം ലൈറ്റ് മെട്രോയും മുന്നോട്ട്. ഒപ്പം തന്നെ യുവജന തൊഴിൽ സംരംഭങ്ങളായ 900 സ്റ്റാർട്ട് അപ് ബിസിനസ്സ് ഇൻക്യുബേഷനുകൾ, 1970 കോടി രൂപയുടെ ബൈപാസുകൾ, 25000 കോടി രൂപയുടെ ഹൈവേ വികസനം, അഡിഷണൽ സ്കിൽ അക്വിസിഷൻ, നൈപുണ്യ വികസനം, ഗ്രാമങ്ങളിൽ ഓപ്റ്റിക് ഫൈബർ നെറ്റ് വർക്ക് കണക്ടിവിറ്റി, എല്ലാ ജില്ലകളിലും മെഡിക്കൽ കോളജുകൾ, ഓപ്പറേഷൻ കുബേര, 1.22 ലക്ഷം യുവാക്കൾക്ക് പി.എസ്.സി നിയമനം, സമ്പൂർണ്ണ പിന്തുണയോടെ മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി എന്നിങ്ങനെ പുതിയ ഒരു വികസന-ക്ഷേമ സംസ്കാരത്തിന്റെ സാക്ഷാത്കാരത്തിലാണ് നമ്മുടെ പ്രിയംകരമായ ഈ നാട് ഇന്ന് എന്നത് ഏതൊരു കേരളീയനും അഭിമാനം പകരുന്നതാണ്.

യഥാർത്ഥ അധികാരം പൗരനിലേക്ക് കൈമാറിക്കൊടുക്കുന്ന പ്രക്രിയ അരക്കിട്ടുറപ്പിക്കുന്ന നടപടികൾ നമ്മൾ സ്വീകരിച്ചു. ഗ്രാമസഭകൾ സജീവമാക്കുന്നതും ഗ്രാമകേന്ദ്രങ്ങൾ ആരംഭിക്കുന്നതും അയൽസഭകൾ രൂപീകരിക്കുന്നതും ഒക്കെ പൗരൻ സ്വയം അധികാരം കയ്യാളുന്ന സാഹചര്യം സൃഷ്ടിക്കുകയാണ്. നമ്മുടെ പഞ്ചായത്ത് രാജും വികസനമാതൃകയും ഇന്ത്യയിലെ രണ്ടരലക്ഷം പഞ്ചായത്തുകളിലേക്ക് വ്യാപിപ്പിക്കുകയാണ്. കേന്ദ്രത്തിലെയും മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിലെയും വകുപ്പ് സെക്രട്ടറിമാർ 'കില' യിൽ ഒരാഴ്ച സമ്മേളിച്ച് നമ്മുടെ മാതൃക പകർത്താനുള്ള മാർഗനിർദ്ദേശങ്ങൾ സ്വരൂപിച്ച് മടങ്ങി. അധികാരവികേന്ദ്രീകരണത്തിൽ കേരളം സുവർണ്ണ മുദ്ര ചാർത്തുന്ന നിമിഷങ്ങളാണിവ. കേരളത്തിന്റെ പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ പ്രവർത്തന മികവിനുള്ള അംഗീകാരമുദ്ര ദില്ലിയിൽ സംസ്ഥാനത്തിന് വേണ്ടി പ്രധാനമന്ത്രിയിൽ നിന്ന് ഏറ്റുവാങ്ങാനുള്ള ദൗത്യം എനിക്ക് ലഭിച്ചത് പൊതുജീവിതത്തിന്റെ അനർഘനേട്ടമായി ഞാൻ കരുതുകയാണ്. പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ ഭാഗമായുള്ള നമ്മുടെ ദാരിദ്ര്യ നിർമ്മാജ്ജന സ്ത്രീ ശാക്തീകരണ പ്രസ്ഥാനമാണ് കുടുംബശ്രീ. കഴിഞ്ഞ 17 വർഷം കൊണ്ട് 42 ലക്ഷം സ്ത്രീകളെ പ്രതിനിധീകരിക്കുന്ന ലോകത്തിലെ തന്നെ ഏറ്റവും വലിയ സ്ത്രീ പ്രസ്ഥാനമായി കുടുംബശ്രീ മാറിക്കഴിഞ്ഞു. പ്രധാനമന്ത്രി

നരേന്ദ്ര മോദി പാർലമെന്റിനെ ആദ്യം അഭിസംബോധന ചെയ്തപ്പോൾ 'കുടുംബശ്രീ'യെ പ്രത്യേകം ശ്ലാഘിച്ചു എന്നതും കൂടി നമുക്ക് സ്മരിക്കാവുന്നതാണ്.

വികേന്ദ്രീകൃത ജനാധിപത്യം കൂടുതൽ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ നമ്മൾ രണ്ട് രാജ്യാന്തര സമ്മേളനങ്ങൾ കോവളത്ത് സംഘടിപ്പിച്ചതിലൂടെ ഇനിമേൽ അവകാശങ്ങളിൽ അധിഷ്ഠിതമായിരിക്കണം വികസനം എന്ന ഒരു പുതിയ പരിപ്രേക്ഷ്യം നമ്മൾ ഉൾക്കൊണ്ടു. ഈ ദിശയിൽ ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ പുതിയ പദ്ധതികൾ വരും. ശിശുക്കൾ, വനിതകൾ, വയോജനങ്ങൾ തുടങ്ങിയവരുടെ മനുഷ്യാവകാശങ്ങൾ അന്തസ്സാർന്നരീതിയിൽ സംരക്ഷിക്കുന്നതിനുള്ള പുതിയ സംവിധാനം പഞ്ചായത്ത്, സാമൂഹ്യനീതി വകുപ്പുകൾ നടപ്പാക്കും. കേരളത്തെ സമ്പൂർണ്ണ വയോജനസൗഹൃദ സംസ്ഥാനമാക്കി മാറ്റാൻ തീരുമാനിച്ചു കഴിഞ്ഞു. ഇതിന്റെ ഭാഗമായി എറണാകുളം ജില്ലയെ സെപ്റ്റംബർ 11 ന് വയോജന സൗഹൃദ ജില്ലയായി ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ പ്രഖ്യാപിക്കും. ജാഗ്രതാ സമിതികൾക്ക് നിയമ പ്രാബല്യം നൽകും. ഇതോടെ ഒട്ടേറെ സാമൂഹ്യതിന്മകൾക്കും അതിക്രമങ്ങൾക്കും പരിഹാരമാകും. നവംബർ 12, 13, 14 തീയതികളിൽ തിരുവനന്തപുരത്ത് രാജ്യാന്തര വനിതാ സമ്മേളനം സംഘിടിപ്പിക്കും. കേരളത്തിലെയും ഇന്ത്യയിലെയും ലോകത്തെയും ഏകോപിത സ്ത്രീമുന്നേറ്റത്തിന് നമുക്ക് എന്തൊക്കെ സംഭാവന ചെയ്യാൻ കഴിയുമെന്ന് ഈ സമ്മേളനം വിദഗ്ദ്ധമായ അപഗ്രഥനം നടത്തും.

വികസന കാര്യങ്ങളിൽ മാത്രമല്ല ഗവൺമെന്റ് ശ്രദ്ധ പതിപ്പിച്ചത്. കരുതലിന്റെ, ക്ഷേമത്തിന്റെ, ജീവകാരുണ്യത്തിന്റെ ഒക്കെ മേഖലകളിൽ ജനഹൃദയത്തിൽ നിന്ന് മായാത്ത വിധം ആർദ്രമായ ഒരു അധ്യായം എഴുതിച്ചേർക്കാൻ നമുക്ക് കഴിഞ്ഞു. ഇത് സാക്ഷാത്കരിച്ചത് കേരള സാമൂഹ്യസുരക്ഷാമിഷനാണ്. ബധിര മൂകരായ 500 കുട്ടികളെ ശബ്ദത്തിന്റെയും കേഴ്വിയുടെയും ലോകത്തേക്ക് കൊണ്ടുവരാൻ കഴിഞ്ഞത് ലോകം അംഗീകരിച്ച നേട്ടമാണ്. 5 ലക്ഷം രൂപ ഓരോ കുട്ടിക്കും ചെലവിട്ട് സൗജന്യമായി നടത്തിയ ഈ കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതിക്ക് സമാനതകളില്ല. മാതാപിതാക്കൾ നഷ്ടമായി ഭാവിചോദ്യചിഹ്നമായ 50000 ൽ അധികം കുരുന്നുകൾക്കാണ് നമ്മൾ ഇപ്പോൾ സ്നേഹപൂർവം പദ്ധതിയിലൂടെ ഗാർഹികാന്തരീക്ഷത്തിൽ താമസിപ്പിച്ച് ഡിഗ്രിതലംവരെ സ്കോളർപ്പ് നൽകുന്നത്. ഇനിയും 30000 കുട്ടികളുടെ അപേക്ഷ കൂടി പരിഗണിച്ചു വരികയാണ്. സ്ഥിരം കിടപ്പിലായ 60000 പേരുടെ ജീവിതചര്യക്കാവശ്യമായ ശുശ്രൂഷ നൽകുന്നവർക്ക് ആശ്വാസകിരണമായി പ്രതിമാസം 525 രൂപ നൽകുന്ന പദ്ധതി മറ്റൊരിടത്തുമില്ല. കോഴിക്കോട്, മലപ്പുറം, തിരുവനന്തപുരം, കൊല്ലം നഗരങ്ങളിൽ ദിവസം തോറും ചികിത്സയിലുള്ള 5000 പേർക്ക് സൗജന്യ ഉച്ചഭക്ഷണം നൽകുന്നു. അവിവാഹിതരായ അമ്മമാർക്ക് സാന്ത്വനമായി പ്രതിമാസം 1000 രൂപയാണ് നൽകുന്നത്. അതിക്രമത്തിനിരയായി 'നിർഭയ' കേന്ദ്രങ്ങളിൽ പുനരധിവസിക്കപ്പെട്ട കുട്ടികൾ ഇനിമേൽ മേൽവിലാസമില്ലാത്തവരാവില്ല. അവർക്ക് തുടർ വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും നൽകി ഐറ്റി ഉൾപ്പെടെയുള്ള മേഖലയിൽ ജോലി നേടിക്കൊടുത്ത് പൊതുധാരയിൽ അവരും ഉണ്ടാവും. നമ്മുടെ ജീവകാരുണ്യ പദ്ധതികൾ കേരള സമൂഹം ഒന്നാകെ ഏറ്റെടുക്കുകയാണ്. അതിനായി 2 ലക്ഷം സന്നദ്ധവോളന്റിയർമാർ ഉൾക്കൊള്ളുന്ന 'വീകെയർ വോളന്റിയർ കോർ' എന്ന ജീവകാരുണ്യ സന്നദ്ധശൃംഖല 24 മണിക്കൂറും സഹായമെത്തിക്കുന്ന പ്രസ്ഥാനമായി 2016 ജനുവരി 26 ന് യാഥാർത്ഥ്യമാവുന്നു. കേഴ്വി-സംസാരശേഷിയില്ലാത്തവരുടെ ഉന്നതപഠനത്തിനും ഗവേഷണ ത്തിനുമായി 'നിഷ' സർവകലാശാലയാകുന്നു. 'ഷീടാക്സി' ക്ക് ശേഷം നമ്മൾ 'ഷീബസ്സു'കൾ ആരംഭിക്കുകയാണ്.

30 ലക്ഷത്തിലധികം അതിദരിദ്രരായവർക്ക് സാമൂഹ്യക്ഷേമ പെൻഷനുകൾ ഓരോ മാസവും 5-ാം തീയതിക്ക് മുമ്പായി സ്വന്തം അക്കൗണ്ടുകളിൽ എത്തിക്കുന്ന പദ്ധതിക്ക് നമ്മൾ തുടക്കമിട്ടു. പ്രതിമാസം 213 കോടി രൂപയാണ് പെൻഷൻ നൽകുക.

കേരളത്തിന്റെ നിശബ്ദ ദു:ഖമായ കുഞ്ഞ് ഷഫീക്ക് ഇന്ന് സംരക്ഷണയുടെയും വാത്സല്യത്തിന്റെയും ലോകത്തിലാണ്. അവൻ ഒരു പ്രതീകമായി കേരള മനസ്സാക്ഷിക്ക് മുന്നിൽ എന്നുമുണ്ടാവും.

മനുഷ്യസ്നേഹത്തിന്റെ ഉദാത്ത മാതൃകകൾ പാറശ്ശാലയിലെ നീലകണ്ഠശർമ്മയുടെയും കായംകുളത്തെ പ്രണവിന്റെയും കുടുംബാംഗങ്ങളിലൂടെ നമ്മൾ കണ്ടു. കൂടപ്പിറപ്പില്ലെങ്കിൽ പ്പോലും സഹോദരങ്ങൾക്ക് ജീവൻ പകുത്തു നൽകി യാത്രയായ അവർക്ക് പിന്നിൽ ജാതിയോ മതമോ ഇല്ലായിരുന്നു. ഉണ്ടായിരുന്നത് സ്നേഹം എന്ന മനുഷ്യനെ ഒന്നായിക്കാണുന്ന വികാരം മാത്രം, മനുഷ്യമഹത്വത്തിന്റെ ഇത്തരം മഹാമാതൃകകളായ ഉറ്റവരെ സാമൂഹ്യനീതി ദിനത്തിൽ സർക്കാർ പ്രത്യേകം ആദരിക്കുമെന്ന് പ്രഖ്യാപിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. സ്നേഹത്തിന്റെ മറ്റൊരു മുഖമാണ് 'സുലൈമാനി' ഭക്ഷണം. ഈ പദ്ധതി കേരളത്തിൽ ഒട്ടാകെ സാമൂഹ്യനീതി വകുപ്പിന്റെയും കുടുംബശ്രീയുടെയും ഹോട്ടൽ ഉടമകളുടെയും സഹകരണത്തോടെ വ്യാപിപ്പിക്കും. കേരളീയ പാചക പാരമ്പര്യം കുടുംബശ്രീയിലൂടെ അന്യരാജ്യങ്ങളിൽ പ്രചരിപ്പിക്കും. കേരളത്തെ സമ്പൂർണ്ണ വികലാംഗ സൗഹൃദമാക്കും. ഓടിക്കാൻ കഴിവുള്ള ഭിന്നശേഷിക്കാർക്കെല്ലാം ത്രിചക്ര മോട്ടോറൈസ്ഡ് സ്കൂട്ടറുകൾ നൽകും.

ഇനിയും അനേകം വിശ്വസഞ്ചാരികൾ ഈ മനോഹരതീരത്തേക്ക് വന്നണയും. അവർക്ക് കൈമാറാൻ പഴയ വീരകഥകൾക്ക് ഒപ്പം മറ്റൊരു ഇതിഹാസമായിരിക്കണം ഇനി ഇവിടെ ഇതൾ വിരിയേണ്ടത്. വികസനത്തിന്റെ ഒരു പച്ചത്തുരുത്ത് ദർശിക്കണമെങ്കിൽ, ക്ഷേമപ്രവർത്തനങ്ങളുടെ സാഫല്യം തൊട്ടറിയണമെങ്കിൽ സ്നേഹത്തിന്റെ പൊന്നിൻനൂലിൽ കോർത്ത ജനസഞ്ചയത്തെ കാണണമെങ്കിൽ നിങ്ങൾ പോകേണ്ടത് അവിടെ കേരളത്തിൽ മാത്രം എന്ന് നാളെ ലോകം പറയണം. ഡോ.എ.പി.ജെ.അബ്ദുൾകലാം ഉപദേശിച്ചപോലെ അഗ്നിച്ചിറകിൽ പറന്ന് സൂര്യതേജസ്സ് പ്രസരിപ്പിക്കണമെങ്കിൽ സൂര്യനെപ്പോലെ കത്തിയെരിയണം. ഇതിനർത്ഥം ഇച്ഛാശക്തിയോടെ പ്രവർത്തിക്കണം എന്നാണ്. ഒരു നവകേരളസൃഷ്ടിക്കായി, നവഭാരത സൃഷ്ടിക്കായി, ഒരു പുതിയ ആകാശത്തിനും പുതിയ ഭൂമിക്കുമായി ഒരുമയോടെ മുന്നേറാം എന്ന് ഈയവസരത്തിൽ നമുക്ക് പ്രതിജ്ഞയെടുക്കാം.

ഹൃദ്യമായ ഓണാശംസകൾ !

ഡോ. ബുഷ്റ ബീഗം ആർ. കെ.

കലാം! അനശ്വരമായ അഗ്നി ചിറകുകൾ





ശാസ്ത്രജ്ഞനായ ആദ്യത്തെ രാഷ്ട്രപതി, രാജ്യതന്ത്രജ്ഞനും വിദ്യാഭ്യാസ വിചരക്ഷനുമായ രാഷ്ട്രപതി യുവതലമുറയെ സ്വപനം കാണുവാനും രാജ്യത്തിന് വേണ്ടി കഠിനാദ്ധ്വാനം ചെയ്യുവാനും പ്രേരിപ്പിച്ച രാഷ്ട്രപതി. തുടങ്ങിയ വിശേഷണങ്ങൾക്ക് ഒറ്റ ഉത്തരമേ ഉള്ളൂ ഡോ. എ.പി.ജെ അബ്ദുൾ കലാം.

അദ്ദേഹത്തിന്റെ കാലത്ത് രാഷ്ട്രപതി ഭവൻ ഒട്ടേറെ മാറ്റങ്ങൾക്ക് സാക്ഷിയായി. തന്റെ ഭരണം കൂടുതൽ ജനങ്ങൾക്കിടയിലേക്കെത്തണം എന്ന ലക്ഷ്യം അദ്ദേഹത്തെ ജനങ്ങളുടെ പ്രസിഡന്റ് (Peoples President) എന്ന വിശേഷണത്തിന് അർഹനാക്കി. രാഷ്ട്രപതി ഭവനിലെ മുഗൾ ഉദ്യാനം ജനങ്ങൾക്കായി തുറന്നുകൊടുത്തത് ജനങ്ങളുമായി നേരിട്ട് സംവദിക്കാൻ നിയമങ്ങൾ ലഘൂകരിച്ചതും അദ്ദേഹത്തെ കൂടുതൽ ജനകീയമാക്കി. ഒപ്പം ചർച്ചകളും വിവാദങ്ങളും ഡോ. കലാമിന്റെ ഭരണകാലത്ത് സംഭവിച്ചിട്ടുണ്ട്. ദയാഹർജ്ജികളിൽ തീരുമാനമെടുക്കാത്തതും, 2005ൽ ബീഹാറിൽ പ്രസിഡൻഎറ് ഭരണം ഏൽപ്പെടുത്തിയതും ഇവയിൽ ചിലതാണ്. രാഷ്ട്രപതിയായിരുന്നപ്പോൾ സമ്മർദ്ധങ്ങളിൽപ്പെടാതിരുന്ന അദ്ദേഹം പദവി 'റബ്ബർ സ്റ്റാമ്പ്' അല്ലെന്ന് തെളിയിച്ചു. രാഷ്ട്രപതിയായിരിക്കെ തന്നെ ബുദ്ധിമുട്ടിച്ച സന്ദർഭം പാർലമെന്റ് അംഗങ്ങൾ മറ്റ് പദവികൾ സ്വീകരിക്കുന്നതുമായി (Office of profit bill) ബന്ധപ്പെട്ടതാണ്.

രാഷ്ട്രപതി പദവിക്കുശേഷം തന്റെ സമയത്തിന്റെ വലിയൊരു പങ്ക് അദ്ധ്യാപനത്തിനായി ചിലവഴിച്ച് അദ്ദേഹം ഷില്ലോംങ്, അഹമ്മദാബാദ് തുടങ്ങിയ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ടുകളിലെ അദ്ധ്യാപകനായും ബാംഗ്ലൂർ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസസിലെ ചാൻസലറായും പ്രവർത്തിച്ചു. ഐ.ഐ.എസ്.ടി , തിരുവനന്തപുരം, അണ്ണാ യൂണിവേഴ്സിറ്റി, ഹൈദരാബാദ് ഇന്റർ നാഷ്ണൽ ഇൻസ്റ്റിറ്റ്യൂട്ട് , ബനാറസ് ഹിന്ദു സർവ്വകലാശാല എന്നിവിടങ്ങളിൽ അദ്ദേഹം സേവനം അനുഷ്ടിച്ചു. കൂടാതെ വിദേശ സർവ്വകലാശാലകളിലും അദ്ധ്യാപനത്തിന് സമയം കണ്ടെത്തി.

2011-ൽ കൂടംകുളം ആണവനിലയത്തിന് അനുകൂലമായി അദ്ദേഹം സ്വീകരിച്ച നിലപാട് ജനങ്ങൾക്കിടയിൽ പ്രതിഷേധത്തിന് ഇടയാക്കി. കലാമിലേക്ക് ലോകത്തെ ആകർഷിച്ച ഘടകങ്ങൾ ലാളിത്യവും സത്യസന്ധതയുമായിരുന്നു. യന്ത്രങ്ങളോടൊപ്പം ജീവിതം ചിലവഴിച്ച അദ്ദേഹത്തിന് സ്വന്തമായി ടി.വി, കാർ, തുടങ്ങിയ ആധുനിക സൗകര്യങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല. ഇതിൽ കൂടുതൽ അദ്ദേഹത്തിന്റെ ലാളിത്യത്തിന് മറ്റെന്ത് തെളിവ് വേണം.

ഇസ്ലാമിക ഗ്രന്ഥങ്ങൾക്കൊപ്പം തന്നെ ഭഗവദ്ഗീതയും സ്വായത്തമാക്കിയ അദ്ദേഹം ഭാരതമതേതരത്വത്തിന്റെ പ്രതീകമായിരുന്നു. വികസനോൻമുഖമായ ഇന്ത്യയുടെ ഭാവി സ്വപ്നം കണ്ട് നിരവധി പുസ്തകങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. 'ഇന്ത്യ 2020'യിൽ ഇന്ത്യയെ അറിവിന്റെ ശക്തി കേന്ദ്രമായും വികസിത രാഷ്ട്രമായും മാറ്റുന്നതിന് വേണ്ടിയുള്ള നിർദ്ദേശങ്ങൾ അദ്ദേഹം മുന്നോട്ട് വെയ്ക്കുന്നു. കൃഷി-ഭക്ഷ്യസംസ്കരണം, വിദ്യാഭ്യാസം, ആരോഗ്യം, ഇൻഫർമേഷൻ, വൈദ്യുതി, ഗതാഗത സൗകര്യങ്ങൾ, ആധുനിക സാങ്കേതിക വിദ്യയിൽ സ്വാശ്രയത്വം കൈവരിക്കേണ്ട ആവശ്യകത എന്നിവയാണ് അദ്ദേഹത്തിന്റെ രചനകളുടെ കാതൽ.

40ൽ പരം സർവ്വകലാശാലകൾ അദ്ദേഹത്തിന് ഓണററി ഡോക്ടറേറ്റ് നൽകി ആദരിച്ചിട്ടുണ്ട്. ഒരു ലക്ഷത്തോളം കുട്ടികളുമായി സംവദിച്ചിട്ടുള്ള ഡോ. കലാം പുതുതലമുറയോടൊപ്പം ചെലവഴിക്കാനാണ് ഏറെ ഇഷ്ടപ്പെട്ടിരുന്നത്. അവരെ ഭാവനയുടെ അഗ്നി ചിറകിലേറി സ്വപ്നങ്ങളിലേക്ക് പറക്കാൻ നിരന്തരം പ്രാരിപ്പിച്ച കലാം യുവാക്കളുടെ എക്കാലത്തേയും പ്രതീക്ഷയായിരുന്നു അദ്ദേഹത്തിന്റെ ജൻമദിനമായ ഒക്ടോബർ 15 യുവതയുടെ നവോത്ഥാന ദിനമായി (Youth Renaissanc day) തമിഴ്നാട് ആഘോഷിക്കുന്നു.

തലമുറകളെ പ്രചോദിപ്പിച്ച അദ്ദേഹത്തിന്റെ ചില വചനങ്ങളിതാ

“ജീവിതത്തിൽ വിജയം ആസ്വദിക്കാൻ മനുഷ്യർക്ക് പ്രയാസങ്ങൾ ആവശ്യമാണ്.”

(Man needs difRculties in life, because they are necessary to enjoy success)

“സൂര്യനെപ്പോലെ പ്രകാശിക്കുവാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ ആദ്യം വേണ്ടത് സൂര്യനെപ്പോലെ കത്തിയെരിയുക എന്നതാണ്.”

(If you want to shine like a sun, Rrst burn like a sun)

ISRO, DRDO എന്നിവിടങ്ങളിലെ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ ഇന്ത്യയെ ശാസ്ത്ര-സാങ്കേതികരംഗത്ത് വികസിതരാഷ്ട്രങ്ങൾക്കൊപ്പം എത്തിച്ചു. ക്രാന്തദർശിയായ ഈ ശാസ്ത്രജ്ഞനെ അതുകൊണ്ടു തന്നെ ലോകം ഇന്ത്യയുടെ 'മിസൈൽമാൻ' എന്നു വിളിച്ചു.

ഇന്ത്യൻ വിവരസാങ്കേതിക വിദ്യയുടെ വളർച്ചയിൽ അദ്ദേഹം പ്രതീക്ഷാനിർഭരനായിരുന്നു. ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിൽ

ഐ.ടി. യുടെ സംഭാവന ഭാരതത്തെ മറ്റ് രാഷ്ട്രങ്ങൾക്കൊപ്പം എത്തിക്കുമെന്ന് അദ്ദേഹം പ്രതീക്ഷിച്ചു. സെൽഫോൺ വിൽപ്പനയിലുണ്ടായ വളർച്ച, ഏറ്റവും കുറഞ്ഞ നിരക്കിൽ ഫോൺ സൗകര്യം, എല്ലാ ഗ്രാമീണർക്കും നൽകാൻ കഴിഞ്ഞത്, ആരോഗ്യ രംഗത്തെ കുതിച്ചു ചാട്ടം, പ്രത്യേകിച്ചും ഹൈദരബാദ് നൈസാം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിന്റെ 'Stent' (ഹൃദയത്തകരാറുകൾ പരിഹരിക്കുന്നതിന് വേണ്ടി വച്ചു പിടിപ്പിക്കുന്ന ഉപകരണം) കണ്ടുപിടിത്തം രാജ്യത്തെ ലക്ഷക്കണക്കിനാളുകൾക്ക് ഉപയോഗപ്പെടുന്ന ഒന്നാണ്. തെരഞ്ഞെടുപ്പ് സംവിധാനം, ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രം ഉപയോഗിച്ച് ചെയ്തുവരുന്നത് ഏറ്റവും വലിയ ജനാധിപത്യ രാജ്യത്തെ ഏറ്റവും വലിയ തെരഞ്ഞെടുപ്പ് സംവിധാനമായും കലാം വിലയിരുത്തുന്നു. ന്യൂക്ലിയർ സയൻസിന്റെ വികസനം, മറ്റ് ശാസ്ത്രമേഖലയിലുണ്ടായ പുരോഗതി, ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് രാജ്യത്തെ നിരവധി നരവംശശാസ്ത്രജ്ഞരുമായി ചേർന്ന് പ്രത്യേകമായി 4000 ജനിതക അടയാളങ്ങൾ (Genetic Markers) കണ്ടെത്തുകയുണ്ടായി. ഇതിൽ നിന്നും HIV-AIDSനെ പ്രതിരോധിക്കാൻ കഴിവുള്ള ഒറ്റ ജീൻ പോലും കണ്ടെത്താൻ കഴിഞ്ഞില്ല എന്നുള്ളതും ഈ പഠനത്തിന്റെ ഏറ്റവും വലിയ കണ്ടുപിടിത്തമായി കലാം പറയുന്നു. നമ്മുടെ രാജ്യത്തിന്റെ ഭക്ഷ്യ - സാമ്പത്തിക, ദേശീയ സുരക്ഷയ്ക്ക് ഏറ്റവും പ്രധാനമായി ഗ്രാമങ്ങളുടെ വളർച്ചയ്ക്കാണ് കലാം ഊന്നൽ കൊടുത്തത്. പുര (PURA - Provision of Urban Amenities in Rural Areas) നഗരങ്ങളിലെ സൗകര്യങ്ങൾ ഗ്രാമീണർക്കും ലഭ്യമാക്കുന്ന സംവിധാനം വളരെ ഫലം ചെയ്യുമെന്ന് അദ്ദേഹം കണക്ക് കൂട്ടി. ദേശീയ വരുമാന നിരക്ക് കൂടിയിട്ടുണ്ടെങ്കിലും ഇത് ഗ്രാമ - നഗര ജനജീവിതത്തെ കാര്യമായി സ്വാധീനിച്ചിട്ടില്ലെന്ന് അദ്ദേഹം വാദിക്കുന്നു.

ദേശീയ അഭിവൃദ്ധി സൂചിക (NPI) അളക്കാൻ ഉപയോഗിക്കുന്ന മാനദണ്ഡങ്ങളോടൊപ്പം ഒത്തൊരുമയുടെ സന്ദേശവും മൂല്യാധിഷ്ഠിത വികസനവും കലാം വിഭാവന ചെയ്യുന്നു. ഇതിലൂടെ സാമൂഹിക വിവേചനങ്ങളെ ഇല്ലാതാക്കാനും തുല്യത ഉറപ്പുവരുത്താനും അതുവഴി കെട്ടുറപ്പുള്ള സമൂഹം കെട്ടിപ്പെടുക്കാനും അദ്ദേഹം പ്രത്യാശിക്കുന്നു. ഇത് സാധ്യമാക്കാൻ അദ്ദേഹം മുന്നോട്ട് വച്ച ആശയമാണ് വിഷൻ 2020. അതായത് 2020, ആകുന്നതിന് മുമ്പ് സുരക്ഷിതവും സമൃദ്ധിയും ഉറപ്പാക്കുന്ന ഭാരതത്തെ നിർമ്മിക്കാൻ നാമെല്ലാം പ്രതിജ്ഞാബന്ധരാണെന്ന് നിരന്തരം നമ്മെ ഓർമ്മിപ്പിച്ചുകൊണ്ട് 2015, ജൂലൈ 27 ന് ഡോ. എ.പി.ജെ. അബ്ദുൾ കലാം യാത്രയായി.

ലക്ഷക്കണക്കിന് യുവജനങ്ങളെ സ്വപ്നം കാണാൻ പഠിപ്പിച്ച, ജനഹൃദയങ്ങളിൽ സ്ഥാനം ഉറപ്പിച്ച ശാസ്ത്രത്തെ ജനകീയമാക്കിയ, കുട്ടികളെ ചോദ്യം ചോദിക്കാൻ പഠിപ്പിച്ച, അദ്ധ്യാപനത്തിന്റെ മഹത്വത്തെക്കുറിച്ച് എന്നിലെ അദ്ധ്യാപികയെ പ്രചോദിപ്പിച്ച ആ മഹാനുഭാവന് പ്രണാമം അർപ്പിച്ചുകൊണ്ട്.. ◆

ലേഖിക കേരള സർവ്വകലാശാല സോഷ്യോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറാണ്

സ്വാതന്ത്ര്യദിന ചിന്തകൾ

കെ. ശശിധരൻ നായർ

നമുക്ക്, ഭാരതത്തിന് സ്വാതന്ത്ര്യം ലഭിച്ചിട്ട് 68 വർഷം പൂർത്തിയാവുകയാണ്, 69-ാം സ്വാതന്ത്ര്യദിനമാണ് നാം സമുചിതമായി ആഘോഷിക്കുന്നത്. ഈ അവസരത്തിൽ ഓർക്കാനും ഓർമ്മയിൽ വയ്ക്കാനും വളരെയേറെ കാര്യങ്ങളുണ്ട്.

വിദേശ അധിനിവേശത്തിന്റെ പിടിയിലമർന്ന് തകർന്ന് തരിപ്പണമായ ഒരിന്ത്യയാണല്ലോ നമുക്ക് സ്വാതന്ത്ര്യത്തോടൊപ്പം ലഭിച്ചത്. എങ്ങും കടുത്ത ദാരിദ്ര്യവും വർഗ്ഗീയ കലാപങ്ങളും. പടിഞ്ഞാറും കിഴക്കും ചിറകരിയപ്പെട്ട ഒരിന്ത്യ. സ്വാതന്ത്ര്യം എന്ന വികാരത്തിനപ്പുറം നമുക്ക് സന്തോഷിക്കാൻ ഒന്നുമുണ്ടായിരുന്നില്ല എന്ന് പറയുന്നതാകും കൂടുതൽ ശരി. പലതരം ജാതികൾ, മതങ്ങൾ, ഗോത്രങ്ങൾ, വേഷങ്ങൾ, ഭാഷകൾ പലതരം ഭൂപ്രകൃതി, പലതരം നാട്ടുരാജ്യങ്ങൾ, ഭരണ സംവിധാനങ്ങൾ, പലതരം സംസ്കാരങ്ങൾ എന്തുകൊണ്ടും വൈവിധ്യമാർന്ന ഒരു രാഷ്ട്രം അതാണ് ഇന്ത്യ. ഈ നാനാത്വത്തിലെ ഏകത്വമാണ് ഈ മണ്ണിന്റെ ആത്മാവ്. ഇത് സംരക്ഷിച്ച് മുന്നോട്ടുപോകുവാനുള്ള ബാദ്ധ്യതയാണ് ഓരോ ഭാരതീയനുമുള്ളത്.

നാനാവിധത്തിലായിരുന്ന ഇന്ത്യയിലെ പട്ടിണിക്കാരനെയും അർദ്ധപട്ടിണിക്കാരനെയും തന്റെ പിന്നിലണി നിരത്തി കേവലം സഹനവും അഹിംസയുംകൊണ്ട് സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്വത്തെ ഭാരതത്തിന്റെ മണ്ണിൽ നിന്നും കെട്ടുകെട്ടിച്ച അർദ്ധനഗ്നനായ ഫക്കീറിനെ-മഹാത്മജിയെ നമുക്ക് സ്വാതന്ത്ര്യദിനത്തോടൊപ്പം സ്മരിക്കാം. അദ്ദേഹത്തോടൊപ്പം തോളോടുതോൾ ചേർന്ന് പോരാടിയ ധീരവിപ്ലവകാരികളായ സ്വാതന്ത്ര്യസമര സേനാനികളെയും സ്വാതന്ത്ര്യസമരത്തിൽ വീരമൃത്യു വരിച്ച എല്ലാ ധീരദേശാഭിമാനികളെയും

ഈ അവസരത്തിൽ സ്മരിക്കാം.

ചിന്നിച്ചിതറിക്കിടന്ന നാട്ടുരാജ്യങ്ങളെ ഒന്നുചേർത്ത് ഒരു ഇന്ത്യൻ യൂണിയൻ കെട്ടിപ്പടുക്കുകയും, ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകരിച്ച് ജനാധിപത്യ ഭരണത്തിലേക്കും അതുവഴി പുരോഗതിയിലേക്കും നയിച്ച നമ്മുടെ രാഷ്ട്രശിൽപ്പികളെയും ഈ അവസരത്തിൽ സ്മരിക്കുകയാണ്.

1949 നവംബർ മാസം 26-ാം തീയതിയാണ് ഇന്ത്യൻ യൂണിയന് ഒരു ഭരണഘടനയുണ്ടായത്. 1950 ജനുവരി മാസം 26-ാം തീയതിയാണ് ഇന്ത്യയെ ഒരു പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി പ്രഖ്യാപിക്കപ്പെട്ടത്.

നമ്മുടെ ഭരണഘടനയുടെ ആമുഖം – ഇപ്രകാരമാണ്

ഭാരതത്തിലെ ജനങ്ങളായ നാം ഭാരതത്തെ ഒരുപരമാധികാരസ്ഥിതി സമത്വ മതേതര ജനാധിപത്യറിപ്പബ്ലിക്കായി സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം:

സാമൂഹ്യവും സാമ്പത്തികം രാഷ്ട്രീയവും ആയ നീതിയും:

ചിന്തയ്ക്കും ആശയ പ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള സ്വാതന്ത്ര്യവും;

പദവിയിലും അവസരത്തിലും സമത്വവും; സംപ്രാപ്തമാക്കുവാനും;

അവർക്കെല്ലാമിടയിൽ

വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പുവരുത്തിക്കൊണ്ട് സാഹോദര്യം പുലർത്തുവാനും;

സഗൗരവം തീരുമനിച്ചിരിക്കയാൽ;

നമ്മുടെ ഭരണഘടനാ നിർമ്മാണ സഭയിൽ ഈ 1949 നവംബർ ഇരുപത്താറാം ദിവസം ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്ക് തന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.

ഭാരതത്തിന്റെ ഭരണഘടനയുടെ ജീവാത്മാവ് എന്ന് പറയുന്നത് എന്താണെന്ന് ഭരണഘടനയുടെ ആമുഖത്തിൽ നിന്നുതന്നെ ആർക്കും വായിച്ചെടുക്കാൻ കഴിയുന്നതാണ്. ഇത് വാക്കിലും അർത്ഥത്തിലും സംരക്ഷിക്കപ്പെടേണ്ട ചുമതല നമുക്കുള്ളതാണ്. ഇതിന് നമ്മുടെ ജനാധിപത്യഭരണ സംവിധാനങ്ങളെ നിർബന്ധിതമാക്കേണ്ട ചുമതലയും നമ്മിൽ നിക്ഷിപ്തമാണ്.

സ്വതന്ത്ര്യ ഇന്ത്യ

ഉടുതുണിക്ക് മറുതുണി ഇല്ലാതെയും പട്ടിണിമാറ്റാൻ ഒരു നേരത്തെ ഭക്ഷണം പോലുമില്ലാതെയും ബഹുഭൂരിപക്ഷം സാധാരണക്കാരും അടിമത്തവും പീഢനവും സഹിച്ച് ജീവിച്ചിരുന്ന സമയത്താണ് നമുക്ക് സ്വാതന്ത്ര്യം ലഭിച്ചത്. അവിടെ നിന്ന് തുടങ്ങിയതാണ് പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിലുള്ള ജനാധിപത്യഭരണം. കഴിഞ്ഞ 67 വർഷമായി ഇന്ത്യയിലെ ഭരണാധികാരികൾ എന്ത് ചെയ്യുകയായിരുന്നുവെന്ന് പ്രസംഗവേദികളിലും വാർത്താചാനലുകളിലും പലരും ചമഞ്ഞൊരുങ്ങിയിരുന്ന് ചോദിക്കുന്നുണ്ട്. ഇത് നമ്മുടെ ജനാധിപത്യ രാഷ്ട്രത്തെ അപമാനിക്കുന്നതിന് തുല്യമാണ്. 1947 ലെ ഇന്ത്യയിൽ നിന്നും നാം ഇന്ന് വളരെയേറെ മുന്നോട്ട് കുതിച്ചിരിക്കുന്നു. പല കാര്യങ്ങളിലും പോരായ്മകളുണ്ടെങ്കിലും നാം വികസിത രാജ്യങ്ങൾക്കൊപ്പം ഇന്ന് മുന്നിൽ തന്നെയാണ്. പഞ്ചവത്സരപദ്ധതികളിലൂടെയും ഹരിത വിപ്ലവത്തിലൂടെയും, ധവള വിപ്ലവത്തിലൂടെയും ബാങ്ക് ദേശസാൽക്കരണത്തിലൂടെയും, ശാസ്ത്രസാങ്കേതിക വിദ്യയിലൂടെയും, വിവരസാങ്കേതിക വിദ്യയിലൂടെയും ബഹിരാകാശ ഗവേഷണ ദൗത്യങ്ങളിലൂടെയും അടിസ്ഥാന സൗകര്യ വികസനത്തിലൂടെയും മറ്റും ഏറെ പുരോഗതി നേടിയിട്ടുണ്ട്. ഇന്ന് ലോകത്ത് ഏറ്റവും കൂടുതൽ മനുഷ്യവിഭവശേഷിയുള്ള രാജ്യവും ഇന്ത്യയാണ്. വൻശക്തികളോടൊപ്പം നിൽക്കാനുള്ള കരുത്ത് ഇന്ന് ഇന്ത്യയ്ക്കുണ്ട്. ലോകത്തിന്റെ എല്ലാ മേഖലകളിലും ഇന്ത്യാക്കാർ സേവനമനുഷ്ഠിക്കുന്നത് നാം കണ്ണുതുറന്ന് കാണുകതന്നെവേണം. എല്ലാം തികഞ്ഞുവെന്നല്ല ഇത് പൊതുവായ ഒരു കാഴ്ചപ്പാടാണ്. നമ്മോടൊപ്പം സ്വാതന്ത്ര്യം നേടിയ രാജ്യങ്ങളുടെ സ്ഥിതികൂടെ ഇവിടെ ഓർക്കണം.

ബ്രിട്ടൻ ഇന്ത്യയിലെത്തിയ

പ്പോൾ ലോകസമ്പദ്‌വ്യവസ്ഥയിൽ ഇന്ത്യയുടെ പങ്ക് 23 ശതമാനമായിരുന്നെങ്കിൽ നമുക്ക് സ്വാതന്ത്ര്യം നൽകി അവർ തിരിച്ചുപോകുമ്പോൾ നമ്മുടെ പങ്ക് രണ്ടു ശതമാനത്തിൽ കുറവായിരുന്നുവെന്നാണ് കരുതപ്പെടുന്നത്. ബ്രിട്ടീഷ് ഭരണകാലത്ത് 15 ദശലക്ഷത്തിനും 20 ദശലക്ഷത്തിനുമിടയിൽ ഇന്ത്യാക്കാർ പട്ടിണിമൂലം മരണപ്പെട്ടു. രണ്ടാം ലോകമഹായുദ്ധകാലത്ത് ബംഗാളിൽ മാത്രം 4 ദശലക്ഷം പേർ പട്ടിണിമൂലം മരിച്ചു. ബംഗാളിലെ ജനങ്ങൾക്ക് അവകാശപ്പെട്ട ഭക്ഷണം അവർക്ക് നൽകാതെ ബ്രിട്ടന് ഭാവിയിൽ ഉപയോഗിക്കാൻ മാറ്റിവെയ്ക്കപ്പെട്ടതാണ് ഇതിന് കാരണം. ഇത് ശരിയല്ലെന്ന് ബ്രിട്ടീഷുകാർ തന്നെ ചൂണ്ടിക്കാട്ടിയപ്പോൾ അന്നത്തെ ബ്രിട്ടന്റെ പ്രധാനമന്ത്രി വിൻസ്റ്റൺ ചർച്ചിൽ ഫയലിൽ കുറിച്ചത് “എന്തുകൊണ്ടാണ് ഗാന്ധി ഇതുവരെ മരിക്കാത്തത് എന്നാണ്. (ഡോ. ശശി തരൂർ എം.പി. ഓക്സുഫെഡ് സർവ്വകലാശാല സൊസൈറ്റിയിൽ നടത്തിയ പ്രസംഗത്തിൽ നിന്ന് മലയാള മനോരമ)

എന്നാൽ ഇതിനെയെല്ലാം നിഷ്പ്രഭമാക്കുന്ന രീതിയിൽ നമ്മുടെ നാട് വിവാദ-ആരോപണ-പ്രത്യാരോപണ വ്യവസ്ഥവും വ്യക്തിഹത്യകളും നടത്തുകയാണ്. അഴിമതിക്കെതിരെ നടപടി വേണ്ടതുതന്നെ. അതിനിവിടെ വ്യവസ്ഥാപിതമായ നിയമവ്യവസ്ഥകളുണ്ട്. അത് പോരെങ്കിൽ പാർലമെന്റിനും നിയമസഭകൾക്കും നിയമനിർമ്മാണം നടത്താനുള്ള അധികാരമുണ്ട്. ജനാധിപത്യവ്യവസ്ഥയിൽ ചർച്ചകളിലൂടെയും സമവായത്തിലൂടെയും ആണ് പരിഹാരം കാണേണ്ടത്. എന്നാൽ രാഷ്ട്രീയതിപ്രസരം പല കാര്യങ്ങൾക്കും തടസ്സം നിൽക്കുകയാണ്. ഇന്ന് നമ്മുടെ പാർലമെന്റും പല നിയമസഭകളും മാതൃകാപരമാണെന്ന് പറയാൻ ബുദ്ധിമുട്ടുണ്ട്. മാത്രമല്ല, ഈ പ്രവണത യുവജനതയെ വഴിതെറ്റിക്കാനും ഇടവരുത്തുന്നുണ്ട്. ഇത് തിരിച്ചറിയാൻ ഇനിയും വൈകുന്നത് അപകടകരമാണ്.

നമ്മുടെ ഭരണഘടന വിഭാവനം ചെയ്യുന്ന ജനാധിപത്യവും മതേതരത്വവും സ്ഥിതിസമത്വവും ഉറപ്പ് വരുന്നതിനും രാജ്യപുരോഗതിക്കുമായി മാത്രം തങ്ങളിൽ നിക്ഷ്പ്തമായ അധികാരങ്ങൾ ഉപയോഗിക്കുന്നതാകും ഉചിതം. ഇത് അവരുടെ മഹത്വം വർദ്ധിപ്പിക്കുകയേയുള്ളൂ.

കേന്ദ്രസംസ്ഥാന-പ്രാദേശിക സർക്കാരുകളിൽ പ്രവർത്തിക്കുന്നവർക്ക് ഭരണനിർവ്വഹണ കാര്യങ്ങളിൽ ഭരണഘടനയുടേയും നിയമങ്ങളുടേയും ചട്ടങ്ങളുടേയും സംരക്ഷണവും പിൻബലവും നൽകുന്നുണ്ട്. എന്നാൽ ചില മേഖലകളിൽ നിർവ്വഹണാധികാരികളും ജനപ്രതിനിധികളും തങ്ങളുടെ അപ്രമാദിത്വം പ്രകടിപ്പിക്കാൻ ഈ സംരക്ഷണം ചൂഷണം ചെയ്യുന്നുണ്ട് എന്ന് കരുതേണ്ടി വരുന്നു. നമ്മുടെ ഭരണഘടന എല്ലാ പൗരന്മാർക്കും തുല്യാവകാശമാണ് നൽകുന്നത്. ഭരണനിർവ്വഹണത്തിനുമാത്രമാണ് സംരക്ഷണം. അതിനാൽ നമ്മുടെ ഭരണഘടന വിഭാവനം ചെയ്യുന്ന ജനാധിപത്യവും മതേതരത്വവും സ്ഥിതിസമത്വവും ഉറപ്പ് വരുന്നതിനും രാജ്യപുരോഗതിക്കുമായി മാത്രം തങ്ങളിൽ നിക്ഷ്പ്തമായ അധികാരങ്ങൾ ഉപയോഗിക്കുന്നതാകും ഉചിതം. ഇത് അവരുടെ മഹത്വം വർദ്ധിപ്പിക്കുകയേയുള്ളൂ.

ഭരണനിർവ്വഹണ കാര്യങ്ങൾ മാത്രമല്ല, കോടതി നടപടികൾ വരെ നമ്മുടെ മാധ്യമങ്ങൾ ലൈവ് ചർച്ചകൾ നടത്തുന്നുണ്ട്. മാധ്യമങ്ങളുടെ കിടമത്സരം ഗുണത്തേക്കാളേറെ ദോഷം ചെയ്യുന്നു എന്ന് പറയാതെ വയ്യ. നമ്മുടെ രാജ്യത്തിന്റെ മേന്മയ്ക്കാണ് ഇതിലൂടെ ഇടിവ് സംഭവിക്കുന്നത്. ഇതിനൊക്കെ ഒരു സ്വയം നിയന്ത്രണം ഏർപ്പെടുത്തുന്നത് ഗുണകരമാകും എന്ന് കരുതുന്നു.

രണ്ടോ മൂന്നോ അംഗങ്ങളുള്ള ഒരു വീട്ടിൽ പോലും എല്ലാവർക്കും തൃപ്തികരമായ രീതിയിൽ പ്രവർത്തിക്കാനോ, നിയന്ത്രിക്കാനോ കഴിയുന്നില്ല. കുടുംബാംഗങ്ങൾ തമ്മിലുള്ള കേസുകളാണ് കോടതികളിൽ കൂടുതലായെത്തുന്നത്. അതിനാൽ ഇത്രയും വൈവിദ്ധ്യമുള്ള ഈ രാജ്യത്ത് എല്ലാരെയും തൃപ്തിപ്പെടുത്തുന്ന ഒരു ഭരണം ആര് വിചാരിച്ചാലും നടക്കില്ല. പോരായ്മകളുണ്ടാകും. ഇത് സാധൂകരിക്കുന്നില്ല.

അതിനാൽ ഗൗരവമുള്ള കാര്യങ്ങൾ ഭരണപ്രതിപക്ഷഭേദമെന്യേ സമാധാനപരമായ ചർച്ചയിലൂടെ സമവായത്തിലെത്തുന്നതാകും ജനനന്മയ്ക്ക് കൂടുതൽ ഉചിതം.

പ്രാദേശിക സർക്കാരുകൾ

ഭാരതം ഗ്രാമങ്ങളുടെ നാടാണ്. ഭാരതത്തിന്റെ ആത്മാവ് ഗ്രാമങ്ങളിലാണെന്നും ഗ്രാമങ്ങൾ വളർന്നാലെ ഭാരതം വളരുകയുള്ളൂവെന്നും സ്വയം പര്യാപ്ത ഗ്രാമസങ്കൽപ്പമായ ഗ്രാമസ്വരാജാണ് ഇതിനു പരിഹാരമെന്നും മഹാത്മജി നമ്മെ ഉദ്ബോധിപ്പിച്ചു. വേദകാലം മുതൽക്കുതന്നെ ജനപങ്കാളിത്ത ഭരണവ്യവസ്ഥ ഭാരതത്തിന്റെ പല പ്രദേശങ്ങളിലും നിലനിന്നിരുന്നുവെന്ന് സൂചകങ്ങളുണ്ട്. നീതിന്യായം വരെ ഗ്രാമക്കൂട്ടങ്ങൾ നടത്തിവന്നിരുന്നു. എന്നാൽ ഒന്നിനും ഏകീകൃതസ്വഭാവം ഉണ്ടായിരുന്നില്ല. ബ്രിട്ടീഷ് ഭരണമാണ് നമ്മുടെ വ്യവസ്ഥാപിത ഭരണസമ്പ്രദായങ്ങളെ തകർത്തെറിയുകയും ഭിന്നിപ്പിച്ച് ഭരിക്കുന്ന സമ്പ്രദായം സ്വീകരിക്കുകയും ചെയ്തത്. നമ്മുടെ ഗ്രാമഭരണത്തെക്കുറിച്ച് ഗവർണർ ജനറലിന്റെ കൗൺസിലിൽ അംഗമായിരുന്ന സർ ചാൾസ് മെറ്റ് കാഫ് രേഖപ്പെടുത്തിയിട്ടുള്ളത് ഇപ്രകാരമാണ്.

"ഗ്രാമസമുദായങ്ങൾ ചെറു റിപ്പബ്ലിക്കുകളായിരുന്നു. അവയ്ക്ക് വേണ്ടതെല്ലാം അവയ്ക്കുള്ളിൽ തന്നെയുണ്ടായിരുന്നു. രാജവംശങ്ങൾ ഓരോന്നായി മറിഞ്ഞുവീഴുകയും വിപ്ലവം ഉണ്ടാവുകയും ചെയ്തു. ഹിന്ദുവും പത്താനും മുഗളനും മറാത്തിയും, ഇംഗ്ലീഷുകാരും എല്ലാം ഒന്നിനുപുറകേ ഒന്നായി യജമാനന്മാരായി. പക്ഷേ ഗ്രാമസമുദായം അതേപടി നിലനിന്നു. ലഹളക്കാലത്ത് അവ സ്വയം സ്വായുധമായി കോട്ട കെട്ടി നിന്നു."

"ഒന്നിനുപുറകേ ഒന്നായി വിദേശീയാക്രമണങ്ങൾ ഭാരതത്തിന്റെ മേൽ ചുറ്റിയടിച്ചെങ്കിലും ഗ്രാമപഞ്ചായത്തുകൾ കുശപ്പുല്ലുപോലെ മണ്ണിൽ ഉറച്ചുനിന്നു." എന്നാണ് ചാറൽസ് ട്രവലിയൻ രേഖപ്പെടുത്തിയിട്ടുള്ളത്.

ഗ്രാമഭരണത്തിൽ നമുക്ക് അഭിമാനിക്കാവുന്ന മാതൃകകൾ ഇവിടെ നിലനിന്നിരുന്നുവെന്നാണ് ചരിത്രം രേഖപ്പെടുത്തിയിട്ടുള്ളത്. സ്വാതന്ത്ര്യത്തിന് മുൻപും പിൻപും ഇവിടെ ഗ്രാമഭരണം സജീവമായി നിലനിന്നിരുന്നു.

ഗ്രാമഭരണം കേരളത്തിൽ

1940 ലെ ട്രാവൻകൂർ വില്ലേജ് യൂണിയൻ ആക്ട്, 1922 ലെ കൊച്ചിൻ പഞ്ചായത്ത് റെഗുലേഷൻ, 1884 ലെ മദ്രാസ് ലോക്കൽ ബോഡീസ് ആക്ട്, 1950 ലെ തിരുവിതാംകൂർ-കൊച്ചിൻ പഞ്ചായത്ത് ആക്ട്, 1950 ലെ മദ്രാസ് വില്ലേജ് പഞ്ചായത്ത് ആക്ട് എന്നിവ അടിസ്ഥാനമാക്കിയുള്ള ഭരണസമ്പ്രദായമാണ് തിരുവിതാംകൂർ-കൊച്ചി-മലബാർ പ്രദേശങ്ങളിൽ കാലാകാലങ്ങളിൽ നിലവിലുണ്ടായിരുന്നത്. 1956ൽ കേരള സംസ്ഥാനം ഭാഷാടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ടു.

ഒന്നാം പഞ്ചവത്സരപദ്ധതിക്കാലത്ത് കേന്ദ്രസർക്കാൻ വികസന ബ്ലോക്കുകൾ വഴി നടപ്പിലാക്കിവന്നിരുന്ന സാമൂഹ്യപദ്ധതികളെയും ദേശീയവികസന സർവ്വീസിനേയും കുറിച്ച് പഠിക്കാൻ നിയുക്തമായ ബൽവന്ത്റായ് മേത്താ കമ്മിറ്റി. ജനപങ്കാളിത്തമില്ലാത്തതാണ് കേന്ദ്രപദ്ധതികൾക്ക് ഉദ്ദേശിച്ച ഫലം സിദ്ധിക്കാതെ പോയതെന്ന് കണ്ടെത്തി. ഇതിന് പരിഹാരമായി ത്രിതല പഞ്ചായത്ത് ഭരണസംവിധാനം രൂപീകരിക്കണമെന്നും ഇവയ്ക്ക് പ്രവർത്തിക്കാനാവശ്യമായ അധികാരവും വിഭവവും ലഭ്യമാക്കണമെന്നും ശുപാർശ ചെയ്തു. കേന്ദ്രസർക്കാർ ഇത് അംഗീകരിക്കുകയും ഇത് നടപ്പിലാക്കുന്നതിനായി സംസ്ഥാന സർക്കാരുകൾക്ക് അയച്ച് കൊടുക്കുകയും ചെയ്തു. ഭരണഘടനയുടെ നിർദ്ദേശക തത്വങ്ങളിൽ 40-ാം അനുഛേദം അനുസരിച്ച് സംസ്ഥാന സർക്കാരുകൾക്കാണ് പഞ്ചായത്തുകൾ സംഘടിപ്പിക്കാൻ അധികാരം നൽകിയിട്ടുള്ളത്. ഈ ശുപാർശയും 1957 ൽ സംസ്ഥാന സർക്കാർ നിയമിച്ച ഭരണപരിഷ്ക്കാര കമ്മിഷന്റെയും ശുപാർശകളെ അടിസ്ഥാനമാക്കി നിർമ്മിക്കപ്പെട്ട 1960 ലെ കേരളപഞ്ചായത്ത് ആക്ടാണ് കേരളത്തിൽ ഗ്രാമതല പഞ്ചായത്ത് ഭരണത്തിന് ഏകീകൃത സ്വഭാവമുണ്ടാക്കിയത്. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് പുരോഗമന സ്വഭാവമുള്ള ഭരണ സംവിധാനമാണ് കേരളത്തിൽ നിലവിൽ വന്നത്. 1964 ൽ

(ശേഷം 22-ാം പേജിൽ

പ്രദീപ് രാമൻ **ഭാഗം – 2**

ഗാന്ധി പിറന്നത് ദക്ഷിണാഫ്രിക്കയിൽ!

"അള്ളാ മഹാനും കാരുണ്യാവാനുമാകുന്നു. പണം വന്നുകൊള്ളും. ആളുകൾ വേണ്ടിടത്തോളം ഇവിടെയുണ്ട്. നിങ്ങൾ താമസിക്കാമെന്ന് സമ്മതിച്ചാൽ മാത്രം മതി. ബാക്കിയെല്ലാം അപ്പോൾ ശരിയായിക്കൊള്ളും. ആ യാത്രയയപ്പ് സമ്മേളനം അങ്ങനെ ഒരു പ്രവർത്തക സമിതിയായി മാറി. കോളനികാര്യങ്ങൾക്കായുള്ള സ്റ്റേറ്റ് സെക്രട്ടറി റിപ്പൺപ്രഭുവിന് ഒരു ഭീമഹർജി സമർപ്പിക്കുവാനും തീരുമാനിച്ചു. ഇതിൻപ്രകാരം പതിനായിരത്തിലേറെ പേരുടെ ഒപ്പുകൾ ശേഖരിച്ചിരുന്നു. ഇന്ത്യയിലെ പൊതുസമൂഹത്തിന് നേറ്റാളിലെ അവസ്ഥയെക്കുറിച്ച് ആദ്യമായി പരിചിതമാക്കിക്കൊടുത്തത് ഇതിലൂടെയാണ്. ഇന്ത്യയിലെ 'ടൈംസ് ഓഫ് ഇന്ത്യ'യും ലണ്ടനിലെ 'ലണ്ടൻ ടൈംസും' വലിയ പിന്തുണയാണ് ഇക്കാര്യത്തിൽ നൽകിയത്.

നേറ്റാളിലെ സുപ്രീം കോടതിയിൽ പ്രാക്ടീസ് ചെയ്യാനുള്ള ഗാന്ധിയുടെ അപേക്ഷയെ അവിടുത്തെ അഭിഭാഷകരുടെ സംഘടന എതിർത്തു. പക്ഷെ ആ എതിർപ്പ് തള്ളിക്കളഞ്ഞുകൊണ്ട് ചീഫ് ജസ്റ്റീസിന്റെ പ്രതികരണം ഇങ്ങനെയായിരുന്നു. "അപേക്ഷകൻ ഇംഗ്ലീഷ് സർട്ടിഫിക്കറ്റ് വച്ചിട്ടില്ലായെന്ന ആക്ഷേപത്തിൽ കഴമ്പില്ല. അദ്ദേഹം തെറ്റായ സത്യവാങ്മൂലമാണ് നടത്തിയിരിക്കുന്നതെങ്കിൽ എതിരായ നടപടികൾ എടുക്കാം. കുറ്റക്കാരനാണെന്ന് തെളിഞ്ഞാൽ അദ്ദേഹത്തിന്റെ പേര് രജിസ്റ്ററിൽ നിന്ന് നീക്കുകയും ചെയ്യാം. വെള്ളക്കാരും കറുത്തവരും നിയമത്തിന്റെ മുമ്പിൽ തുല്യരാണ്. അതിനാൽ മി. ഗാന്ധി അഡ്വക്കേറ്റായി പ്രവേശിക്കുന്നത് തടയാൻ കോടതിക്ക് അധികാരമില്ല. അദ്ദേഹത്തിന്റെ അപേക്ഷയെ ഞങ്ങൾ അനുവദിക്കുന്നു. മി. ഗാന്ധി, നിങ്ങൾക്കിപ്പോൾ പ്രതിജ്ഞയെ

ടുക്കാം. അപ്പോൾത്തന്നെ ഗാന്ധി രജിസ്ട്രാറുടെ മുമ്പിൽ പ്രതിജ്ഞയെടുക്കുകയും ചെയ്തു.

നിയമ സംഘടനയുടെ ഗാന്ധിയോടുള്ള എതിർപ്പ് ദക്ഷിണാഫ്രിക്കയിൽ ഗാന്ധിക്ക് മറ്റൊരു പരസ്യംകൂടിയായി. അവിടെയും അഭിഭാഷകവൃത്തിയിൽ മാത്രം കേന്ദ്രീകരിച്ച് ജീവിതം തള്ളിനീക്കാൻ ഗാന്ധി കൂട്ടാക്കിയില്ല. നെറ്റാളിലെ ജീവിതം ക്രിയാത്മകമായിത്തന്നെ മുന്നോട്ടു കൊണ്ടുപോകാൻ ഗാന്ധി തീരുമാനിച്ചു. വോട്ടവകാശ ബില്ലിനെ സംബന്ധിച്ച് ഹർജി അയച്ചതുകൊണ്ട് മാത്രം കാര്യമുണ്ടായിരുന്നില്ല. തുടർ സമരവും നടത്തേണ്ടിയിരുന്നു. അതിനായി ഒരു സ്ഥിരം സംഘടന ഉണ്ടാക്കണമെന്ന് ആലോചിച്ചു. സേഠ് അബ്ദുള്ളയുടെയും മറ്റ് സുഹൃത്തുക്കളുടെയും പിന്തുണയോടെ ഒരു പൊതുസംഘടന രൂപീകരിക്കാൻ തീരുമാനിച്ചു. സംഘടനയുടെ പേര് കണ്ടുപിടിക്കാൻ കൂലങ്കഷമായ ചർച്ചതന്നെ വേണ്ടി വന്നു. അതിനോടകം ഇന്ത്യയുടെ ആത്മാവായി മാറിക്കഴിഞ്ഞ കോൺഗ്രസ്സിന് കൂടുതൽ പ്രസിദ്ധി നൽകാൻ തന്നെ അവസാനം തീരുമാനിച്ചു. അങ്ങനെ നെറ്റാൾ ഇന്ത്യൻ കോൺഗ്രസ് നിലവിൽ വന്നു. ലളിതമായൊരു ഭരണഘടനയും സാമ്പത്തിക സ്രോതസ്സും രൂപപ്പെടുത്തി. ഗാന്ധിജി സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. ഈ സംഘടനയുടെ ആഭിമുഖ്യത്തിൽ കോളോണിയൽ ബോൺ ഇന്ത്യൻ എജ്യൂക്കേഷണൽ അസ്സോസിയേഷൻ എന്ന പ്രസ്ഥാനവും രൂപവൽക്കരിച്ചു. അഭ്യസ്തവിദ്യരായ യുവജനങ്ങളായിരുന്നു ഇതിലെ അംഗങ്ങളേറെയും. നെറ്റാളിലെ സ്ഥിതിഗതികൾ ഇംഗ്ലണ്ടിലെയും ദക്ഷിണാഫ്രിക്കയിലെയും ഇന്ത്യയിലെയും ബഹുജനങ്ങളിൽ എത്തിക്കുക എന്നതായിരുന്നു കോൺഗ്രസ്സിന്റെ പ്രചാരണ ലക്ഷ്യം. ഇതിന്റെ ഭാഗമായി രണ്ട് ലഘുലേഖകൾ ഗാന്ധി എഴിതി. ദക്ഷിണാഫ്രിക്കയിലെ എല്ലാ ബ്രിട്ടീഷുകാരോടുമുള്ള ഒരപേക്ഷ (An appeal to every Britain in South Africa)ഇത് നെറ്റാളിലെ ഇന്ത്യാക്കാരുടെ ജീവിതത്തിനു നേരെ പിടിച്ച ഒരു കണ്ണാടിയായിരുന്നു. ഇന്ത്യൻ വോട്ടവകാശം-ഒരപേക്ഷ എന്ന തലക്കെട്ടിലുള്ളതായിരുന്നു മറ്റൊന്ന്. നെറ്റാളിലെ ഇന്ത്യാക്കാരുടെ വോട്ടവകാശത്തിന്റെ ചരിത്രവും മറ്റ് സ്ഥിതി വിവരക്കണക്കുകളും ഉൾപ്പെടുത്തി ഇതിൽ സംഗ്രഹിച്ചു.

നിയമ സംഘടനയുടെ ഗാന്ധിയോടുള്ള എതിർപ്പ് ദക്ഷിണാഫ്രിക്കയിൽ ഗാന്ധിക്ക് മറ്റൊരു പരസ്യംകൂടിയായി. അവിടെയും അഭിഭാഷകവൃത്തിയിൽ മാത്രം കേന്ദ്രീകരിച്ച് ജീവിതം തള്ളിനീക്കാൻ ഗാന്ധി കൂട്ടാക്കിയില്ല. നെറ്റാളിലെ ജീവിതം ക്രിയാത്മകമായിത്തന്നെ മുന്നോട്ടു കൊണ്ടുപോകാൻ ഗാന്ധി തീരുമാനിച്ചു.

ഈ ലഘുലേഖകൾ വ്യാപകമായി വിതരണം ചെയ്യപ്പെട്ടു. ഈ പ്രവർത്തനങ്ങളെല്ലാം ഇന്ത്യാക്കാർക്ക് ദക്ഷിണാഫ്രിക്കയിൽ ധാരാളം സുഹൃത്തുക്കളെ നേടുന്നതിനും ഇന്ത്യയിലെ എല്ലാ കക്ഷികളുടെയും അനുകമ്പ സമ്പാദിക്കുന്നതിനും സഹായകമായി. പരിശുദ്ധ ഹൃദയത്തിന്റെ അചഞ്ചലവും ആത്മാർത്ഥവുമായ ആഗ്രഹം എക്കാലവും സാക്ഷാൽക്കരിക്കപ്പെടുകതന്നെ ചെയ്യുമെന്ന് സ്വന്തം അനുഭവത്തിന്റെ വെളിച്ചത്തിൽ ഗാന്ധി തിരിച്ചറിഞ്ഞ നാളുകളായിരുന്നു അവ. പാവങ്ങൾക്കുവേണ്ടിയുള്ള സേവനത്തിനായി സമർപ്പിതമാണ് തന്റെ ജീവിതവും ലക്ഷ്യവുമെന്ന് ഗാന്ധി വിശ്വസിച്ചു. നെറ്റാൾ ഇന്ത്യൻ കോൺഗ്രസ്സിൽ കോളനിയിലെ ഇന്ത്യാക്കാരും ഗുമസ്ഥൻമാരും ഉൾപ്പെട്ടിരുന്നുവെങ്കിലും കൂലിപ്പണിക്കാർ, കരാർ ജോലിക്കാർ എന്നീ അടിസ്ഥാന വിഭാഗങ്ങളൊന്നും തുടക്കത്തിൽ ഉണ്ടായിരുന്നില്ല.

അധ്വാനിക്കുന്നവരോടുള്ള അനുകമ്പ

ബാലസുന്ദരം എന്ന ഒരു തമിഴൻ കരഞ്ഞുവിറച്ചുകൊണ്ട് ഗാന്ധിയുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. അയാളുടെ വസ്ത്രങ്ങൾ കീറിപ്പറി

ഞ്ഞിരിക്കുന്നു. അയാളുടെ ശിരോവസ്ത്രം മടക്കി കൈയിൽ വച്ചിട്ടുണ്ട്. ആ മനുഷ്യന്റെ മുൻവശത്തെ രണ്ടു പല്ലുകൾ തകർന്ന് വായിൽ നിന്ന് രക്തം വാർന്നൊഴുകുന്നുണ്ട്. ഡർബനിൽ അറിയപ്പെടുന്ന ഒരു യൂറോപ്യന്റെ കീഴിൽ കരാർ ജോലി ചെയ്യുകയായിരുന്നു ബാലസുന്ദരം. കോപാകുലനായ യജമാനൻ അയാളെ ശക്തിയായി അടിച്ച് പല്ല് കൊഴിച്ചു.

ഉടൻതന്നെ ഗാന്ധി അയാളെ വെള്ളക്കാരനായ ഒരു ഡോക്ടറെ കാണിച്ചു. ഗാന്ധി ഡോക്ടറിൽ നിന്നും പരിക്കുകളെ സംബന്ധിക്കുന്ന ഒരു സർട്ടിഫിക്കറ്റും വാങ്ങി നേരെ മജിസ്ട്രേറ്റിന്റെ മുമ്പിൽ ബാലസുന്ദരത്തെ ഹാജരാക്കി മൊഴിയെടുപ്പിച്ചു. മജിസ്ട്രേറ്റ് ആ മുതലാളിക്ക് സമൻസ് അയച്ചു. മറ്റൊരാളിന്റെ ജോലിക്കാരനായി മാറുക എന്നതു മാത്രമേ ബാലസുന്ദരത്തിന്റെ രക്ഷയ്ക്കായി പോംവഴിയുണ്ടായിരുന്നുള്ളൂ. അങ്ങനെ പുതിയൊരു മുതലാളിയെ ഗാന്ധി തന്നെ കണ്ടെത്തി ബാലസുന്ദരത്തിന് ജോലിയും ജീവിതവും ഉറപ്പിച്ചു. ഈ സംഭവം കരാർ തൊഴിലാളികൾക്കിടയിൽ ഗാന്ധിക്ക് നല്ല സ്വീകാര്യത ഉണ്ടാക്കി.

കരാർ ജോലിക്കാരുടെ ഒരു പ്രവാഹം തന്നെ ഗാന്ധിയുടെ ഓഫീസിലേക്കും ഉണ്ടായി. ഇങ്ങനെ അവരുടെയെല്ലാം പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കാൻ അവസരമൊരുക്കുകയും ചെയ്തു.

നേറ്റാൾ ഗവണ്മെന്റ് ഇന്ത്യാ ഗവണ്മെന്റുമായി ഉണ്ടാക്കിയ വ്യവസ്ഥ പ്രകാരം ഇന്ത്യൻ ജോലിക്കാരെ അവിടുത്തെ പഞ്ചസാരമില്ലുകളിലേക്ക് കൊണ്ടുവരാനുള്ള തീരുമാനമുണ്ടായി. ഇങ്ങനെ ജോലിക്ക് വരുന്നവർ അഞ്ച് വർഷം നേറ്റാളിൽ ജോലിചെയ്തുകൊള്ളാമെന്ന കരാർ ഒപ്പിടണമായിരുന്നു. ആ കാലാവധി തീരുമ്പോൾ അവർക്കവിടെ സ്ഥിരതാമസമാക്കുന്നതിനും പൂർണാവകാശത്തോടെ സ്ഥലം വാങ്ങുന്നതിനും സ്വാതന്ത്ര്യം നൽകണമെന്നായിരുന്നു വ്യവസ്ഥ. ഈ വിട്ടുവീഴ്ച വെള്ളക്കാർ ചെയ്തതുതന്നെ കരാർ കാലാവധിക്കുശേഷവും ഇന്ത്യാക്കാരുടെ അധ്വാനശക്തി അവർക്ക് ചൂഷണം ചെയ്യാമെന്ന ദുഷ്ടലാക്കോടെയായിരുന്നു വെന്നും ഗാന്ധി ഇന്ത്യാക്കാരെ ബോധ്യപ്പെടുത്തി.

ഇന്ത്യക്കാർ പ്രതീക്ഷിച്ചതിലധികം വരുമാനമുണ്ടാക്കി. കൃഷിയിലും കച്ചവടത്തിലും അവർ വ്യാപൃതരായി. പലരും സ്ഥലം വാങ്ങി കെട്ടിടം പണിതു. തൊഴിലാളികൾ എന്ന അവസ്ഥയിൽ നിന്നും അവർ വീടിന്റെയും കൃഷിയിടത്തിന്റെയും ഉടമകളായി മാറി. ഇതുകണ്ട് മറ്റനേകം ഇന്ത്യാക്കാരും നേറ്റാളിലെത്തി. വ്യാപാരകാര്യങ്ങളുമായി ഇടപെട്ട് ജീവിക്കാൻ തുടങ്ങി. ഇക്കാരണത്താൽ ഇന്ത്യാക്കാരോട് വെള്ളക്കാർ കടുത്ത വിദ്വേഷം വച്ച് പുലർത്തിയിരുന്നു.

വോട്ടവകാശ നിരോധനബിൽ, നികുതി ബിൽ തുടങ്ങിയ നിയമനിർമ്മാണങ്ങളിൽ ഈ വിദ്വേഷം പ്രകടവുമായിരുന്നു. ഇതുകൂടാതെ മറ്റുതരം ദ്രോഹങ്ങളുമുണ്ടായിരുന്നു. ആദ്യത്തെ നിർദ്ദേശം, കരാർ കാലാവധി ഇന്ത്യയിൽവച്ച് തീരത്തക്കവണ്ണം നേരത്തെ തിരിച്ചയയ്ക്കണമെന്നായിരുന്നു. പ്രധാനമായും കാലാവധി തീരുമ്പോൾ മറ്റവകാശവാദങ്ങളൊന്നുമില്ലാതെ കരാർ ജോലിക്കാരൻ ഇന്ത്യയിലേക്ക് മടങ്ങണമെന്ന് നിഷ്ക്കർഷിച്ചു. അല്ലെങ്കിൽ രണ്ടുവർഷം കൂടുമ്പോൾ പുതിയ കരാർ ഒപ്പിടണം. അങ്ങനെയെങ്കിൽ കൂലിയിൽ ചെറിയ വർധന ഉണ്ടാകും. ഇവ രണ്ടും അംഗീകരിക്കാത്തവർ പ്രതിവർഷം 25 പവൻ നികുതി അടയ്ക്കണമെന്നും കരാർ വ്യവസ്ഥയിലുണ്ടായിരുന്നു.

ഈ പ്രശ്നത്തിൽ നെറ്റാൾ ഇന്ത്യൻ കോൺഗ്രസ്സ് മൗനം പാലിച്ചിരുന്നുവെങ്കിൽ വൈസ്രോയി 25 പവൻ തന്നെ അംഗീകരിക്കുമായിരുന്നു. 25 ൽ നിന്ന് മൂന്ന് പവനായി കുറച്ചത് കോൺഗ്രസ്സ് പ്രക്ഷോഭം കൊണ്ടുമാത്രമെന്ന് പറയാം. ഈ സമരത്തിൽ കരാർ ജോലിക്കാർ പൂർണ്ണമായും പങ്കെടുത്തിരു



ന്റെ പുസ്തകവും പ്രവാചകനെപ്പറ്റി കാർലെയ്ൻ എഴുതിയ പ്രശംസയും ഗാന്ധി വായിച്ചു.

'സരാതുഷ്ട്രയുടെ മൊഴികൾ' (The saying of Zarathushtra) എന്ന പുസ്തകവും അദ്ദേഹം വായിച്ചു. ടോൾസ്റ്റോയി കൃതികളുടെ ശ്രദ്ധാപൂർവ്വമായ പഠനവും അദ്ദേഹം ഇക്കാലയളവിൽ നടത്തിയിരുന്നു. അങ്ങനെ പല മതങ്ങളെക്കുറിച്ചുമുള്ള അറിവ് നേടുകയും ആത്മശുദ്ധി നല്ലതിനെ സ്വാംശീകരിക്കാനുപകരിക്കുകയും ചെയ്തു. ആ ദിവസങ്ങളിൽ ഭക്ഷണത്തിനുള്ള ക്ഷണവും സ്വീകരിച്ചു. എന്നാൽ പള്ളിയിലെ ആരാധനാ കർമ്മങ്ങൾ ഗാന്ധിയിൽ മതിപ്പുളവാക്കുന്നതായിരുന്നില്ല. മതപ്രസംഗങ്ങൾ ഒട്ടും തന്നെ പ്രേരണാശക്തിയുള്ളതായി തോന്നിയതുമില്ല. ഭക്താത്മാക്കളുടെ കൂട്ടായ്മയല്ല മറിച്ച് പള്ളിയിൽ വിനോദത്തിനും ആചാരപാലനത്തിനും പോകുന്ന ലൗകികൻമാരായിട്ടാണ് അവരെ കാണാൻ കഴിഞ്ഞത് - ഗാന്ധി സാക്ഷ്യപ്പെടുത്തുന്നു. പള്ളിയിലേക്ക് പോകുന്നത് അദ്ദേഹം ഉടൻ അവസാനിപ്പിക്കുകയും ചെയ്തു. താമസിച്ചിരുന്ന വീടിന്റെ ഉടമസ്ഥയായ സ്ത്രീയുമായി അദ്ദേഹം ബുദ്ധന്റെ കാരുണ്യത്തെക്കുറിച്ച് പറയുമായിരുന്നു. സർവ്വ ജീവജാലങ്ങളിലേക്കും വ്യാപിച്ചിരുന്ന ആ കാരുണ്യസ്പർശം യേശുവിനില്ലെന്നും ഗാന്ധി വാദിച്ചു. ഇത് സ്ത്രീയെ വല്ലാതെ വേദനിപ്പിച്ചു. ആ സ്ത്രീയുടെ മകനുമൊത്ത് ഭക്ഷണം കഴിക്കുന്നതിനിടയിൽ അവന്റെ പാത്രത്തിൽ കണ്ട ഇറച്ചിക്കഷ്ണത്തേക്കാൾ എത്രയോ നല്ലതാണ് ആപ്പിളെന്ന് ഗാന്ധി പറഞ്ഞപ്പോൾ കുട്ടി അത് അംഗീകരിച്ചുവെങ്കിലും ഗൃഹനായികയ്ക്ക് അത് ഒട്ടുംതന്നെ ഇഷ്ടമായില്ല. കുട്ടിയോട് സസ്യഭുക്കാകാൻ ഉപദേശിക്കരുത് എന്നുവരെ അവർ അദ്ദേഹത്തോട് പറയേണ്ടിവന്നു. ഇതിനെ തുടർന്ന് പരസ്പരം നന്ദിപറഞ്ഞ് അവിടുത്തെ വാസം അവസാനിപ്പിച്ചു. പ്രത്യേകിച്ച് ദൗത്യങ്ങളൊന്നും അവശേഷിക്കാതിരുന്നതിനാൽ 1896 മധ്യത്തോടെ ഗാന്ധി നാട്ടിലേക്ക് മടങ്ങി. ◆

(തുടരും)

ന്നു. ചിലർ അതിനിടയ്ക്ക് ഉണ്ടായ വെടിവയ്പ്പിൽ മരണമടഞ്ഞു. പതിനായിരത്തിലധികം പേർ തടവുശിക്ഷയും അനുഭവിച്ചു. സാമൂഹിക സേവനത്തിൽ പൂർണ്ണമായും മുഴുകിയിരുന്ന ഗാന്ധിയെയാണ് നാമവിടെ കണ്ടത്. ഇതിന്റെ പിന്നിലെ ചേതോവികാരമെന്തെന്ന് ഗാന്ധി വ്യക്തമാക്കിയതിങ്ങനെ "ആത്മസാക്ഷാൽക്കാരത്തിനുള്ള എന്റെ ആഗ്രഹവും ഉപാധിയുമാണ് സേവനം. ഈശ്വരസാക്ഷാത്ക്കാരം സേവനത്തിലൂടെ മാത്രമേ കഴിയൂവെന്ന് ഉറച്ച് വിശ്വസിച്ചിരുന്ന ഗാന്ധിസേവനത്തെ തന്റെ മതമായിട്ടാണ് കണ്ടത്.

മതാത്മക മൗലികത

ദക്ഷിണാഫ്രിക്കയിലെ ക്രൈസ്തവ സമൂഹത്തിനിടയിൽ കാര്യമായ സ്വാധീനം ഗാന്ധിക്കുണ്ടായിരുന്നു. ജനറൽ മിഷന്റെ തലവനായിരുന്ന സ്പെൻസർ വാൾട്ടൺ എന്ന പുരോഹിതനുമായി ഗാന്ധിക്കുണ്ടായിരുന്ന ആത്മബന്ധത്തെ ഇതിന്റെ നിദർശനമായി കാണാവുന്നതാണ്. സഹിഷ്ണുതയും ഔദാര്യവും സത്യവുമുള്ളിടത്ത് വ്യത്യാസങ്ങൾപോലും സഹായകമാകുമെന്ന് അവരുമായുള്ള സമ്പർക്കത്തിലൂടെ ഗാന്ധിക്ക് ബോധ്യപ്പെട്ടിരുന്നു. ഈ സൗഹൃദം മതത്തിലുള്ള ഗാന്ധിയുടെ താൽപ്പര്യത്തെ ഉണർത്തി. മതസംബന്ധമായ കത്തിടപാടിലൂടെ റായ്ചന്ദ്ഭായിയായിരുന്നു, ഇക്കാര്യത്തിൽ ഗാന്ധിയുടെ വഴികാട്ടി. നർമദാ ശങ്കറിന്റെ 'ധർമ്മവിചാർ' എന്ന പുസ്തകവും ഈ ദിശയിൽ നിർണായക സ്വാധീനം ചെലുത്തിയിരുന്നു. മാക്സ്മുള്ളറുടെ ഇന്ത്യക്ക് നമ്മെ എന്തു പഠിപ്പിക്കാൻ കഴിയും? (India what can it teach us) എന്ന പുസ്തകവും തിയോസഫിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യ പ്രസിദ്ധീകരിച്ച തർജ്ജമകളും വളരെ ഉത്സാഹത്തോടെയാണ് ഗാന്ധി ഗ്രഹിച്ചത്. എങ്കിലും അത് മറ്റ് മതങ്ങൾക്കെതിരായ മുൻവിധിയോ സ്പർധമോ ഗാന്ധിയിൽ ജനിപ്പിച്ചില്ല. 'മുഹമ്മദിന്റെയും അദ്ദേഹത്തിന്റെ പിൻഗാമികളുടെയും ജീവിതം' (Life of Muhamad and his successors) എന്ന വാഷിംങ്ടൺ ഇർവിങ്ങി

സമഗ്ര ആരോഗ്യ ശുചിത്വപരിപാടി ഡോക്യുമെന്റേഷൻ സി.ഡി. പ്രകാശനം ചെയ്തു

നെടിയിരുപ്പ് ഗ്രാമപഞ്ചായത്ത് ഭരണസമിതി ശുചിത്വവുമായി ബന്ധപ്പെട്ട് 'മഴയെത്തും മുമ്പെ' പകർച്ചവ്യാധി നിയന്ത്രണവും ശുചീകരണവുമായി വിവിധ രീതിയിലുള്ള നൂതന പദ്ധതികൾക്ക് തുടക്കം കുറിച്ചു.

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.സി. ഷീബയുടെ നേതൃത്വത്തിൽ പഞ്ചായത്തിലെ 16 കേന്ദ്രങ്ങളിൽ ശുചിത്വ ബോധവൽക്കരണ സന്ദേശയാത്ര നടത്തി. സന്ദേശയാത്ര വൻ ജനപങ്കാളിത്തത്തോടുകൂടിയാണ് നടത്തിയത്. സന്ദേശയാത്രയിൽ പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തിന്റെ ഭാഗമായി സൗജന്യ തുണിസഞ്ചി വിതരണം നടത്തി. പഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളിലേക്കും ശുചിത്വ സന്ദേശ കലണ്ടർ വിതരണം നടത്തി. ശുചിത്വ സന്ദേശ ജാഥയോടൊപ്പം ശുചിത്വ സന്ദേശ പാവനാടകം എല്ലാ കേന്ദ്രങ്ങളിലും നടത്തി. പൊതുസ്ഥലങ്ങളും, പൊതുസ്ഥാപനങ്ങളും ശുദ്ധീകരിച്ച് കൊണ്ടാണ് 16 കേന്ദ്രങ്ങളിൽ ജാഥയ്ക്ക് സ്വീകരണം നൽകിയത്. ശുചിത്വവുമായി ബന്ധപ്പെട്ട് 10 പ്രധാനപ്പെട്ട കാര്യങ്ങളടങ്ങിയ ലഘുലേഖകൾ മുഴുവൻ വീടുകളിലും വിതരണം ചെയ്തുമാണ് കാമ്പയിൻ അവസാനിച്ചത്. 3000ൽപരം ആളുകൾ പങ്കെടുത്ത ഈ പരിപാടിക്ക് ആവേശജനകമായ സ്വീകരണമാണ് ഓരോ കേന്ദ്രങ്ങളിലും ലഭിച്ചത്. ശുചിത്വ ബോധവൽക്കരണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ മുഴുവൻ വീടുകളും വ്യാപാര സ്ഥാപനങ്ങളും ശുചീകരിച്ച് കൊണ്ട് ഒരു അർദ്ധ ദിവസം കടകളടച്ച് നടത്തിയ ശുചിത്വഹർത്താൽ ഏറെ ശ്രദ്ധേയമായി.

നെടിയിരുപ്പ് ഗ്രാമപഞ്ചായത്ത് ഉറവിട മാലിന്യ സംസ്കരണത്തിന് രണ്ട് പദ്ധതികൾക്കാണ് 2014-15 ൽ തുടക്കം കുറിച്ചത്. കോഴിക്കോട് എയർപോർട്ട് അതോറിറ്റിയുടെ സഹായത്തോടുകൂടി 1055 വീടുകൾക്ക് സൗജന്യമായി പൈപ്പ് കമ്പോസ്റ്റ് വിതരണം ചെയ്തു. ഗ്രാമപഞ്ചായത്ത് പദ്ധതി ഉപയോഗിച്ചുകൊണ്ട് 100 വീടുകൾക്ക് പൈപ്പ് കമ്പോസ്റ്റും 26 വീടുകൾക്ക് ബയോഗ്യാസ് പ്ലാന്റും നൽകി. ഇത്തരത്തിലുണ്ടാകുന്ന വളം ഉപയോഗിച്ചുകൊണ്ട് എല്ലാ വീടുകളിലും അടുക്കളത്തോട്ടം നിർമ്മാണത്തിനും പദ്ധതികൾ ആവിഷ്ക്കരിച്ചു.

പൈപ്പ് കമ്പോസ്റ്റിന്റെ വിതരണോദ്ഘാടനം നഗരകാര്യ വികസന വകുപ്പ് മന്ത്രി മഞ്ഞളാംകുഴി അലി നിർവ്വഹിച്ചു. എം.എൽ.എ. കെ. മുഹമ്മദുണ്ണിഹാജി അദ്ധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, വൈസ്പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത് മെമ്പർ, ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ ജില്ലാ ശുചിത്വ മിഷൻ കോ-ഓർഡിനേറ്റർ തുടങ്ങിയവർ പങ്കെടുത്തു.

പൈപ്പ് കമ്പോസ്റ്റ് സ്ഥാപിക്കുന്നതിനെ കുറിച്ച് കുടുംബശ്രീ പ്രവർത്തകർക്ക് പ്രത്യേക പരിശീലനം നൽകി ജനപ്രതിനിധികളുടെ നേതൃത്വത്തിൽ വീടുകളിൽ സ്ഥാപിച്ച പൈപ്പുകൾ കൃത്യമായി മോണിറ്ററിംഗ് നടത്തി ഇത് വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിന് ഒരു നല്ല മുതൽക്കൂട്ടായി. വീടുകളിൽ അവശേഷിക്കുന്ന പ്ലാസ്റ്റിക് മാലിന്യം വൃത്തിയാക്കി സൂക്ഷിച്ച് കുടുംബശ്രീ പ്രവർത്തകരുടെ നേതൃത്വത്തിൽ ശേഖരിച്ച് പഞ്ചായത്ത് തലത്തിൽ പ്രകൃതിസേനയുടെ നേതൃത്വത്തിൽ വേർതിരിച്ച് സംസ്കരണ കേന്ദ്രത്തിൽ എത്തിച്ച് സംസ്ക്കരിക്കുന്നു.

പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പകർച്ചവ്യാധി നിയന്ത്രണ പദ്ധതിയുടെ ഭാഗമായി പ്രസിദ്ധീകരിച്ച 'അമൃത്' എന്ന കൈപ്പുസ്തകം ശുചിത്വവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിശദമായി വിവരിക്കുന്ന 3 DVD കളും 45 എണ്ണം വീഡിയോ ക്ലിപ്പുകളും അദ്ധ്യാപകർക്ക് വിതരണം ചെയ്തു. 3 മുതൽ 10 വരെയുള്ള ക്ലാസുകളിലെ പാഠഭാഗങ്ങൾ പഠിപ്പിക്കുന്നതിന് ഇത് അദ്ധ്യാപകർക്ക് ഏറെ ഗുണം ചെയ്യുന്നുണ്ട്.

പകർച്ചവ്യാധികൾ, മാലിന്യ പ്രശ്നങ്ങൾ-പരിഹാരങ്ങൾ, ജല സുരക്ഷ, ജീവിത ശൈലീ രോഗങ്ങൾ, ആരോഗ്യകരമായ ഭക്ഷണം, അടുക്കളയിലെ രസതന്ത്രം, പ്രഥമ ശുശ്രൂഷ എന്നീ വിഷയങ്ങളിൽ ലളിതവും, സമഗ്രവുമായ വിവരങ്ങൾ ഉൾക്കൊള്ളിച്ച് സ്കൂൾ കുട്ടികൾക്ക് പ്രായോഗിക പ്രവർത്തനങ്ങളും തയ്യാറാക്കിയിട്ടുണ്ട്. നെടിയിരുപ്പ് ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിവരുന്ന സമഗ്ര ശുചിത്വ യജ്ഞത്തിന്റെ ഭാഗമായി 2014-15 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് തയ്യാറാക്കിയ ഡോക്യുമെന്ററി സിഡി പ്രകാശനവും ആരോഗ്യ വാർത്താ പത്രികയുടെ പ്രകാശനവും കില ഡയറക്ടർ ഡോ. പി.പി. ബാലൻ നിർവ്വഹിച്ചു. ചടങ്ങിൽ പ്രസിഡന്റ് കെ.സി. ഷീബ അദ്ധ്യക്ഷത വഹിച്ചു. പകർച്ചാ വ്യാധികളെ അകറ്റി നിർത്തുന്നതിനും പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുന്നതിനും മാലിന്യ മുക്ത നിർമ്മൽ ഗ്രാമം എന്ന പേര് എന്നും നിലനിർത്തുന്നതിനു വേണ്ടി ഗ്രാമപഞ്ചായത്ത് ഭരണസമിതി ഏറ്റെടുത്ത് നടത്തുന്ന മഴക്കാല പൂർവ്വ ശുചീകരണം, കൊതുകു നശീകരണം, മാലിന്യ നിർമ്മാർജ്ജനം, ഓടകൾ വൃത്തിയാക്കൽ, വെള്ളക്കെട്ട് ഒഴിവാക്കൽ, ജലസ്രോതസ്സുകൾ സംരക്ഷിക്കൽ, ഡ്രൈഡേ ആചരിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് പൊതു ജനങ്ങളുടെ അകമഴിഞ്ഞ പ്രോത്സാഹനവും പിന്തുണയുമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ◆

നാദാപുരം ഗ്രാമപഞ്ചായത്തിന് വീണ്ടും ദേശീയ അവാർഡ്

നാദാപുരത്തിന് ഇന്ത്യയിലെ ഏറ്റവും മികച്ച ഗ്രാമപഞ്ചായത്തിനുള്ള ഗ്രാമസ്വരാജ് അവാർഡ് കൂടി ലഭ്യമായി. ഇന്ത്യയിലെ മികച്ച ഗ്രാമപഞ്ചായത്തിനുള്ള കേന്ദ്രസർക്കാരിന്റെ പഞ്ചായത്ത് സശാക്തീകരൺ അവാർഡിന് പിന്നാലെയാണ് ഈ അവാർഡ് ലബ്ധി. അക്കാദമി ഓഫ് ഗ്രാസ്റൂട്ട് സ്റ്റഡീസ് ആന്റ് റിസർച്ച് ഓഫ് ഇന്ത്യ (അഗ്രി) പ്രഖ്യാപിച്ച ഈ അവാർഡ് 2015 ആഗസ്റ്റ് 20ന് ആന്ധ്രപ്രദേശിലെ തിരുപ്പതി ഡർബാർ ഹാളിൽ വെച്ച് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സൂപ്പി നരിക്കാട്ടേരി ഏറ്റുവാങ്ങും.

കഴിഞ്ഞ ഒരു വ്യാഴവട്ടക്കാലം കൂട്ടായ്മയിലൂടെ നാദാപുരം ഗ്രാമപഞ്ചായത്ത് കൈവരിച്ച നേട്ടങ്ങൾ അനവധിയാണ്. 2014-15 ലെ കേരള സംസ്ഥാനത്തിലെ ഏറ്റവും മികച്ച ഗ്രാമപഞ്ചായത്തിനുള്ള അവാർഡ് കരസ്ഥമാക്കിയിരുന്നു. കേന്ദ്രസംസ്ഥാന സർക്കാരുകളുടെ അവാർഡുകൾ ലഭ്യമാകുന്നത് ഇത് 11-ാം തവണയാണ്. ഇച്ഛാശക്തിയുള്ള ഭരണസമിതിയും കർമ്മനിരതരായ ഉദ്യോഗസ്ഥരും സഹകരണ മനോഭാവമുള്ള ജനതയ്ക്കും ഒപ്പം മുമ്പിൽ നയിക്കാൻ ഊർജ്ജസ്വലനായ പ്രസിഡന്റും കമ്മിറ്റിയും ഉള്ളതാണ് ഈ വിജയത്തിന്റെ അടിസ്ഥാനം.

സേവനത്തിനുള്ള അന്താരാഷ്ട്ര നിലവാരമായ ISO സർട്ടിഫിക്കറ്റ് നേടിയ ഗ്രാമപഞ്ചായത്തുകളിൽ ഒന്നായി നാദാപുരം മാറിയപ്പോൾ അഭിമാനവും ആഹ്ലാദവും ഒപ്പം അംഗീകാരവുമായി മാറി. ഗ്രാമപഞ്ചായത്തിന്റെ വികസനത്തിന് മറ്റെല്ലാറ്റിനേയും പോലെ പ്രാധാന്യമുള്ളതാണ് പാശ്ചാത്തല വികസനം. പഞ്ചായത്തിന്റെ ഹൃദയഭാഗത്തായി കല്ലാച്ചി ടൗണിനോട് ചേർന്ന് നാല് നിലകളിലായി 4000 ഓളം ചതുരശ്രഅടി വിസ്തൃതിയിലുള്ള വിശാലമായ ഓഫീസ് സൗകര്യമുണ്ട്. കൂടാതെ കേരളത്തിൽ ആദ്യമായി 10 ലക്ഷം രൂപ ഉപയോഗിച്ച് തൊഴിലുറപ്പ് പദ്ധതിക്കായി രാജീവ്ഗാന്ധി സേവാഘർ. മൂന്ന് കോടി രൂപ ചെലവിൽ നിർമ്മിച്ച് നാദാപുരം ഗ്രാമ പഞ്ചായത്ത്-ഇൻഡോർ സ്റ്റേഡിയം കേരളത്തിലെ മറ്റൊരു പഞ്ചായത്തിനും അവകാശപ്പെടാനാവാത്തതാണ്. ചേലക്കാട് മിനി സ്റ്റേഡിയം ഗ്രാമപഞ്ചായത്ത് കാര്യാലയത്തോട് ചേർന്ന് 3 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന നാദാപുരം ഗ്രാമ പഞ്ചായത്ത്-കല്യാണമണ്ഡപത്തിന്റെ പ്രവൃത്തി അവസാനഘട്ടത്തിലാണ്. ഗ്രാമപഞ്ചായത്തിലെ നാദാപുരം, കല്ലാച്ചി ഗവ.യു.പി. സ്കൂളുകൾക്ക് 2 കോടി രൂപയുടെ കെട്ടിട നിർമ്മാണപ്രവൃത്തി പൂർത്തിയായി. കല്ലാച്ചി മാർക്കറ്റ് ഷോപ്പിംങ്ങ് കോംപ്ലക്സ്, നാദാപുരം മത്സ്യമാർക്കറ്റ് സംസ്കാരികനിലയം, കല്ലാച്ചിയിലും നാദാപുരത്തും പൊതു മൂത്രപ്പുരയും കക്കൂസും, പബ്ലിക് ലൈബ്രറി കെട്ടിടം, മൃഗാശുപത്രി, കൃഷിഭവൻ, ആയുർവേദ, ഹോമിയോ ഡിസ്പെൻസറി, ബി.ആർ.സി., പെയിൻ & പാലിയേറ്റീവ് യൂണിറ്റ്, കമ്മ്യൂണിറ്റിഹാൾ, 21 അംഗനവാടി കെട്ടിടങ്ങൾ എന്നിവ നിർമ്മിച്ചു.

നാദാപുരം ഗ്രാമപഞ്ചായത്തിൽ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ഫ്രണ്ട്ഓഫീസ് സംവിധാനം ഉണ്ട്. വിവിധ ആവശ്യങ്ങൾക്കായി വരുന്നവർക്ക് ഇരിക്കാനുള്ള സൗകര്യം, കുടിവെള്ളം, സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം ടോയ്‌ലറ്റ് സൗകര്യം, വികലാംഗർക്കുള്ള റാംമ്പ്, ടെലിവിഷൻ, ക്രമത്തിൽ വിളിക്കുന്നതിനായുള്ള ടോക്കൺ സമ്പ്രദായം മുതലായ എല്ലാ സൗകര്യങ്ങളും ശരിയാംവണ്ണം ചെയ്തിട്ടുണ്ട്. സേവന സന്നദ്ധരായ ജീവനക്കാരുടെ കൂട്ടായ്മയും അർപ്പണ ബോധവും പഞ്ചായത്തിന്റെ വികസനത്തിന് നല്ല പങ്ക് വഹിക്കുന്നു.



മുഴുവൻ ജീവനക്കാർക്കും കമ്പ്യൂട്ടർ സൗകര്യവും, ഗ്രാമപഞ്ചായത്തിനായി തയ്യാറാക്കിയ എല്ലാ സോഫ്റ്റ് വെയറുകളും പഞ്ചായത്തിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ജനന മരണ വിവാഹ രജിസ്ട്രേഷൻ പൂർണ്ണമായും കമ്പ്യൂട്ടറൈസ് ചെയ്തിട്ടുണ്ട്.

കഴിഞ്ഞവർഷം നാദാപുരം ഗ്രാമപഞ്ചായത്ത് സമ്പൂർണ്ണ പെൻഷൻ പഞ്ചായത്തായി പ്രഖ്യാപിക്കപ്പെട്ടു. ഏകദേശം 3000 ൽ അധികം പേർക്ക് വിവിധ ക്ഷേമപെൻഷനുകൾ ലഭിച്ചു വരുന്നു. ദാരിദ്ര്യ ലഘൂകരണം ലക്ഷ്യമിട്ടുകൊണ്ട് ശക്തവും വിപുലവുമായ കുടുംബശ്രീ സംവിധാനം പ്രവർത്തിക്കുന്നുണ്ട്. ഇന്ന് 400 ൽ അധികം കുടുംബശ്രീ അയൽക്കൂട്ടങ്ങളിലായി 6000 ൽ അധികം സ്ത്രീകൾ ഒരുമിക്കുന്നു.

വൃത്തിയും ശുചിത്വവും ഉള്ള ഒരു ചുറ്റുപാടിനു മാത്രമേ ആരോഗ്യമുള്ള സമൂഹത്തെ വാർത്തെടുക്കാൻ കഴിയുകയുള്ളൂ. മിക്ക പ്രാദേശിക ഭരണകൂടങ്ങളും ഇന്ന് അഭിമുഖീകരിക്കുന്ന ഗുരുതരമായ പ്രശ്നമാണ് ഖരമാലിന്യസംസ്കരണവുമായുള്ളത്. ഇവിടെ ആണ് മാലിന്യ സംസ്കരണത്തിലെ നാദാപുരം മോഡൽ പ്രസക്ത

മാവുന്നത്. പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലുള്ള ടൗണുകളിൽ നിന്നുമുള്ള ഖരമാലിന്യങ്ങൾ ശേഖരിച്ച് മാലിന്യ സംസ്കരണ പ്ലാന്റിൽ എത്തിച്ച് ജൈവ അജൈവ മാലിന്യങ്ങളായി വേർതിരിക്കുന്നു. മാലിന്യം ശേഖരിക്കുന്നതിനും വേർതിരിക്കുന്നതിനുമായി ഏതാണ്ട് 20 ഓളം തൊഴിലാളികൾ ദിവസവും ജോലി ചെയ്യുന്നു. ജൈവമാലിന്യങ്ങൾ വളമായി മാറ്റുകയും അജൈവമാലിന്യങ്ങൾ പുനഃസംക്രമണത്തിനായി നൽകുകയുമാണ് ചെയ്യുന്നത്, പഞ്ചായത്തിന്റെ നിയന്ത്രണത്തിലും മേൽനോട്ടത്തിലുമുള്ള ആരോഗ്യശുചിത്വസമിതിക്കാണ് ഇതിന്റെ പൂർണ്ണ ചുമതല. ജൈവവളം കർഷകർക്ക് സബ്സിഡി നിരക്കിൽ നൽകുന്നു. പദ്ധതി വിഹിതത്തിന് പുറമെ വ്യാപാരികളുടെ പങ്കാളിത്തം എന്ന നിലയിൽ പ്രതിമാസം ഏകദേശം 50000 രൂപ ശുചിത്വസമിതി ശേഖരിക്കുന്നു. എല്ലാ വ്യാപാരസ്ഥാപനങ്ങളിൽ നിന്നും ഒരു നിശ്ചിത തുക ഈടാക്കുന്നുണ്ട്. പ്രതിമാസം ശരാശരി ഈ പദ്ധതിക്കായി ഒന്നരലക്ഷം രൂപയാണ് ചെലവ്. മികച്ച ഭരണകൂടങ്ങൾ പോലും പരാജയപ്പെട്ട ഈ മേഖലയിലാണ് ഒട്ടേറെ പുരസ്കാരങ്ങളും വിവിധ തുറകളിൽ നിന്നുള്ള പ്രശംസകളും നേടി മാലിന്യസംസ്കര പദ്ധതി കേരളത്തിന് തന്നെ മാതൃകയാണ്. തൊഴിലുറപ്പിലൂടെ തൊഴിലില്ലായ്മ പരിഹരിക്കാനും ആസ്തികൾ സൃഷ്ടിക്കാനും കഴിഞ്ഞു.

ഭാരതരത്ന രാജീവ് ഗാന്ധി പുരസ്കാരം പുലാമന്തോൾ ഗ്രാമപഞ്ചായത്തിന്

ദേശീയ തലത്തിൽ മികച്ച ഗ്രാമപഞ്ചായത്തിനു നൽകുന്ന ഭാരതരത്ന രാജീവ് ഗാന്ധി സ്മാരക പുരസ്കാരം പുലാമന്തോൾ ഗ്രാമപഞ്ചായത്തിന് ലഭിച്ചു. തിരുപ്പതി ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന അക്കാദമി ഓഫ് ഗ്രാസ്റൂട്ട് സ്റ്റഡീസ് ആന്റ് റിസർച്ച് ഓഫ് ഇൻഡ്യ ഏർപ്പെടുത്തിയ പുരസ്കാരം 2014-15 സാമ്പത്തിക വർഷത്തിലെ പ്രവർത്തന മികവിനാണ് പുലാമന്തോൾ ഗ്രാമപഞ്ചായത്തിന് ലഭിച്ചിരിക്കുന്നത്. ലോകസഭാ മുൻ സെക്രട്ടറി ജനറൽ സുഭാഷ് സി.കശ്യപ് ചെയർമാനായ ജൂറിയാണ് ഇന്ത്യയിലെ ഏറ്റവും മികച്ച ഗ്രാമപഞ്ചായത്തിനെ തീരെഞ്ഞെടുക്കുന്നത്. ആഗസ്റ്റ് 20 ന് തിരുപ്പതിയിൽ നടക്കുന്ന പരിപാടിയിൽ വച്ച് പുരസ്കാരം പ്രസിഡണ്ട് എം.കെ റഫീഖക്ക് സമ്മാനിക്കും. 2005 മുതലാണ് അക്കാദമി ഓഫ് ഗ്രാസ്റൂട്ട് സ്റ്റഡീസ് ആന്റ് റിസർച്ച് ഓഫ് ഇൻഡ്യ (AGRASR) ഈ പുരസ്കാരം ഏർപ്പെടുത്തിയിട്ടുള്ളത്.

പദ്ധതി രൂപീകരണം നിർവഹണം, പഞ്ചായത്ത് സമിതി, ഗ്രാമസഭകൾ എന്നിവയുടെ പ്രവർത്തനവും പങ്കാളിത്തവും, പെൻഷൻ അടക്കമുള്ള സാമൂഹ്യ സുരക്ഷ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യൽ, കൈമാറിക്കിട്ടിയ സ്കൂളുകൾ, ആശുപത്രി തുടങ്ങിയവയുടെ പ്രവർത്തനവും വിലയിരുത്തുന്നു. പദ്ധതിവിഹിതവും മെയിന്റനൻസ് ഗ്രാന്റും പൂർണ്ണമായി വിനിയോഗിച്ച് നികുതി പിരിവ് പൂർണ്ണമാക്കി, ജനപങ്കാളിത്തത്തോടെ നിരവധി നൂതന പദ്ധതികൾ നടപ്പിലാക്കിയുമാണ് പഞ്ചായത്തിനെ മികച്ചതാക്കിയത്. പഞ്ചായത്തിലെ വിവിധ ഗ്രാമീണ റോഡുകളുടെ സമഗ്ര പുനരുദ്ധാരണം, സമ്പൂർണ്ണ പെൻഷൻ

പഞ്ചായത്ത്, തെരുവ് വിളക്ക് സ്ഥാപിക്കൽ, ഭവനനിർമ്മാണം, ഓഫീസ് സേവനം സുതാര്യമാക്കൽ, ആരോഗ്യ സംരക്ഷണം, ജലസുരക്ഷ ഉറപ്പ് വരുത്താൻ കിണർ റീചാർജ്ജിംഗ് പദ്ധതി, ആശ്രയ, പരിരക്ഷ പദ്ധതി, പട്ടികജാതി വിഭാഗങ്ങളുടെ സമഗ്ര വികസനം, ഐ.എസ്.ഒ ഗ്രാമപഞ്ചായത്ത്, കാർഷിക മേഖലാ, കുടിവെള്ളം തുടങ്ങിയവ ജനങ്ങൾക്ക് പ്രയോജനകരമായി നടപ്പിലാക്കിയതും അവാർഡ് നേടാൻ പഞ്ചായത്തിനെ സഹായിച്ചു.

തൃശൂർ കിലയുടെ നേതൃത്വത്തിൽ സംസ്ഥാനത്തിനകത്തും പുറത്തും നിന്നുമുള്ള ധാരാളം പഞ്ചായത്തുകൾ പഠനത്തിനായി പുലാമന്തോൾ ഗ്രാമപഞ്ചായത്തിനെ തിരെഞ്ഞെടുത്തിരുന്നു. പുലാമന്തോൾ ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന 5മത്തെ ദേശീയ പുരസ്കാരമാണിത്, മുമ്പ് ഗൌരവ് ഗ്രാമസഭാ പുരസ്കാരം, വയോശ്രേഷ്ഠ സമ്മാൻ പുരസ്കാരം, പഞ്ചായത്ത് ശാക്തീകരണ പുരസ്കാരം (2011 -12, 2012 -13), സംസ്ഥാനതല സ്വരാജ് ട്രോഫി, ജില്ലാതല സ്വരാജ് ട്രോഫി (2012-13,2013-14) എന്നിവ ഉൾപ്പെടെ പഞ്ചായത്തിന് 75 ലക്ഷം രൂപ അവാർഡിനത്തിൽ ലഭിച്ചിട്ടുണ്ട്.

(12-ാം പേജിൽ നിന്നും തുടർച്ച

കേരള പഞ്ചായത്ത് ആക്ട് അനുസരിച്ചുള്ള തെരഞ്ഞെടുക്കപ്പെട്ട സമിതി നിലവിൽ വന്നു. എന്നിട്ടും കേന്ദ്ര പദ്ധതികളിൽ പഞ്ചായത്തുകളുടെ അഭിപ്രായം തേടിയിരുന്നുവെങ്കിലും പദ്ധതി കേരളത്തിൽ നടപ്പിലാക്കിയത് അതാത് വികസന ബ്ലോക്കുകളായിരുന്നു. 1979 ൽ ജില്ലാഭരണ നിയമം പാസ്സാക്കിയെങ്കിലും ജില്ലാഭരണ സംവിധാനം നിലവിൽ വന്നത് 1991 ലാണ്. 1992 ലെ 73-ാം ഭരണഘടന ഭേദഗതിയോടെ ജില്ലാഭരണസംവിധാനത്തിന് അവസാനമായി.

രാജീവ് ഗാന്ധി പ്രധാനമന്ത്രിയായിരുന്നപ്പോൾ കേന്ദ്രപദ്ധതികളെക്കുറിച്ച് പഠനം നടത്തുകയും വികസന ഫണ്ടിന്റെ 15 ശതമാനം മാത്രമേ ജനങ്ങളിലെത്തുന്നുള്ളൂവെന്ന് കണ്ടെത്തുകയുണ്ടായി. ഇതിന് പരിഹാരമായിട്ടാണ് ഇന്ത്യയിൽ ഏകീകൃതസ്വഭാവമുള്ള ത്രിതലപഞ്ചായത്ത് ഭരണ സമ്പ്രദായത്തിനുവേണ്ടി 64-65ഉം ഭരണഘടനാ ഭേദഗതി ബില്ലുകൾ അവതരിപ്പിച്ചത്. ലോകസഭയിൽ പാസ്സായ പ്രസ്തുത ബിൽ ഭൂരിപക്ഷത്തിന്റെ അഭാവത്താൽ രാജ്യസഭ നിരാകരിച്ചതിനാൽ ബിൽ നിയമമായില്ല. നരസിംഹറാവു പ്രധാനമന്ത്രിയായതിനെത്തുടർന്ന് സമവായത്തിലൂടെ പ്രസ്തുത ബിൽ ഭേദഗതികളോടെ 72, 73 ഭരണഘടന ഭേദഗതികളായി അവതരിപ്പിക്കുകയും 73, 74 ഭരണഘടനാ ഭേദഗതികളുമായി 1992 ഏപ്രിൽ 23-ാം തീയതി പാസ്സാക്കുകയും ചെയ്തു. ഈ ഭരണഘടന ഭേദഗതികൾക്കനുസൃതമായി 1994 ഏപ്രിൽ മാസം 23-ാം തീയതി കേരളത്തിൽ ത്രിതല പഞ്ചായത്തുകൾ വിഭാവനം ചെയ്തുകൊണ്ട് കേരളപഞ്ചായത്ത് രാജ് ആക്ട് 1994 ൽ നിലവിൽ വന്നു. ഇതനുസരിച്ച് പ്രാദേശിക സർക്കാരുകൾക്ക് പൂർണ്ണ തോതിൽ അധികാരം കൈമാറ്റം നടന്നു. 1995 മുതൽ ത്രിതല പഞ്ചായത്തുകൾ രൂപീകരിച്ച് തെരഞ്ഞെടുപ്പ് നടത്തി അധികാരവികേന്ദ്രീകരണം പൂർത്തിയാക്കി. 1997 മുതൽ വികേന്ദ്രീകൃതാസൂത്രണം ശക്തിപ്പെടുത്തുന്നതിനുവേണ്ടി സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതത്തിന്റെ ഏകദേശം 35 ശതമാനം വരുന്ന തുക ത്രിതല പഞ്ചായത്തുകൾക്കും നഗരസഭകൾക്കും കൈമാറുകയുണ്ടായി. ഇത് ഇന്ത്യക്കുമാത്രമല്ല, പല ലോക രാഷ്ട്രങ്ങൾക്കും മാതൃകയായി നടന്നു വരുന്നത് ശ്രദ്ധേയമാണ്.

ജനാധിപത്യം ശക്തിപ്പെടുത്തണം

പാർലമെന്റിലും നിയമസഭകളിലും നടമാടിയ കൂറുമാറ്റം നമ്മുടെ പ്രാദേശിക സർക്കാരുകളെയും ബാധിച്ചു. കൂറുമാറ്റ നിയമം കൊണ്ടുവന്നെങ്കിലും അതിലെ പഴുതുകൾ കണ്ടെത്തി ഇപ്പോഴും കൂറുമാറ്റം നടക്കുന്നുണ്ട്. അഴിമതിയും അഴിമതിയാരോപണങ്ങളും പ്രാദേശിക സർക്കാരുകളെയും ബാധിക്കുന്നുണ്ട്. കക്ഷികൾ തമ്മിലുള്ള കിടമത്സരവും കക്ഷികൾക്കുള്ളിലെ കിടമത്സരവും ഇതിന് കാരണമാകുന്നുണ്ടെന്ന് കാണാവുന്നതാണ്. സംവരണ തത്വങ്ങൾ പാലിക്കപ്പെട്ടപ്പോൾ പിൻഭരണവും കൂടിയില്ലേ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

ജനാധിപത്യത്തിൽ ജനങ്ങളാണ് യജമാനന്മാർ. ജനപ്രതിനിധികളും ഉദ്യോഗസ്ഥന്മാരും ജനസേവകർ മാത്രമാണ്. എന്തൊക്കെ പ്രോട്ടോക്കോൾ ഉണ്ടെങ്കിലും അടിസ്ഥാനതത്വം ഇതുതന്നെയാണ്. അതിനാൽ ജനങ്ങളെ ബുദ്ധിമുട്ടിക്കാതെ നിയമാനുസരണം അർഹമായ സേവനങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിന് ജനാധിപത്യ ഭരണകൂടങ്ങൾ ശ്രദ്ധിക്കണം.

നിയമഭാഷ

നമ്മുടെ നിയമഭാഷ പലപ്പോഴും സങ്കീർണ്ണമാണ്. സായിപ്പിന്റെ നിയമത്തിനെ പിൻപറ്റിത്തന്നെയാണ് ഇവിടെ നിയമം നിർമ്മിക്കപ്പെടുന്നത്. ഓരോരുത്തരുടെയും അറിവിനനുസരിച്ച് വ്യാഖ്യാനിക്കാവുന്ന രീതിയിലുള്ള പദപ്രയോഗം നിയമത്തിൽ നിന്ന് ഒഴിവാക്കണം. പ്രയോഗങ്ങൾ ലളിതവും സാമാന്യ വിദ്യാഭ്യാസമുള്ളവർക്കെങ്കിലും ശരിയാംവണ്ണം മനസ്സിലാക്കാൻ കഴിയുന്നതുമാകണം. നിയമം നിർമ്മിക്കുന്നവരുടെ വ്യാഖ്യാനങ്ങൾ പോലും നമ്മുടെ ബഹുമാനപ്പെട്ട കോടതികൾ തള്ളിക്കളയുകയാണ്. കാരണം കോടതികളിലെത്തുമ്പോൾ നിയമം വ്യാഖ്യാനിക്കുന്നത് കോടതികളാണ്.

നിയമം നടപ്പാക്കുന്നവർ എല്ലാവരും പണ്ഡിതന്മാരല്ല. പലതരം വിദ്യാഭ്യാസം ലഭിച്ചവരും പല സാമൂഹ്യാവസ്ഥയിലും സാഹചര്യങ്ങളിലും നിന്നും വരുന്നവരാണ്. പലരുടെയും സാമൂഹ്യപ്രതിബദ്ധതയ്ക്കും ചിന്തയ്ക്കും വ്യത്യാസമുണ്ട്. അതുകൊണ്ടുതന്നെ നിയമം നടപ്പാക്കുന്നവരുടെ ചിന്തകളും വ്യത്യസ്തമായിരിക്കും. കോടതികൾ പോലും ഒരേ കാര്യത്തിൽ വ്യത്യസ്തമായ ഉത്തരവുകൾ പുറപ്പെടുവിക്കുന്നുണ്ട്. നിയമം നിർമ്മിക്കുന്നവരുടെ വ്യാഖ്യാനങ്ങൾ പോലും കോടതി തള്ളിക്കളയുന്നുണ്ട്. അപ്പോൾ പിന്നെ നിയമങ്ങളിൽ സങ്കീർണ്ണങ്ങളായ പദങ്ങൾ ഉപയോഗിക്കുമ്പോൾ അവരവരുടെ അറിവിനും പാണ്ഡിത്യത്തിനും അനുസരിച്ചാവും വ്യാഖ്യാനിക്കപ്പെടുക. ഇതിലൂടെ തെറ്റായ സന്ദേശമാണ് ജനങ്ങൾക്ക് ലഭിക്കുന്നത്. അതിനാൽ നമ്മുടെ നിയമഭാഷ ലളിതമാക്കണം. എങ്കിലേ സത്ഭരണവും തുല്യനീതിയും ഉറപ്പുവരുത്താൻ കഴിയുകയുള്ളൂ.

നമ്മുടെ സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിനും ഭരണഘടന വിഭാവനം ചെയ്യുന്ന സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതിയും, ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും, മതനിഷ്ഠയ്ക്കും ആരാധനയ്ക്കുമുള്ള സ്വാതന്ത്ര്യവും, വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പുവരുത്തുവാനും, സാഹോദര്യം പുലർത്തുവാനും, നാം ഇന്ത്യയിലെ ജനങ്ങൾക്കും, നമ്മുടെ ഭരണ സംവിധാനങ്ങളായ പാർലമെന്റ്, നിയമസഭ, പ്രാദേശിക സർക്കാരുകൾ എന്നീ സ്ഥാപനങ്ങൾക്കും ഒത്തൊരുമായോടെ പ്രവർത്തിക്കാം എന്ന് പ്രതിജ്ഞ എടുക്കാൻ ഈ അവസരം ഉപയോഗിക്കാം. ഏവർക്കും സ്വാതന്ത്ര്യദിനാശംസകൾ. ◆

ലേഖകൻ മുൻ പബ്ലിസിറ്റി ഓഫീസറാണ്

വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്തിന്റെ സ്വന്തം "പൊൻകതിർ"

കേരളത്തിന്റെ കാർഷിക ഭൂമികയിൽ നിന്നും ദിനം തോറും നഷ്ടമായിക്കൊണ്ടിരിക്കുന്ന കേരവൃക്ഷങ്ങളെപ്പോലെ തന്നെ നെൽച്ചെടികളും എഴുപത്കൾക്കുമുമ്പുവരെ കേരളത്തിന്റെ കാർഷികാടിസ്ഥാന സമ്പദ്‌വ്യവസ്ഥയെ നിലനിർത്തിപോന്നവയിൽ ഏറെ പ്രാധാന്യം വഹിച്ചിരുന്ന രണ്ടു വിളകളായിരുന്ന തെങ്ങ് വാണിജ്യപരമായ കാരണങ്ങളാൽ സമ്പദ്‌വ്യവസ്ഥയെ താങ്ങി നിറുത്തിയപ്പോൾ നെല്ല് ഭക്ഷ്യസുരക്ഷയ്ക്കും കാലി വളർത്തലിനും ഏറെ പ്രാധാന്യം നൽകി, കേരള സമൂഹത്തെ പൂർണ്ണമായി അല്ലെങ്കിലും സംരക്ഷിച്ചുപോന്നിരുന്നു. ഇന്ത്യൻ കർഷകന്റെ കൃഷി കാലാവസ്ഥയുടെ ഒരു ചൂതാട്ടമായിരുന്നു എന്ന് പറയാറുണ്ടെങ്കിലും പ്രകൃതിക്ഷോഭങ്ങളും അസമയത്തെ കാലാവസ്ഥാമാറ്റങ്ങളും വിളവിനെയും ഉൽപ്പാദനത്തെയും ബാധിക്കാറുണ്ടായിരുന്നു. പ്രത്യേകിച്ച് നെല്ല്പോലുള്ള ധാന്യവിളകളുടെ കാര്യത്തിൽ ഇത് തികച്ചും യാഥാർത്ഥ്യവും ആയിരുന്നു. എന്നാൽ കൃഷി, മൃഗസംരക്ഷണം മുഖ്യവരുമാന മാർഗ്ഗമായി അനുഭവിച്ചുപോന്നിരുന്ന കേരളീയരെ സംബന്ധിച്ചിടത്തോളം പകരം വെയ്ക്കാൻ അല്ലെങ്കിൽ ആശ്രയിക്കാൻ മറ്റു സാദ്ധ്യതകളില്ലാതിരുന്നതിനാലും കൃഷിയേയും കാർഷികഭൂമിയേയും നെഞ്ചിലേറ്റി ആത്മാവിലാവാഹിച്ച് കൃഷിയില്ല എങ്കിൽ കേരളീയനില്ല എന്ന ഒരു തിരിച്ചറിവായി മാറിയത് നമുക്ക് കാർഷിക കേരള ചരിത്രത്തിലൂടെ പിറകോട്ട് സഞ്ചരിക്കുമ്പോൾ കാണാൻ കഴിയും. കേരളമാകുന്നത് തന്നെ മുഖ്യവിള കേരമായതുകൊണ്ടാണല്ലോ. അതുപോലെ തന്നെ നെല്ലും കേരളവും തമ്മിലുള്ള അല്ലെങ്കിൽ നെല്ലിനോട് കേരള കർഷക സമൂഹം കാണിക്കുന്ന ആത്മബന്ധം മനസ്സിലാക്കണമെങ്കിൽ നമ്മുടെ പൂർവ്വികർ നെല്ലുല്പ്പാദിപ്പിക്കാൻ അതിന്റെ വർദ്ധിതമായ ഉൽപ്പാദനത്തിന് അവലംബിച്ച വൈവിധ്യങ്ങളെ അറിയണം.

നെൽകൃഷി പ്രധാനമായും മഴയെ ആശ്രയിച്ചുള്ളതാണ്. ഇന്ത്യയിലെ പ്രധാന മൂന്നു വിളക്കാലങ്ങളായ റാബി, ഖാരിഫ്, സയദ് (സമ്മർ) എന്നിവ തന്നെ കേരളത്തിൽ വിരിപ്പ്, മുണ്ടകൻ, പുഞ്ച എന്നിങ്ങനെയാണ്. ഇതിൽ പുഞ്ചയൊഴിച്ച് രണ്ടു കൃഷി രീതികളും തികച്ചും മഴയെ ആശ്രയിക്കുമ്പോൾ ചില പ്രദേശങ്ങളിൽ വെള്ളം കെട്ടി നിറുത്തി പുഞ്ചപാടങ്ങളിലേക്ക് ഒഴുക്കിവിട്ടോ അല്ലെങ്കിൽ കിണർ, കുളം മുതലായ ജലസംഭരണികളിൽ നിന്ന് ഇന്നത്തെ മോട്ടോർ പമ്പ്സെറ്റുകൾക്ക് മുമ്പുപോലും ജലത്തെ മറ്റു സംവിധാനങ്ങൾ അതും പരമ്പരാഗത രീതിയിലുള്ളവയെ ഉപയോഗിച്ച് ഉയർത്തി നെൽപ്പാടങ്ങളിൽ ജലസേചനം നടത്തി നെല്ല് ഉൽപ്പാദിപ്പിച്ചിരുന്നു. കേരളത്തിലെ പ്രത്യേകിച്ചും തൃശൂർ ജില്ലയിലെ കോൾപാടങ്ങൾ, പൊക്കാളി നിലങ്ങൾ, കരഭൂമിയിൽ

നടത്തിയിരുന്ന തേമാലി, ഞാല് മുതലായ മഴക്കാലത്തെ ആശ്രയിച്ചുള്ള കൃഷിരീതികൾ കൂടാതെ കരപറമ്പുകളിൽ കൃഷിചെയ്തിരുന്ന 'മോഡൻ' കൃഷിരീതികൾ എന്നിവയൊക്കെതന്നെ ഉൽപ്പാദന വർദ്ധനവിനായി കേരളീയ നെൽ കർഷകരുടെ വൈവിധ്യമാർന്ന കണ്ടെത്തലുകളായിരുന്നു. നമ്മുടെ നെല്ലറകൾ എന്നു വിശേഷിപ്പിച്ചിരുന്ന പാലക്കാടും കുട്ടനാടും പേരു പോലെതന്നെ സമൃദ്ധിയുടെ പര്യായങ്ങളായിരുന്നു. അതിൽ സമുദ്ര നിരപ്പിൽ നിന്നും താഴെ നെൽകൃഷി നടത്തുന്ന കുട്ടനാടിന്റെ ചരിത്രവും അതിൽ മുരിക്കൻ എന്ന കർഷകന്റെ നിശ്ചയദാർഢ്യത്തിന്റെയും, കഠിനപ്രയത്നത്തിന്റെയും, അതുല്യമായ നേതൃത്വപാടവത്തിന്റെയും സംഭാവനകൾ വിലമതിക്കാനാവാത്തതാണ്. ചിത്തിര, മാർത്താണ്ഡം എന്നിങ്ങനെ വിവിധങ്ങളായ ബ്ലോക്കുകളെയാണ് കുട്ടനാട്ടിൽ ഏറെ ശ്രമകരമായ കർഷക കൂട്ടായ്മയുടെ പിൻബലത്തിൽ മുരിക്കൻ കുട്ടനാട്ടിനെ കേരളത്തിന്റെ മറ്റൊരു നെല്ലറയാക്കിയത്. ഇങ്ങനെ ഒറ്റമുണ്ടും പാളതൊപ്പിയും ധരിച്ച് കലപ്പയും കൈക്കോട്ടും കൊയ്ത്ത രിവാളുമൊക്കെയായി ആരോഗ്യവാൻമാരായ നമ്മൾ സ്ത്രീപുരുഷ ഭേദമന്യേ പൊന്നണിയിച്ചു കൊണ്ടിരുന്ന നെൽപ്പാടങ്ങൾ എങ്ങനെ നമുക്ക് അന്യമായി. നെൽപ്പാടത്ത് പണിചെയ്യുമ്പോഴുണ്ടായിരുന്ന പാരസ്പര്യവും പങ്കുവെയ്ക്കലും ഞാറു നടീൽ പാട്ടുകളും കൊയ്ത്ത് പാട്ടിന്റെ ശീലുകളും എങ്ങനെ നമുക്ക് നഷ്ടമായി. കേരളത്തിന്റെ ജൈവവൈവിധ്യത്തിന്റെ ജലസുരക്ഷയുടെ ഭാഗമായുള്ള തണ്ണീർത്തടങ്ങളായ നെൽവയലുകൾ എന്തുകൊണ്ടാണ് ദിനംതോറും നമുക്ക് നഷ്ടമായിക്കൊണ്ടിരിക്കുന്നത്.

എഴുപതുകൾക്ക് മുമ്പ് എന്ന് നേരത്തെ സൂചിപ്പിച്ചിരുന്ന കാർഷിക സമ്പദ്‌വ്യവസ്ഥയ്ക്ക് സമാന്തരമായി മറ്റൊരുതരം വരുമാന രീതിയുടെ തുടക്കം എഴുപതുകൾക്ക് ശേഷമാണ്. മലയാളിയുടെ പ്രവാസ ജീവിതത്തിന്റെ യഥാർത്ഥ രൂപത്തിലുള്ള തുടക്കവും. ഇന്ത്യയുടെ തന്നെ വ്യവസായ കേന്ദ്രങ്ങളിലേക്ക് തുടങ്ങിയത് പിന്നീട് ഗൾഫ് മേഖലകളിലേക്കും ഇന്നത് ലോകത്തിലെ എല്ലാ രാജ്യങ്ങളിലേക്കും വ്യാപിച്ച് പ്രവാസ ജീവിതത്തിലൂടെ അദ്ധ്വാനം വിറ്റുകിട്ടുന്ന അമിതമായ പണം കേരളത്തിലേക്ക് വൻ തോതിൽ പ്രവഹിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോഴും സംഭവിച്ചുകൊണ്ടിരിക്കുന്നു. കഴിഞ്ഞ വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ ലോകത്തിലെ ഇരുന്നോറോളം വരുന്ന രാജ്യങ്ങളിൽ ഏറ്റവും കൂടുതൽ വിദേശപണം പ്രവാസികൾ വഴി എത്തപ്പെട്ട രാജ്യങ്ങൾ ഇന്ത്യയും ചൈനയുമാണ്. അതിൽ ഇന്ത്യയിൽ കേരളം മുന്നിലും. ഇന്നുവരെയുള്ള ഈ പണം നിക്ഷേപിക്കപ്പെട്ടത് എവിടെയാണ് എന്ന് ചുറ്റുപാടുകളിലേക്ക് ഒന്ന് കണ്ണോടിച്ചാൽ നമുക്ക് മനസ്സിലാകും. ഭൂരിഭാഗവും നിർമ്മാണ മേഖല കയ്യടക്കി. ഈ മേഖലയിലെ വർദ്ധിച്ച കൂലി തൊഴിലാളികളെ പ്രത്യേകിച്ച് കാർഷിക മേഖലയിൽ തൊഴിലെടുത്തവരെ അങ്ങോട്ട് ആകർഷിച്ചു. കർഷകന് തൊഴിലാളികളെ കിട്ടാത്ത അവസ്ഥയായി. ഉൽപ്പാദന ചിലവും ഉൽപ്പാദനവും തമ്മിലുള്ള അനുപാതത്തിന്റെ ഗ്രാഫ് തലതിരിഞ്ഞതായി, കർഷകർ കൃഷി ഭൂമി തരിശിടാൻ തുടങ്ങി. കാർഷിക രംഗത്തെ രോഗപ്രതിരോധത്തിനുവേണ്ടിയുള്ള ചെലവും പുതിയ രോഗകീടങ്ങളുടെ ആക്രമണവും മറ്റൊരു തിരിച്ചടിയായി. സാവധാനത്തിൽ തീർത്തും ഒരു ഉപഭോഗസംസ്ഥാനമായി മാറിയ കേരളത്തിൽ വാണിജ്യത്തിനും വ്യാപാരത്തിനുമായി മുഖ്യമായ സാദ്ധ്യത. നമ്മുടെ ഗ്രാമങ്ങളുടെ ദ്രുതഗതിയിലുള്ള നഗരവത്ക്കരണത്തിന്റെ സൂചന കാണിക്കുന്നത് ഈ കാരണമാണ്.

വൈവിധ്യങ്ങളായ കാർഷിക വിളകളെകൊണ്ട് സമ്പന്നമായിരുന്ന കേരളം അവയുടെ ഉൽപ്പാദനം നിന്നതോടെ മറ്റു സംസ്ഥാനങ്ങളേയും രാജ്യങ്ങളേയും ആശ്രയിച്ചാണ് ഭക്ഷ്യാവശ്യങ്ങൾ നിറവേറ്റുന്നത്. വ്യവസായികാടിസ്ഥാനത്തിൽ വൻ കോർപ്പറേറ്റുകൾ വിളവുൽപ്പാദനം നടത്തുമ്പോൾ ലക്ഷ്യം ലാഭം എന്നതത്രമായിരിക്കും. വിവിധങ്ങളായ ഋതുക്കൾക്കനുസരിച്ച് പ്രകൃതി നമുക്ക് ഓരോ ഘട്ടത്തിലും ആയതിന് അനുയോജ്യമായ വിളകളാണ് തന്നിരുന്നത്. എന്നാൽ ആ അസംതുലിതാവസ്ഥയൊക്കെ തകിടം മറിഞ്ഞുപോയി ഇന്നു നാം കഴിക്കുന്ന പുറത്തുനിന്നു വരുന്ന ഓരോ ഭക്ഷ്യവസ്തുക്കളും പാലുൾപ്പെടെയുള്ളവ മനുഷ്യശരീരത്തെ എങ്ങിനെയൊക്കെ വൈകൃതമാക്കി, രോഗബാധിതമാക്കി, മനുഷ്യശരീരത്തിന്റെ സംതുലനാവസ്ഥയെ താറുമാറാക്കി, മറ്റൊരു തലമുറയെ സാധ്യമല്ലാതാക്കുന്ന രീതിയിൽ വന്ധ്യതയടക്കമുള്ള ജനിത വൈകല്യങ്ങൾ സൃഷ്ടിച്ച് അതുവഴി ആശുപത്രികളുടേയും മരുന്നുകളുടേയും അനുബന്ധമേഖലകളുടേയും അതിവിപുലമായ ഒരു വ്യവസായ ശൃംഖലയ്ക്ക് ഇന്ന് കരുത്ത് പകർന്ന് കൊണ്ടിരിക്കുകയാണ്.

ഇവിടെയാണ് വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്തിന്റെ കേന്ദ്രാവിഷ്കൃത പദ്ധതിയായ 'മഹിളാ കിസാൻ സശാക്തീകരൺ പരിയോചന' പദ്ധതിയിൽ ഊന്നിയുള്ള 'പൊൻ

കതിർ' എന്ന സ്ത്രീ കൂട്ടായ്മയയും സംയോജിത നീർത്തട വികസന പദ്ധതിയിലൂന്നിയ പൊതുകൂട്ടായ്മ യും. അനുദിനം നഷ്ടപ്പെട്ടുകൊണ്ടി രിക്കുന്നു എന്നു വിലപിക്കുന്ന നെൽ വയലുകളായിരുന്ന നീർത്തടങ്ങളെ തിരിച്ചു പിടിക്കുക അതുവഴി മണ്ണ്, ജലം, ജൈവഭക്ഷ്യ സുരക്ഷ എന്നിവ ലക്ഷ്യമാക്കി 40 പേരടങ്ങിയ സ്ത്രീ കൾ യന്ത്രവൽക്കരണ കൃഷിരീതി ലക്ഷ്യമിട്ട് അതിൽ പരിശീലനം തേ ടി നെൽവയലുകളിൽ യന്ത്രങ്ങളുമാ യി ഇറങ്ങിയിരിക്കയാണ്. പടിയൂർ പഞ്ചായത്തിലെ കാട്ടൂർ തെക്കും പാടം എടതിരിഞ്ഞി മേഖല പാട ശേഖരത്തിലെ ഐനിക്കലിൽ ഇരി ഞ്ഞാലക്കുട എം.എൽ.എ. തോമസ് ഉണ്ണിയാടൻ നടീൽ യന്ത്രം പ്രവർ ത്തിപ്പിച്ചുകൊണ്ട് ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. ഏകദേശം 42 ഏക്കർ സ്ഥലത്ത് ഇപ്പോൾ നടീൽ പ്രവർത്ത നങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കു കയാണ്. ബാലാരിഷ്ടതകൾ മറിക ടന്ന് അതിൽ നിന്നെല്ലാം പുത്തൻ ഊർജ്ജം ഉൾക്കൊണ്ടും അനുഭവപ രിചയസമ്പത്ത് ആർജ്ജിച്ചും പൊൻ കതിരിലെ ഓരോരുത്തരും കൂടുതൽ ഉയരങ്ങളിലേക്ക്. ഇപ്പോൾ അഞ്ച് യന്ത്രങ്ങളാണുള്ളത്. നെൽക്കൃഷി ക്കാവശ്യമായ ഞാറ്റടി തയ്യാറാക്കി 15 ദിവസം മൂപ്പെത്തുമ്പോൾ യന്ത്രസ ഹായത്താൽ പറിച്ചു നടുന്നു. ഞാറ്റ ടി തയ്യാറാക്കുന്നതിനും ഈ വനിതാ കൂട്ടായ്മ തന്നെയാണ്. തുടർന്ന് കള പറിക്കൽ, കൊയ്ത്ത്, മെതി എന്നി വയും യന്ത്രവൽകൃത രീതിയിൽ നടത്താൻ സേനയെ (പൊൻകതിർ എന്ന വനിതാ ലേബർ ബാങ്കിനെ) ഇനിയും വിപുലപ്പെടുത്തി പരിശീ ലനം നൽകേണ്ടതുണ്ട്. ആയതിന്റെ പ്രവർത്തനങ്ങളുമായി ബ്ലോക്ക് പഞ്ചായത്തിലെ അഞ്ചു ഗ്രാമപഞ്ചാ യത്തുകളിലെയും വില്ലേജ് എക് സ്റ്റൻഷൻ ഓഫീസർമാർ മുമ്പോട്ട് പോകുകയാണ്. പൊൻകതിർ വനി താ ലേബർ ബാങ്കിന്റെ പ്രവർത്തന മികവ് അവർക്ക് കൂടുതൽ വാഗ്ദാന ങ്ങളുമായി കർഷകർ മുന്നോട്ടു വരു ന്നു എന്നുള്ളത് ആവേശം പകരു ന്നതാണ്. നെൽകൃഷി കൂടാതെ മറ്റു കാർഷിക മേഖലകളിലേക്കും യന്ത്രവൽകൃതരീതി അവലംബിച്ച് തനതായ കാർഷിക സമൃദ്ധി ലക്ഷ്യ

മാക്കിയുള്ള പ്രവർത്തനങ്ങളും ബ്ലോക്ക് പഞ്ചായത്ത് ലക്ഷ്യമിടുന്നു. യന്ത്രവൽക്കരണം കൊണ്ടുള്ള നേ ട്ടങ്ങൾ, ജോലിക്കാരെ കിട്ടാനുള്ള ബുദ്ധിമുട്ട്, ജോലിയുടെ വേഗത, കൃത്യത, സമയ ലാഭം, ഏർപ്പെടുന്ന തൊഴിലാളികൾക്ക് കിട്ടുന്ന കൂടിയ വേതനം എന്നിവയാണ്. ലോകത്താ കമാനം ജീവിതശൈലീരോഗങ്ങൾ എന്ന ഓമനപ്പേരിലറിയപ്പെടുന്ന അവസ്ഥകൾക്കും, ആധുനിക കൃഷി രീതികളിലൂടെയുള്ള വിഷമയവും ദോഷകരവുമായ കാർഷിക ഉൽപ്പ ന്നങ്ങളുടെ ഉപയോഗം മൂലം ഉണ്ടാ യിക്കൊണ്ടിരിക്കുന്ന ഭവിഷത്തു ക്കൾക്കും, ഭൂമിയുടെ നിലനിൽപ്പിനു തന്നെ ഭീഷണിയായിട്ടുള്ള സ്ഥിതി വിശേഷങ്ങൾക്കും എതിരെ പുത്തൻ ബദലുകൾ ഉണ്ടായിക്കൊണ്ടിരിക്കു കയാണ്. കേരളത്തിൽ ഇന്ന് ഏറെ ചർച്ച ചെയ്യപ്പെടുന്ന ഒരു കാര്യമാണ് ജൈവകൃഷിയും ജൈവപ്രതിരോധ മാർഗ്ഗങ്ങളും അവയുടെ ഉപയോഗ ങ്ങളും. അതുകൊണ്ടുതന്നെ വെ ള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്തും ഏറെ താൽപ്പര്യത്തോടെ തങ്ങളുടെ പ്രവർത്തന പരിധിയിലുള്ള അഞ്ചു ഗ്രാമപഞ്ചായത്തുകളിലും നീർത്ത ടാധിഷ്ഠിത വികസന പദ്ധതിയുടെ ഭാഗമായി ജൈവകൃഷിരീതികൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് പ്രകൃതി സൗഹൃദമായ വികസന പ്രവർത്തന ങ്ങൾക്ക് രൂപം നൽകി വരികയാണ്. ഇതിന്റെ ആദ്യഘട്ടം എന്ന നിലയിൽ വിവിധയിനം പരിശീലന പരിപാ ടികൾ പൂർത്തിയാക്കുകയും നീർ ത്തടത്തിൽപ്പെട്ട കുടുംബങ്ങളുടെ കൂട്ടായ്മകളിലൂടെ തുല്യ ബാദ്ധ്യതാ സംഘങ്ങൾ (JLG) രൂപീകരിച്ച് ജീവ നോപാധികൾ നൽകി അത് കൃഷി ക്കും അനുബന്ധ മേഖലകൾക്കും പ്രാധാന്യം നൽകി മുന്നേറുകയാണ്. കാരുമാത്ര, പുത്തൻചിറ നീർത്തട ങ്ങളിലെ സംഘങ്ങൾക്ക് അതിനു വേണ്ടി ജൈവകൃഷിയും അനുബ ന്ധമേഖലയായ മൃഗസംരക്ഷണം, ഭക്ഷ്യോത്പ്പന്നങ്ങളുടെ നിർമ്മാണം എന്നിവയുമായി ബന്ധപ്പെട്ട് ഒരു ദിവസത്തെ വൈവിധ്യങ്ങളോടു കൂടിയ ഒരു പരിശീലനം നൽകുക യുണ്ടായി. പങ്കാളിത്തംകൊണ്ടും ഇട പെടലുകൾകൊണ്ടും ഏറെ സജീവ വും ശ്രദ്ധേയവുമായിരുന്നു ഏകദിന ശിൽപ്പശാല. ഇതിന്റെയൊക്കെ പിൻബലത്താൽ ഭരണസമിതിയും ജീവനക്കാരും പൊൻകതിർ വനിതാ ലേബർ ബാങ്കും, വിവിധ സ്വയംസ ഹായ സംഘങ്ങളും തുല്യബാദ്ധ്യ താ സംഘങ്ങളും കുടുംബശ്രീയും വിദഗ്ദ്ധരും എന്നുവേണ്ട എല്ലാവരും അടങ്ങുന്ന സംഘം വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്തിലെ ജനങ്ങളെ വേറിട്ടൊരു ദിശാബോധത്തിലൂടെ നയിച്ച് പഴമകളുടേയും തനതായ കാർഷിക സമൃദ്ധിയുടേയും തിരിച്ചു പിടിക്കലിന് ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്താൽ മുന്നേ റിക്കൊണ്ടിരിക്കുന്ന മാതൃകകൾ ഏറെ അനുകരണീയങ്ങളാണ്.

◆

ടി. ഷാഹുൽ ഹമീദ്

വരുന്നു കുട്ടികൾക്കും ഗ്രാമസഭ

കുട്ടികൾ ഭാവിയുടെ വാഗ്ദാനങ്ങളാണ്. സാമൂഹ്യ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുവാൻ പ്രാപ്തരാക്കി കുട്ടികളെ വളർത്തിക്കൊണ്ടു വരേണ്ടത് ഭരണകൂടങ്ങളുടെ ഉത്തരവാദിത്വമാണ്. കുട്ടികളിൽ ചെറുപ്പകാലത്ത് തന്നെ ജനാധിപത്യവും മൂല്യാബോധവും സഹജീവി മനോഭാവവും സന്നിവേശിപ്പി ക്കേണ്ടത് അത്യാവശ്യമാണ്. സാമൂഹ്യ വികസനം എന്നതുകൊണ്ട് ഉദ്ദേശിക്കു ന്നത് കുട്ടികളുടെ വികസനവും പങ്കാളിത്തവുമാണ്. കുട്ടികൾക്ക് വേണ്ടി വിവിധങ്ങളായ നിയമ പരിരക്ഷകളും നടപടികളും രാജ്യത്ത് ഉണ്ടെങ്കിലും ആയത് മുഴുവനും അറിയാനോ കരഗതമാക്കാനോ ഉപയോഗപ്പെടുത്താനോ കുട്ടികൾക്ക് സാധിക്കുന്നില്ല. ഒരു ഭാഗത്ത് എല്ലാ പരിരക്ഷകളും നിയമങ്ങളും പിന്തുണയായിട്ടുണ്ടെങ്കിലും ഇപ്പോഴും ചൂഷണത്തിനും, ബുദ്ധിമുട്ടിനും വിധേയമായിട്ടുള്ള കുട്ടികളുടെ എണ്ണം നാൾക്കുനാൾ വർദ്ധിക്കുന്നു. മയക്കുമരുന്ന് അടക്കമുള്ള സാമൂഹ്യ തിന്മകളുടെ ദുഷിച്ച വലയത്തിൽ കുട്ടികൾ അറിഞ്ഞോ അറിയാതെയോ അകപ്പെട്ടു പോകുന്നു. ഇത്തരം പ്രയാസങ്ങളിൽ ഉൾപ്പെട്ടവരെ രക്ഷപ്പെടുത്തുവാനും കുട്ടികളെ എല്ലാ തിന്മകളിൽ നിന്ന് അകറ്റി നിർത്താനും, അവരുടെ അവകാശങ്ങളും കടമകളും ഉത്തരവാദിത്വങ്ങളും പഠിപ്പിക്കുവാനും സമൂഹവുമായി അവരെ കൂടുതൽ ബന്ധപ്പെടുത്തുന്നതിനും വേണ്ടി കുട്ടികൾക്ക് മാത്രമായി കേരളത്തിൽ ഗ്രാമസഭകൾ ഉണ്ടാക്കാൻ പോകുകയാണ്.

ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ നോഡൽ ഏജൻസിയായ കുടുംബശ്രീ യുടെ കീഴിൽ 5 വയസ്സ് മുതൽ 18 വയസ്സ് വരെ പ്രായമുള്ള 6.5 ലക്ഷം കുട്ടികൾ ബാലസഭാ അംഗങ്ങളായി പ്രവർത്തിക്കുന്നു. അനൗപചാരിക വിദ്യാ ഭ്യാസത്തിലൂടെ പരിസ്ഥിതി- സാമൂഹ്യ ചരിത്ര - സാംസ്കാരിക വിഷയങ്ങ ളുടെ പഠനം വിനോദത്തിലൂടെ സാധ്യമാക്കുക എന്നതാണ് ബാലസഭയുടെ പ്രവർത്തന രീതി. കുട്ടികളുടെ വളർച്ചയ്ക്ക് വിഘാതമായി നിൽക്കുന്ന എല്ലാ അവസ്ഥകളെയും ഇല്ലാതാക്കുക എന്നതാണ് ബാലസഭയുടെ ലക്ഷ്യം.

1989 ലെ കുട്ടികളെ അവകാശങ്ങൾ സംബന്ധിച്ച യുഎൻ കൺവെൻഷനിൽ ഭരണ നിർവ്വഹണത്തിൽ പൗരന്മാർ എന്ന നിലയിൽ കുട്ടിക ളുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തേണ്ടതിന്റെ പ്രാധാന്യവും അതിനുവേണ്ടി വേദി സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകതയും ഊന്നി പറയുന്നു. ഇന്ത്യയിൽ കർണ്ണാടകത്തിൽ കുട്ടികളുടെ ഗ്രാമസഭകൾ ഫലപ്രദമായി നടത്തുന്നുണ്ട്, കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുകയെന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രഥാമിക കർത്തവ്യമാണ്. ആധുനിക കാലത്ത് കുട്ടികളുടെ അഭിപ്രായങ്ങൾക്ക് പ്രാമുഖ്യം കൽപ്പിക്കേണ്ടത് എല്ലാ തലത്തിലും അത്യന്താ പേക്ഷിതമാണ്. മാതാപിതാക്കളായാലും അദ്ധ്യാപകർ ആയാലും ഭരണ കർത്താക്കളായാലും കുട്ടികൾ നേരിടുന്ന വെല്ലുവിളികളെയും പ്രശ്നങ്ങ ളെയും സഗൗരവം ശ്രദ്ധിക്കണം. ഭരണാധികാരികളുടെ മുമ്പിൽ കുട്ടികളുടെ പ്രശ്നങ്ങളും പ്രയാസങ്ങളും എത്തിക്കുവാൻ ബാലഗ്രാമസഭകൾ കൊണ്ട് സാധിക്കുന്നതാണ്. പാർലിമെന്ററി പ്രവർത്തനം കുട്ടികളുടെ മുമ്പിൽ അവതരിപ്പിക്കുവാനും പരിചയപ്പെടുത്തുവാനും ബാലസഭയുടെ ബാല പാർലമെന്റ് നടത്തിപ്പ് കൊണ്ട് ഇതിനോടകം തന്നെ സാധിച്ചിട്ടുണ്ട്.

യൂണിസെഫിന്റെ അഭിപ്രായത്തിൽ ഓരോ കുട്ടിക്കും ജീവിക്കാനും, വളരാനും വികസിക്കുവാനും സംരക്ഷിക്കപ്പെടുവാനും അവകാശമുണ്ട്. പ്രസ്തുത അവകാശങ്ങളിന്മേൽ ഏത് തരത്തിലുള്ള കടന്ന് കയറ്റം ആർ

നടത്തിയാലും അത് കുട്ടികളുടെ അവകാശങ്ങളിൽ മേലുള്ള കടന്ന് കയറ്റമായി വിവക്ഷിക്കും. കുട്ടിൾക്ക് അവരുടെ അവകാശങ്ങളെക്കുറിച്ച് കൂടുതൽ ബോധവത്ക്കരണം നടത്തുന്നതിന് എല്ലാവർഷങ്ങളിലും കുട്ടികൾ ക്ക് മാത്രമായി പ്രത്യേക ഗ്രാമസഭകൾ നടത്താൻ പോകുകയാണ്. ഗ്രാമസഭ കൾ നടക്കുന്നതിന്റെ മുന്നോടിയായി കുടുംബശ്രീ ബാലസഭയുടെ നേതൃത്വത്തിൽ 2015 മെയ് 11 -ന് കേരളത്തിലെ എല്ലാ ഗ്രാമങ്ങളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബാലസഭ കുട്ടികളുടെ പങ്കാളിത്തത്തോടെ ബാല സംഗമം നടന്ന് കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത ബാലസഭ ഉദ്ഘാടനം ചെയ്തുകൊണ്ടാണ് പഞ്ചായത്ത്, സാമൂഹ്യനീതി വകുപ്പ് മന്ത്രി കുട്ടികൾക്ക് പ്രത്യേക ഗ്രാമസഭ നടത്തുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളത്.

ജനഹിതം പരിശോധിക്കുന്നതിനും പദ്ധതി പ്രവർത്തനങ്ങളുടെ രൂപരേഖ ഉണ്ടാക്കുന്നതിനും സാമൂഹ്യ-സംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് രൂപം നൽകി ജനങ്ങൾക്ക് ഭരണാധികാരികളുമായി നേരിട്ട് സംവദിക്കാനും കഴിയുന്ന ജനാധിപത്യത്തിന്റെ അടിത്തട്ടായ ഗ്രാമസഭാ പ്രവർത്തനം കേരളത്തിൽ വളരെ ഭംഗിയായി മുന്നോട്ട് പോകുന്നു.

കുട്ടികളുടെ ഗ്രാമസഭയുടെ പ്രധാന ഉദ്ദേശങ്ങൾ:-

1. കുട്ടികളുടെ പ്രശ്നങ്ങൾ അധികാരികളുടെ മുമ്പിൽ കൊണ്ടുവരിക
2. ഗ്രാമസഭയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ കുട്ടികളിൽ എത്തിക്കുക
3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്തി കൊടുക്കുക
4. ജനാധിപത്യ പ്രക്രിയയുടെ പ്രധാന്യം കുട്ടികൾക്ക് പരിചയപ്പെടുത്തി കൊടുക്കുക
5. കുട്ടികൾക്ക് വേണ്ടി ചിലവഴിക്കുന്ന പദ്ധതി തുകയിൽ അവർ ആഗ്രഹിക്കുന്ന പദ്ധതികളുടെ രൂപകൽപ്പന നടത്തുക
6. ശിശു-സൗഹൃദ പ്രദേശങ്ങളായി മാറുന്നതിനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തുക
7. കുട്ടികളുടെ വ്യത്യസ്തങ്ങളായ അവകാശങ്ങൾ സംരക്ഷിക്കുവാനും അവരുടെ വളർച്ചയ്ക്കും വികാസത്തിനും പ്രതിബന്ധങ്ങളായി നിൽക്കുന്ന എല്ലാ ഘടകങ്ങളെയും ഇല്ലാതാക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്യുക
8. ജനപ്രതിനിധികളുമായി ആശയ വിനിമയം നടത്തുക
9. വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥൻമാരുമായി കുട്ടികളുടെ പ്രശ്നങ്ങളിൽ സംവദിക്കുക
10. സാമൂഹ്യ-സാംസ്കാരിക പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുക

കുട്ടികളുടെ ഗ്രാമസഭാ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ബാലസഭ റിസോഴ്സ് പേഴ്സൺമാരെ കുടുംബശ്രീ നിയോഗിക്കുന്നതാണ്. കുടുംബശ്രീ എഡിഎസ്സുകളുടെ നേതൃത്വത്തിലുള്ളവർ ഗ്രാമസഭ പ്രവർത്തനം നടത്താൻ ആവശ്യമായ എല്ലാ സഹായസൗകര്യങ്ങളും നൽകുന്നതാണ്.

പഞ്ചായത്തിരാജ്- അധികാര വികേന്ദ്രീകരണ - ദാരിദ്ര്യനിർമ്മാർജ്ജന ക്ഷേമ പ്രവർത്തനങ്ങളിൽ ഇന്ത്യക്ക് മാതൃകയായി പ്രവർത്തിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. കുട്ടികളെയും സ്ത്രീകളെയും പ്രത്യേകമായി കണ്ട് അവരുടെ പ്രശ്നങ്ങളിൽ ഇടപെട്ട് ക്ഷേമപ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ദിശാബോധം ഉണ്ടാക്കുകയും ചെയ്യാൻ സംസ്ഥാന സർക്കാരിന് സാധിച്ചിട്ടുണ്ട്. പ്രത്യേകിച്ച് കുടുംബശ്രീ പ്രസ്ഥാനത്തിലൂടെ 44 ലക്ഷം സ്ത്രീകൾ അവരുടെ ജീവിത വിജയത്തിനായി പ്രവർത്തിക്കുകയും അവരുടെ പ്രശ്നങ്ങളിൽ നിരന്തരം ഇടപെട്ട് പ്രയാസരഹിതമായ ജീവിതത്തിന് ഒരു ഒറ്റമൂലിയായി കുടുംബശ്രീ സാന്നിദ്ധ്യമറിയിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ രാജ്യത്തിന്റെ പ്രധാനമന്ത്രിയിൽ നിന്നു പോലും പ്രശംസ നേടുകയും ചെയ്ത സാഹചര്യത്തിൽ കുട്ടികളുടെ കാതലായ പ്രശ്നങ്ങൾ പരിഹരിക്കുവാനും അവർക്ക് ഒത്തുചേരലിന്റെ ഒരിടം ഉണ്ടാക്കി വാർഡ് തലങ്ങളിൽ കുട്ടിക്കൂട്ടം ഗ്രാമസഭകളായി മാറി കേരളം ഒരു പുതു കാൽവയ്പ്പോടെ കുട്ടികളുടെ ഗ്രാമസഭ സംഘടിപ്പിക്കുമ്പോൾ കേരളത്തിലെ പഞ്ചായത്ത്-സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ.എം.കെ. മുനീറിന്റെ നേട്ടങ്ങളുടെ പട്ടികയിൽ മറ്റൊരു പൊൻതൂവൽ കൂടി തുന്നിച്ചേർക്കുന്നു. ◆

ലേഖകൻ കുടുംബശ്രീ സംസ്ഥാന മിഷൻ പ്രോഗ്രാം ഓഫീസറാണ്

മണ്ണ് ജീവന്റെ തറവാട്

കെ. ഗോപകുമാർ

കോടാനുകോടി വർഷങ്ങളിലൂടെ പ്രപഞ്ചശക്തികളുടെ പ്രവർത്തന ഫലമായി രൂപം കൊണ്ടതാണ് മണ്ണ്. ജീവജാലങ്ങൾ ചേർക്കുന്ന ജൈവാംശം അതിനുചൈതന്യം പകരുന്നു. ജൈവാംശത്തിലൂടെ പുഷ്ടിപ്പെടുന്ന മണ്ണിലെ സൂക്ഷ്മജീവികളാണ് മണ്ണിനെ ജീവനുള്ളതാക്കുന്നത്. ജൈവാംശം മണ്ണിന് അമൃതാണ്. ഓരോ പ്രദേശത്തും രൂപം കൊള്ളുന്ന മണ്ണ് നിരവധി കാരണങ്ങളാൽ വ്യത്യസ്തമായിരിക്കുന്നു. അതുകൊണ്ടുതന്നെ അതിലടങ്ങിയിരിക്കുന്ന പോഷകമൂലകങ്ങൾ ഉൾപ്പെടെയുള്ള ഘടകങ്ങളും വ്യത്യാസപ്പെട്ടിരിക്കും. നമ്മുടെ സംസ്ഥാനത്തിന്റെ കാര്യത്തിൽ ഇത് വളരെയധികം പ്രാധാന്യമുള്ള കാര്യമാണ്. തീരെ ചെറുതാണെങ്കിലും കേരളത്തിന്റെ പ്രത്യേക കിടപ്പും ഭൂപ്രകൃതിയും കാലാവസ്ഥയും മറ്റു കാരണങ്ങളാലും നിരവധി മണ്ണിനങ്ങളാണ് ഇവിടെ രൂപപ്പെട്ടിരിക്കുന്നത്. ജീവന്റെ നിലനിൽപ്പിന് തന്നെ ആധാരമായ അമൂല്യവരദാനമായ മണ്ണ് പ്രത്യേക പ്രാധാന്യമൊന്നും കൊടുത്തില്ലെങ്കിലും എക്കാലവും ഇതേപോലെ നിലനിന്നോളും എന്നൊരു ധാരണ പരക്കെയുണ്ട്. പക്ഷെ ലോകമെമ്പാടും കാണുന്ന മാറ്റങ്ങൾ സൂചിപ്പിക്കുന്നത് ഈ അമൂല്യനിധി അതിവേഗത്തിൽ ക്ഷയിച്ചുകൊണ്ടിരിക്കുകയാണ് എന്നാണ്. ഭക്ഷണം നമ്മുടെ മൗല്യാവകാവശ്യം ആണ്. ലോകമെമ്പാടും ജനസംഖ്യ വർധിച്ചു വരുന്നതും അതെസമയം മണ്ണിന്റെ ഉൽപ്പാദനശേഷി കുറഞ്ഞുവരുന്നതും ഭക്ഷ്യക്ഷാമത്തിന് കാരണമാകും. ക്ഷയിച്ചുകൊണ്ടും മലിനീകരിക്കപ്പെട്ടുകൊണ്ടുമിരിക്കുന്ന മണ്ണ് എന്ന പ്രകൃതി വിഭവത്തെ അതിവൈദഗ്ധ്യത്തോടെയും അതീവശ്രദ്ധയോടും ഉപയോഗിച്ചാൽ മാത്രമേ 700 കോടി കവിഞ്ഞ ലോകജനതയ്ക്ക് നിലനിൽപ്പിനുള്ള ഭക്ഷണമെങ്കിലും ഉത്പ്പാദിപ്പിക്കാൻ കഴിയുകയുള്ളൂ.

ഭൂഗോളത്തിന്റെ കട്ടി കുറഞ്ഞ പുറന്തോടിന്റെ പുറമേയുള്ള നേർത്ത പാടപോലെയുള്ള ആവരണമാണ് മണ്ണ്. അനേകകോടി വർഷങ്ങളിലൂടെ വെയിൽ, മഴ, മഞ്ഞ്, കാറ്റ് തുടങ്ങിയ പ്രകൃതി ശക്തികളുടെ നിരന്തരമായ പ്രവർത്തനഫലമായി പാറകളിൽ വിള്ളൽ ഉണ്ടാവുകയും കാലാന്തരത്തിൽ അവ പൊടിയുകയും ചെയ്യും. പൊടിഞ്ഞ പാറക്കഷണങ്ങളിൽ ജീവജാലങ്ങൾ വളർന്നു തുടങ്ങുകയും ഇവയുടെ അവശിഷ്ടങ്ങൾ വീണു ചെറിയ തോതിൽ ജൈവാംശം ചേർക്കപ്പെടുകയും ചെയ്യും. ഇങ്ങനെ പാറയിൽ നിന്ന് ലഭിക്കുന്ന ധാതുപദാർത്ഥങ്ങളും ജൈവാംശങ്ങളും മഴവെള്ളവും വായുവും എല്ലാം കൂടി ഇഴുകിച്ചേർന്ന് മണ്ണ് രൂപം കൊള്ളുന്നു. കൃഷിക്ക് ഉത്തമമായ മണ്ണിൽ അമ്പത് ശതമാനത്തോളം

ഖരപദാർത്ഥങ്ങളും ബാക്കി ഭാഗം വെള്ളവും വായുവും ആയിരിക്കും. ഖരപദാർത്ഥങ്ങളിൽതന്നെ ഏതാണ്ട് അഞ്ചുശതമാനമെങ്കിലും ജൈവാംശം ആയിരിക്കണം. ബാക്കി നാൽപ്പത്തഞ്ച് ശതമാനത്തോളം പാറയിൽ നിന്നും ലഭിക്കുന്ന ധാതുക്കൾ. എന്നാൽ ഇതെല്ലാം ഉണ്ടെങ്കിലും ഏറ്റവും പ്രധാനഘടകം അതിലെ ജീവജാലങ്ങളാണ്. ഒരിഞ്ചു മേൽമണ്ണ് ഉണ്ടാകാൻ കുറഞ്ഞത് ആയിരം വർഷമെങ്കിലും എടുക്കും എന്നറിയുമ്പോൾ മണ്ണ് നഷ്ടപ്പെടാതെ കാത്ത് സൂക്ഷിക്കേണ്ടത് നമുക്കും വരും തലമുറയ്ക്കും എത്രമാത്രം അത്യന്താപേക്ഷിതമാണെന്ന് മനസ്സിലാക്കാമല്ലോ?

ഈ ഘടകമാണ് മണ്ണിനു ജീവൻ നൽകുന്നത്. ജൈവാംശം കലർന്ന മണ്ണ് കറുപ്പോ തവിട്ടു കലർന്ന കറുപ്പോ നിറത്തിൽ കാണുന്നു. ഈ മേൽമണ്ണിലാണ് മണ്ണിൽ അധിവസിക്കുന്ന ജന്തുക്കൾ ഏറ്റവും കൂടുതൽ കാണുന്നത്. സസ്യവളർച്ചയ്ക്കാവശ്യമായ മൂലകങ്ങൾ ഏറ്റവും കൂടുതൽ കാണുന്ന ഈ ഭാഗം വായുസഞ്ചാരമുള്ളതും വെള്ളം ആവശ്യമായ അളവിൽ സംഭരിച്ചും വയ്ക്കാൻ കഴിവുള്ളതുമാണ്.

ധാതുക്കൾ, ജൈവാംശം, ജലം, വായു എന്നിവയാണ് മണ്ണിലെ നാലു പ്രധാന ഘടകങ്ങൾ. വെള്ളവും വളവും സംഭരിച്ചു വെയ്ക്കാനും ചെടികൾക്കാവശ്യമായ തോതിൽ നൽകാനും സഹായിക്കുന്നത് ജൈവാംശമാണ്. 'പോഷകമൂലകങ്ങളുടെ കലവറ' എന്നാണ് മണ്ണിലെ ജൈവാംശത്തിനെ വിശേഷിപ്പിക്കുന്നത്. ജൈവാംശത്തിലാണ് മണ്ണിൽ വസിക്കുന്ന അനേകകോടി ജീവജാലങ്ങൾ സ്ഥിതിചെയ്യുന്നത്. ഈ ജീവികളാണ് മണ്ണിനെ ജീവനുള്ളതാക്കി മാറ്റുന്നത്. കൃഷിക്ക് ഏറ്റവും ഉത്തമമായ മണ്ണിൽ പകുതിഭാഗം ധാതുക്കളും ജൈവാംശങ്ങളും അടങ്ങിയ ഖരപദാർത്ഥങ്ങളും കാൽഭാഗം വെള്ളവും ബാക്കി കാൽഭാഗം വായുഅറകളുമായിരിക്കും. മണ്ണിൽ കാണുന്ന മൺതരികളെ വലിപ്പമനുസരിച്ച് ഗ്രാവൽ, ചരൽ, മണൽ, എക്കൽ, ചെളി എന്നിങ്ങനെ വേർതിരിക്കാം. ഇവയിൽ ഗ്രാവൽ, ചരൽ മുതലായവ കൃഷിക്ക് ഒരു തരത്തിലും പ്രയോജനപ്പെടുന്നില്ല. കൃഷിയിൽ പ്രാധാന്യമർഹിക്കുന്നവ മണൽ, എക്കൽ, ചെളി എന്നീ തരികളാണ്. ചെളിയാണ് മണ്ണിലെ ഏറ്റവും പ്രവർത്തനനിരതമായ ഘടകം. മണൽ, എക്കൽ, ചെളി എന്നീ മൂന്നു തരികളും ഒരേ അനുപാതത്തിൽ കാണുമ്പോൾ അതിനെ പശിമരാശി മണ്ണ് എന്ന് പറയും. ഇതാണ് സസ്യവളർച്ചയ്ക്കു ഏറ്റവും ഉത്തമമായ മണ്ണ്.

രണ്ടുതരം വായു അറകൾ ആണ് മണ്ണിൽ കാണുന്നത് വലുതും (സ്ഥൂലം) തീരെ ചെറുതും (സൂക്ഷ്മം). ഇവയിൽ സൂക്ഷ്മ അറകളിലാണ് വെള്ളം സംഭരിക്കപ്പെടുക. സ്ഥൂല അറകളിൽ കൂടിയാണ് വായു സഞ്ചാരം നടക്കുന്നത്.

മണ്ണിൽ അടങ്ങിയിരിക്കുന്ന ധാതു പദാർത്ഥങ്ങളുടെ ഇനമനുസരിച്ച് മണ്ണിന്റെ നിറം വ്യത്യസ്തമായിരിക്കും. നമ്മുടെ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കാണുന്ന മണ്ണിന്റെ നിറം ചുവപ്പുകലർന്ന മഞ്ഞ, ഓറഞ്ച് എന്നിങ്ങനെയാണ്. ഇരുമ്പിന്റെ സംയുക്തമാണ് ഇതിനു കാരണം. കടലോരത്തെ മണ്ണ് വെളുത്ത നിറത്തിൽ കാണാൻ കാരണം സിലിക്ക എന്ന ധാതുവാണ്. കറുപ്പുനിറത്തിലും തവിട്ടുനിറത്തിലുമുള്ള മണ്ണിനങ്ങൾ ഉണ്ട്. വെള്ളം നന്നായി പിടിച്ചുനിർത്തുവാനും ആവശ്യത്തിന് ചെടികൾക്ക് ലഭ്യമാക്കുകയും ചെയ്യാനുള്ള കഴിവ് നല്ല ഘടനയുള്ള മണ്ണിന്റെ ലക്ഷണമാണ്. സസ്യവളർച്ചയെ

ധാതുക്കൾ, ജൈവാംശം, ജലം, വായു എന്നിവയാണ് മണ്ണിലെ നാലു പ്രധാന ഘടകങ്ങൾ. വെള്ളവും വളവും സംഭരിച്ചു വെയ്ക്കാനും ചെടികൾക്കാവശ്യമായ തോതിൽ നൽകാനും സഹായിക്കുന്നത് ജൈവാംശമാണ്. 'പോഷകമൂലകങ്ങളുടെ കലവറ' എന്നാണ് മണ്ണിലെ ജൈവാംശത്തിനെ വിശേഷിപ്പിക്കുന്നത്. ജൈവാംശത്തിലാണ് മണ്ണിൽ വസിക്കുന്ന അനേകകോടി ജീവജാലങ്ങൾ സ്ഥിതിചെയ്യുന്നത്. ഈ ജീവികലാണ് മണ്ണിനെ ജീവനുള്ളതാക്കി മാറ്റുന്നത്.



സ്വാധീനിക്കുന്നതിൽ പരമ പ്രാധാന്യം അർഹിക്കുന്ന ഒരു ഘടകം ആണ് മണ്ണിന്റെ രാസപ്രതികരണം. മണ്ണിന്റെ അമ്ല ക്ഷാരസൂചിക അഥവാ പി.എച്ച്. തിട്ടപ്പെടുത്തിയാണ് ഇത് അളക്കുന്നത്. പി.എച്ച്. 0–7 വരെ അമ്ലമയമായും 7–14 വരെ ക്ഷാരമയമായും കണക്കാക്കപ്പെടുന്നു. തീരെ അമ്ലമയമോ ക്ഷാരമയമോ ആയ മണ്ണ് സസ്യവളർച്ചയ്ക്ക് ഉത്തമമല്ല. കേരളത്തിലെ മണ്ണുകൾ പൊതുവെ അമ്ലസ്വഭവമുള്ളതാണ്. ഏതാണ്ട് എല്ലാ മൂലകങ്ങളും ലയമാകുന്നതും തദ്വാര ചെടികൾക്ക് വലിച്ചെടുക്കാൻ പറ്റിയ രൂപത്തിലാവുന്നതും പി.എച്ച്. 6നും 7നും ഇടയ്ക്ക് രേഖപ്പെടുത്തുമ്പോഴാണ്.

പ്രകൃതിയിൽ ഫോട്ടോസിന്തസിസ് കഴിഞ്ഞാൽ ജീവന്റെ നിലനിൽപ്പിന് അത്യാവശ്യമായ മറ്റൊരു പ്രതിഭാസമാണ് മണ്ണിൽ നടക്കുന്ന മൂലക (അയോൺ) വിനിമയം മണ്ണിൽ അടങ്ങിയിരിക്കുന്ന കോളൊയ്ഡ് പരലുകൾ തമ്മിൽ തമ്മിലും പരലുകളും വേരുകളും തമ്മിലും എപ്പോഴും ഇങ്ങനെ മൂലക (അയോൺ) വിനിമയം നടന്നുകൊണ്ടിരിക്കുകയാണ്.

മണ്ണിലുള്ള പലതരം ബാക്ടീരിയകളും കുമിളുകളും ആക്ടീനോ മൈസിറ്റ്സ് വർഗ്ഗത്തിൽപ്പെടുന്ന സൂക്ഷ്മജീവികളുമാണ്. ജൈവപദാർത്ഥങ്ങളെ വിഘടിപ്പിച്ച് ലഘുപദാർത്ഥങ്ങളാക്കുന്നത്. സൂക്ഷ്മജീവികളുടെ പ്രവർത്തനഫലമായി സങ്കീർണ്ണങ്ങളായ സംയുക്തങ്ങൾ വിഘടിക്കപ്പെടുകയും കാർബൺ ഡൈ ഓക്സൈഡും വെള്ളവുമായി രൂപാന്തരം കൊള്ളുകയും ചെയ്യുന്നു. ഇങ്ങനെ ഉണ്ടാകുന്ന കാർബൺഡൈ ഓക്സൈഡ് അന്തരീക്ഷത്തിലേക്ക് ചേരുന്നു. വീണ്ടും ആഗിരണം ചെയ്യപ്പെടുന്നതുവരെ ഈ കാർബൺഡൈഓക്സൈഡ് അന്തരീക്ഷത്തിൽ തങ്ങുന്നു. ഇതൊരു ചാക്രികപരിണാമമാണ്. ഇതിനെയാണ് കാർബൺ ചക്രം എന്നു വിളിക്കുന്നത്.

മണ്ണിലെ താപനില, ജലാംശം, രാസപ്രതികരണ പോഷകമൂലകങ്ങൾ, ജൈവാംശം മണ്ണിലെ സസ്യജാതികൾ തുടങ്ങിയവയെല്ലാം സസ്യവളർച്ചയെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്. മണ്ണിൽ വളരുന്ന വൈവിധ്യമാർന്ന കോടാനുകോടി ജീവി സമൂഹമാണ് ആരോഗ്യമുള്ളതാക്കുന്നത്. പുറമേ കണ്ടാൽ വെറും പാറയും ചരലും ഒക്കെ എന്ന് തോന്നുമെങ്കിലും അതിലുള്ള ജീവജാലങ്ങൾ പ്രത്യേകിച്ച് മുകളിലത്തെ അഞ്ചിഞ്ച് മണ്ണിൽ കാണപ്പെടുന്നവ നമുക്ക് ഊഹിക്കാൻ പോലുമാകാത്തത്രയുമാണ്. ഭൂമിയുടെ ഉപരിതലത്തിൽ കാണപ്പെടുന്നതിനേക്കാൾ ജീവജാലങ്ങൾ മണ്ണിലുണ്ട്. മണ്ണിൽ അധിവസിക്കുന്ന നിസ്സാരജീവികളായ ബാക്ടീരിയകൾ ആണ് അന്തരീക്ഷത്തിലെ മൊത്തം ഓക്സിജന്റെ പകുതിയും പുനചക്രമണം ചെയ്യാൻ സഹായിക്കുന്നത്. ഭൂമിയിലെ മൊത്തം ജൈവവൈവിധ്യത്തിന്റെ 90% മണ്ണിലാണ്. മണ്ണിന്റെ വളക്കൂററിയാൻ ഒരെളുപ്പവഴിയാണ് അതിന്റെ കാർബൺ, നൈട്രജൻ അനുപാതം കണ്ടുപിടിക്കുകയെന്നത്. നൈട്രജന്റെ നല്ലൊരു കലവറയാണ് മണ്ണിലെ ജൈവാശം. ജൈവാംശം പരിശോധിച്ചാൽ കാർബണും നൈട്രജനും തമ്മിൽ സ്ഥിരമായ ഒരു അനുപാതം നിലനിർത്തുന്നുണ്ടെന്നു കാണാം. മണ്ണിലെ വിവിധതരം ജീവികൾ അവയുടെ ആഹാരത്തിനു മാത്രമല്ല, ജീവകോശപ്രവർത്തനങ്ങൾക്കാധാരമായ ഊർജ്ജത്തിനും ആശ്രയിക്കുന്നത് ജൈവാംശത്തെയാണ്.

മണ്ണിൽ കാണുന്ന ജീവജാലങ്ങളെ പൊതുവെ രണ്ടായി തിരിക്കാം. സസ്യവിഭാഗത്തിൽ വരുന്നവയും ജന്തു വിഭാഗത്തിൽ വരുന്നവയും. നമുക്ക് നേരിട്ടു കാണാൻ പറ്റുന്ന ജന്തുക്കൾ മുതൽ ഇലക്ട്രോൺ മൈക്രോസ്കോപ്പ് ഉപയോഗിച്ച് മാത്രം കാണാൻ പറ്റുന്ന തരത്തിലുള്ള ജീവികൾ വരെ ഇതിൽപ്പെടും. മണ്ണിര. ചിതൽ, ബാക്ടീരിയ, ആക്ടിനോമൈസീട്സ്, കുമിളുകൾ, ആൽഗകൾ, പ്രോട്ടോസോവ കുമിളുകൾ, പ്രോട്ടോസോവ, നിമറ്റോടുകൾ തുടങ്ങിയവയെല്ലാം പ്രത്യേക ധർമ്മങ്ങൾകൊണ്ട് മണ്ണിനെ ജീവസുറ്റതാക്കുന്നു.

പ്രകൃതിയിൽ കാണുന്ന 118 മൂലകങ്ങളിൽ ഏതാണ്ട് 60 ൽപ്പരം മൂലകങ്ങൾ സസ്യശരീരത്തിൽ കാണപ്പെടുന്നുണ്ട്. ഇവയിൽ 17 മൂലകങ്ങൾ മാത്രമാണ് എല്ലാ സസ്യങ്ങൾക്കും ആവശ്യമെന്ന് തെളിയിക്കപ്പെട്ടിട്ടുള്ളത്. ഇവ കാർബൺ, ഹൈഡ്രജൻ, ഓക്സിജൻ, നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാസ്യം, കാത്സ്യം, മഗ്നീഷ്യം, സൾഫർ, ഇരുമ്പ്, മാംഗനീസ്, ചെമ്പ്, നാകം, ബോറോൺ, മോളിബ്ഡിനം, ക്ലോറിൻ, നിക്കൽ എന്നിവയാണ്. ഇതിൽ നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാസ്യം എന്നീ മൂലകങ്ങളെയാണ് സസ്യപോഷണത്തിലെ 'ത്രിമൂർത്തികൾ' എന്ന് വിളിക്കുന്നത്.

കേരളത്തിലെ മണ്ണിനങ്ങൾ

നമ്മുടെ സംസ്ഥാനം താരതമ്യേന ചെറുതാണെങ്കിലും ഏറ്റവും കൂടുതൽ തരത്തിലുള്ള മണ്ണിനങ്ങൾ കാണപ്പെടുന്ന ഭൂപ്രദേശമാണ്. ഇവിടുത്തെ പ്രത്യേക ഭൂപ്രകൃതിയും കാലാവസ്ഥയും പലതരം മണ്ണുകൾ രൂപപ്പെട്ടിരിക്കുന്നു. മഴ ധാരാളം ലഭിക്കുന്ന നാടാണ് കേരളം. അതുപോലെ തന്നെ മലനിരകൾ മുതൽ കടലോരം വരെയുള്ള ഭൂവിഭാഗങ്ങൾ കുത്തനെയുള്ള ചെരുവുകളും പുഴകളും, കായലുകളും എല്ലാംകൂടി നാനാപ്രകാരത്തിലുള്ള മണ്ണിനങ്ങൾ രൂപപ്പെടുത്തിയിരിക്കുന്നു.

മണൽ മണ്ണ്

കേരളത്തിന്റെ തീരദേശത്തിൽ കാണുന്ന വെളുത്ത മണ്ണാണിത്. മണലിന്റെ അംശം കൂടുതലായി അടങ്ങിയിരിക്കുന്ന ഈ മണ്ണ് വലിയ തരികളായി കാണപ്പെടുന്നു. ചെളിയുടെ അംശം തീരെക്കുറവായതിനാൽ വെള്ളവും വളവും പിടിച്ചുനിർത്താനുള്ള ശേഷി കുറയും. ജൈവാംശത്തിന്റെ അഭാവം കാരണം സ്ഥായിയായ ഒരു ഘടന ഇല്ല. ധാരാളം ജൈവവളം ചേർത്ത് മണ്ണിന്റെ ഫലപുഷ്ടി വർദ്ധിപ്പിച്ച് ഏതു വിളയും കൃഷിചെയ്യാവുന്നതാണ്.

വെട്ടുകൽ മണ്ണ്

മണ്ണുവെട്ടിയെടുത്ത് കല്ലുണ്ടാക്കാൻ ഉപയോഗിക്കുന്നതുകൊണ്ടാണ് ഈ പേര് വന്നത്. നമ്മുടെ സംസ്ഥാനത്തെ ഏറ്റവും കൂടുതൽ കാണപ്പെടുന്ന മണ്ണാണിത്. ഇടനാട്ടിലാണ് കൂടുതൽ കാണുന്നത്. മഞ്ഞയോ തവിട്ടുകലർന്ന ചുവപ്പു നിറത്തിലോ കാണുന്ന ഈ മണ്ണിൽ ഇരുമ്പിന്റെയും അലുമിനിയത്തിന്റെയും അംശം അധികമായി കാണുന്നു. ഇത്തരം മണ്ണിൽ കൃഷി ചെയ്യുമ്പോൾ ജൈവവളത്തിന്റെ ഉപയോഗം വളരെ പ്രധാനമാണ്.

വനമണ്ണ്

സംസ്ഥാനത്തിന്റെ കിഴക്ക് ഭാഗത്ത് തെക്ക് വടക്കായി ഉഷ്ണമേഖല വനവിഭാഗത്തിൽ വരുന്ന മഴക്കാടുകളാൽ മൂടപ്പെട്ട ഭാഗത്താണ് ഈ ഇനം മണ്ണുള്ളത്. മേൽമണ്ണ് നല്ല കറുപ്പ് നിറമായിരിക്കും. സമൃദ്ധമായി ജൈവാംശ മടങ്ങിയ മണ്ണാണിത്.

തീരദേശ എക്കൽമണ്ണ്

മലനിരകളിൽ നിന്നും നദികൾ ഒഴുക്കിക്കൊണ്ടുവരുന്ന ചെളിയും എക്കലും സമതല പ്രദേശങ്ങളിൽ അടിഞ്ഞുകൂടി മേൽമണ്ണ്, അടിമണ്ണ് തുടങ്ങി പല അടുക്കുകളായി രൂപപ്പെടുന്നു. നല്ല ഫലഫൂയിഷ്ടതയുള്ള മണ്ണാണിത്.

അമ്ലലവണ മണ്ണുകൾ

എറണാകുളം, തൃശൂർ, കണ്ണൂർ ജില്ലകളിലാണ് ഇവ കാണപ്പെടുന്നത്. കായലുകൾക്കും അഴിമുഖങ്ങൾക്കും സമീപമുള്ള സ്ഥലങ്ങൾ പലതും സമുദ്രനിരപ്പിനും താഴെ സ്ഥിതിചെയ്യുന്നതുകൊണ്ട് ഇങ്ങനെയുള്ള സ്ഥലങ്ങളിൽ ഓരുവെള്ളം

കയറുക പതിവാണ്. ഇത് കാരണം മണ്ണ് സ്വതവേ അമ്ലമയമാണെങ്കിലും ലവണാംശം വളരെ കൂടുതൽ ആകുന്നത് കൃഷി ദുഷ്ക്കരമാക്കുന്നു. നമ്മുടെ തീരപ്രദേശങ്ങളിൽ പല സ്ഥലത്തും ഇത്തരം മണ്ണുകൾ പല പേരുകളിലാണ് അറിയപ്പെടുന്നത്.

പൊക്കാളി മണ്ണ്

പൊക്കാളി കൃഷിരീതി അവലംബിക്കുന്നതിൽ നിന്നാണ് ഈ പേര് വന്നത്. മണ്ണ് ആഴമുള്ളതും ചെളിയുടെ അംശം കൂടുതൽ ഉള്ളതുമാണ്. മണ്ണ് അമ്ലഗുണ പ്രധാനമാണ്. ഓരുവെള്ളം കയറുന്നതുകൊണ്ട് വർഷത്തിൽ എല്ലാ സമയത്തും കൃഷി സാധ്യമല്ല.

കൈപ്പട് നിലങ്ങൾ

കണ്ണൂർ ജില്ലയിലാണ് കൈപ്പട് നിലങ്ങൾ കാണപ്പെടുന്നത്. പൊക്കാളി നിലങ്ങളുടെ സമാന സ്വഭാവ സവിശേഷതകൾ ഉള്ള നിലങ്ങൾ ആണ് ഇവ. ഒരു പ്രധാന വ്യത്യാസം മേൽമണ്ണ് അത്രതന്നെ ചെളിമയമല്ല എന്നുള്ളതാണ്.

കരിമണ്ണ്

വേമ്പനാട് കായലിനോട് തൊട്ടു കുട്ടനാടൻ ഭാഗത്ത് ആലപ്പുഴ, കോട്ടയം ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന കറുത്ത നിറമുള്ള മണ്ണ്. ഈ നിലങ്ങളെ കരിനിലങ്ങൾ എന്നും വിളിക്കുന്നു. അതിരൂക്ഷമായ അമ്ലത്വവും ലവണങ്ങളും കൂടിചേർന്ന് സാധാരണ രീതിയിലുള്ള ഏത് കൃഷിയും അസാധ്യമാക്കിത്തീർക്കുന്നു.

കോൾമണ്ണ്

കരിനിലങ്ങളോട് ഏറെ സമാനതകളുള്ളവയാണ് കോൾ നിലങ്ങൾ. തൃശൂർ, മലപ്പുറം ജില്ലകളിലെ തീരദേശങ്ങളിൽ ആണ് കോൾനിലങ്ങൾ കാണപ്പെടുന്നത്. കരിനിലങ്ങളെപ്പോലെ ഇവയും സമുദ്രനിരപ്പിൽ നിന്ന് ഒന്ന് രണ്ട് മീറ്ററോളം താഴെയാണ് സ്ഥിതിചെയ്യുന്നത്. ഈ മണ്ണിൽ ജൈവാംശങ്ങളും പോഷകമൂലകങ്ങളും ധാരാളമുണ്ട്.

ചെമ്മണ്ണ്

തിരുവനന്തപുരം ജില്ലയുടെ തെക്കൻപ്രദേശങ്ങളിൽ കാണപ്പെടുന്ന കടുത്ത ചുവപ്പ് നിറത്തിലുള്ള മണ്ണാണിത്. ഇരുമ്പിന്റെ ഓക്സൈഡ് ആയ ഹേമറൈറ്റ് ആണ് മണ്ണിനു ചുവപ്പുനിറം കൊടുക്കുന്നത്. ജൈവാംശവും പോഷകമൂലകങ്ങളും വളരെ കുറവാണ്.

കറുത്ത പരുത്തിമണ്ണ്

കേരളത്തിൽ പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിൽപ്പെട്ട കുറച്ചു സ്ഥലത്തു മാത്രം കാണുന്ന മണ്ണാണിത്. തമിഴ്നാട്ടിൽ വ്യാപകമായി കാണപ്പെടുന്ന കരിമണ്ണിന്റെ തുടർച്ചയായി കരുതാം. മണ്ണ് പൊതുവെ ചെളിയുടെ അംശം കൂടുതലും ക്ഷാരഗുണം കാണിക്കുന്നവയുമാണ്.

ലോകത്തിലെ ഏത് ആവാസവ്യവസ്ഥയും നിലനിൽക്കുന്നത് പ്രകൃതിയുടെ വരദാനങ്ങളായ മണ്ണിനെയും വെള്ളത്തേയും ആശ്രയിച്ചാണ്. ചരിത്രം പരിശോധിച്ചാൽ, സംസ്കാരങ്ങൾ ഉടലെടുത്തിട്ടുള്ളതും തഴച്ചുവളർന്നിട്ടുള്ളതും ഇവയെ ആശ്രയിച്ചാണ് എന്ന് കാണാൻ കഴിയും. മണ്ണിനെ സംരക്ഷിക്കാതെ മണ്ണിനെ വിലമതിക്കാതെ ഒരു സംസ്കാരവും നിലനിൽക്കുന്നതല്ല. എന്നാൽ ഇന്ന് എന്തിനേയും ഏതിനേയും ലാഭേച്ഛയോടെ മാത്രം നോക്കിക്കാണുന്ന നമുക്ക് മണ്ണും വെള്ളവും വെറും ഉല്പ്പാദനോപാധികൾ മാത്രമായി. കേരളത്തിൽ നെൽപ്പാടങ്ങളും തണ്ണീർ തടങ്ങളും വൻതോതിൽ നികത്തപ്പെടുകയാണ്. 1970 ൽ എട്ട് ലക്ഷത്തോളം ഹെക്ടറിൽ നടത്തിയിരുന്ന നെൽകൃഷി ഇന്ന് കഷ്ടിച്ച് രണ്ടരലക്ഷം ഹെക്ടറിലേക്ക് ചുരുങ്ങിയിരിക്കുന്നു. വനനശീകരണംമൂലം കുത്തിയൊലിച്ചുപോയ നമ്മുടെ അമൂല്യനിധി വിലമതിക്കാൻ കഴിയാത്തതാണ്. അശാസ്ത്രീയമായ കൃഷിരീതികൾ, തെറ്റായ ഭൂവിനിയോഗം, ഭൂമിയെ വിൽപ്പനചരക്കാക്കിമാറ്റിക്കൊണ്ടുള്ള കമ്പോള 'സംസ്കാരം, അശാസ്ത്രീയമായ രാസവളപ്രയോഗം സസ്യ-ജന്തു സമ്പത്തിന്റെ നശീകരണം തുടങ്ങിയവ എല്ലാംതന്നെ മരുവൽക്കരണത്തിന്റെ ദിശയിലേക്ക് ജീവിതത്തെ കൊണ്ടെത്തിച്ചിരിക്കുകയാണ്. സമൃദ്ധമായ മഴയും വൈവിദ്ധ്യസമൃദ്ധമായ സസ്യജന്തു ജനുസുകളുടെയും അപൂർവമായ കേരളത്തെ കേരളീയരായ നമ്മൾ യാതൊരു വിലയും കൽപ്പിക്കുന്നില്ല. ഇത് ഇരിക്കുന്ന കൊമ്പ് മുറിക്കുന്ന വിഡ്ഢിയുടെ അവസ്ഥയാണ്. നമ്മുടെ സംസ്കാരവും, കലയും, ആഘോഷങ്ങളും. ഭക്ഷണവും, ആരോഗ്യശീലങ്ങും സമ്പന്നമാക്കിയിരുന്നത് ഈ മണ്ണും അതിൽ നിന്നും കിനിയുന്ന ജലവും പിന്നെ സർവ്വ ഊർജ്ജത്തിന്റെയും ആദാതാവുമാണ്. ഇനിയും ഈ വെളിച്ചം നമ്മുടെ മനസ്സിൽ കയറാതിരുന്നാൽ മിന്നാമിനുങ്ങളുടെ പിറകെ ഓടി തമസ്സിന്റെ ഗർദ്ദങ്ങളിൽ വീണ് നമ്മൾ സർവ്വനാശത്തിനിരയാകും.

(കടപ്പാട്: മണ്ണും സസ്യപോഷണവും- ഡോ. സി.ആർ. സുധർമ്മയിദേവി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്).

◆

ടി.സി. സുനിൽദത്ത്

അന്നത്തെ അത്തച്ചമയം

അത്തച്ചമയം എന്ന വാക്കും അതിന്റെ പേരും പെരുമയും ഏറെക്കുറെ ഏവർക്കും പരിചിതമാകാം. എന്നാലതിന്റെ അനുപമമായ അനുഭവം അധികമാർക്കും ഇന്നില്ല തന്നെ. കേരളീയർക്ക് അത്തമറിയാം. ഓണമറിയാം. അവയുടെ ആഘോഷം പൊടിപൊടിക്കാറുമുണ്ട്. കച്ചവടക്കാർ ഏറ്റെടുത്ത ഓണമാണ് ഇന്നത്തെ ഓണമെന്നത് ആർക്കാണ് അറിയാത്തത്. ഏവർക്കുമറിയാം. ആ കച്ചവട ഓണത്തിൽ ഒഴുകാനല്ലേ സമൂഹത്തിനാകുന്നുള്ളൂ എന്നു ചിന്തിക്കുന്നതിനിടയിൽ എന്തോ ഭംഗി നഷ്ടപ്പെട്ടുപ്പോയ അത്തച്ചമയത്തെക്കുറിച്ച് അൽപ്പം ചിന്തിക്കാം. ആരെല്ലാമോ പറഞ്ഞുതന്ന പാരമ്പര്യത്തിൽ എന്തെല്ലാമുണ്ടായിരുന്നു എന്ന് ഒന്ന് ശ്രദ്ധിക്കാം.

ആരംഭകാലത്ത് അത്തച്ചമയം കൊണ്ടാടിയിരുന്നത് കോഴിക്കോട് കേന്ദ്രമാക്കി സാമൂതിരിമാരുടെ വകയിലായിരുന്നു എന്ന് കേട്ടിരിക്കുന്നു. പിന്നീടത് കൊച്ചിരാജ്യതലസ്ഥാനമായ തൃപ്പൂണിത്തുറയിലെ വമ്പിച്ച ആഘോഷവും പാരമ്പര്യവുമായി രൂപാന്തരപ്പെട്ടു. ഇന്നത് തൃപ്പൂണിത്തുറയിലെ അത്തച്ചമയം എന്ന നിലയിൽ അംഗീകൃതമാകുകയും ചെയ്തു. ഇന്നല്ല എത്രയോ കാലം മുമ്പ് എന്ന് പറയുന്നതാവും കൂടുതൽ ശരി. കൂടുതൽ വാസ്തവവും അതു തന്നെ. ചെറിയതോതിലെങ്കിലും ഇന്നുമത് അവിടെ തുടർന്നു വരുന്നു. രാജാക്കന്മാരുടെ നേതൃത്വവും ആത്മാർത്ഥമായ പങ്കെടുക്കലും അത്തച്ചമയാഘോഷത്തിന്റെ പ്രാധാന്യവും മോടിയും കൂട്ടി എന്നു പറയാം. ഓണത്തിനുള്ള സമൃദ്ധമായ ഒരു അണിഞ്ഞൊരുങ്ങലാണ് യഥാർത്ഥത്തിൽ അത്തച്ചമയം. രാജാവും പ്രജയും ഒരുപോലെ പങ്കെടുത്തുകൊണ്ട് ഓണത്തിന്റെ സമത്വ ചിന്തയും സമഭാവനയും വിളംബരം ചെയ്യുന്ന ഒരനുഭവം നാടിന് ലഭിച്ചിരുന്നത് ചെറിയ കാര്യമല്ല.

അത്തച്ചമയം എന്ന വാക്കിൽ തന്നെ ഒരു പ്രത്യേക ആവേശം തെളിഞ്ഞുവരുന്നുണ്ടല്ലോ. ചിങ്ങത്തിന് ഒരാവേശമുണ്ട്. ചിങ്ങത്തിലെ അത്തത്തിനും ഒരാവേശമുണ്ട്. അത് പൂത്തുല്ലസിക്കുന്നതാണ് അത്തച്ചമയം. ഓണം ആഘോഷിക്കാനും ആസ്വദിക്കാനും പരുവപ്പെടുന്ന ഒരാവേശത്തിന്റെ അലങ്കാര ഭാഷയായി അത്തച്ചമയത്തെ കണക്കാക്കാം.

അത്തം നക്ഷത്രത്തിന് മൂന്നു നാൾ മുമ്പ് 'അത്തമിതാ വരുന്നു' എന്ന ഒരു അറിയിപ്പ് രാജകൽപ്പന പ്രകാരം പുറപ്പെടുവിക്കുന്നതാണ് ആദ്യഘട്ടം. ലക്ഷണമൊത്ത വലിയ കൊമ്പനാന പുറത്ത് 'നകാരം' എന്നുപേരുള്ള വലിയ പെരുമ്പറ കയറ്റിവച്ച് അതിൽ കൊട്ടി ശബ്ദമുണ്ടാക്കി കാഹളം മുഴക്കിയാണ് വിളംബരഭേരി നടത്തിയിരുന്നത്. മൂന്ന് ദിവസവും ഈ വിളംബരം ഉണ്ടായിരിക്കും. തൃപ്പൂണിത്തുറ കൊട്ടാരം കോവിലകത്തിന്റെ കോട്ടവാതിലുകളിൽ മൂന്നിടങ്ങളിൽ ഓരോരോ ദിവസവും കേന്ദ്രീകരിച്ചാണ് ഈ വിളംബരം നടക്കുന്നത്. അത്തച്ചമയും നടക്കുന്ന തീയതിയെ പ്രഖ്യാപിക്കലാണ് വിളംബരം എന്ന ഔദ്യോഗിക ആഘോഷപരിപാടി.

അത്തം നാളിൽ ചമയാഘോഷം ആരംഭിക്കുകയുണ്ടായി. അന്നാണ് നാലാമത്തെ കോട്ടവാതിൽ ആഘോഷസാന്ദ്രമാകുന്നത്. സർവ്വാഡംബരഭൂഷിതമായ എഴുന്നള്ളത്താണ് അവിടെ നടക്കുന്നത്. നാടുവാഴികളും പ്രഭുക്കന്മാരും ഉദ്യോഗസ്ഥാനുദ്യോഗസ്ഥ സമേതം എഴുന്നെള്ളത്തിനെത്തുകയായി.



അവകാശി ഗണത്തിൽ ആഘോഷത്തിന് പങ്കെടുക്കേണ്ടവരായി കൽപ്പിക്കപ്പെട്ടിരുന്ന കർത്താക്കന്മാർ, തണ്ടാന്മാർ, തങ്ങൾമാർ, മുസലിയാക്കന്മാർ എന്നിവരെല്ലാം തങ്ങളുടെ പങ്ക് സവിശേഷമായി വഹിക്കുവാനെത്തുകയായി. അതോടെ ആഘോഷം ആരംഭിക്കുന്നുവെന്ന ഘട്ടത്തിലെത്തുന്നു.

ചമയം തുടങ്ങുന്നതിനുള്ള അനുഷ്ഠാനമെന്നോണം മഹാരാജാവിനെ അണിയിച്ചൊരുക്കുന്നു. ഓണത്തിനെ സമൂഹം അണിയിച്ചൊരുക്കുന്നതിന്റെ പ്രതീകമായി ഇതിനെ കാണാം. രാജകുടുംബവുമായി ബന്ധപ്പെട്ട കുടുംബ കാരണവന്മാർ മഹാരാജാവിനെ മുഖം കാണിക്കുന്ന ചടങ്ങും ഒപ്പമുണ്ട്. കതിനകളും പീരങ്കികളും പ്രൗഢഗംഭീരമായി ശബ്ദിച്ചു തുടങ്ങുമ്പോഴേയ്ക്കും ആഘോഷം ആവേശഭരിതമാകും. എറണാകുളം, തൃശൂർ ഭാഗങ്ങളിൽ ഇന്നും വെടിക്കെട്ടിനുള്ള പ്രാധാന്യമോർത്താൽ അന്നത്തെ പ്രസക്തി നമുക്ക് ഓർത്തെടുക്കാം. അത്തച്ചമയാഘോഷത്തിന് തൃപ്പൂണിത്തുറ ചക്കം കുളങ്ങര ക്ഷേത്രപരിസരത്തായി മൂന്നു വലിയ പീരങ്കികൾ സ്ഥാപിക്കാറുണ്ടായിരുന്നു. പീരങ്കി വെടികളെ ആഘോഷത്തിന്റെ ഔദ്യോഗികപരിവേഷമായി കണക്കാക്കപ്പെടുന്നുണ്ടല്ലോ. പീരങ്കി പൊട്ടുന്ന ശബ്ദത്തെ അധികാരത്തിന്റെ തണലിൽ നടക്കുന്ന ഏതൊരു ചടങ്ങിനെയും സാക്ഷ്യപ്പെടുത്തുന്ന ചിഹ്നമായി കാണാം.

ഇനി നടക്കാൻ പോകുന്നത് മഹാരാജാവിന്റെ അത്തച്ചമയ എഴുന്നള്ളത്താണ്. രാജാവിന്റെ എഴുന്നള്ളത്ത് പല്ലക്കിലാണ്. ആദ്യം അലങ്കരിച്ച മുറിയിൽ വെള്ളി സിംഹാസനത്തിൽ മഹാരാജാവ് ഉപവിഷ്ടനാകുമ്പോഴേയ്ക്കും അവിടെ വന്നെത്തിയിട്ടുള്ള തണ്ടാന്മാരരും, മുസലിയാന്മാരും, തങ്ങൾമാരും രാജാവിനെ മുഖം കാണിക്കാനെത്തും. ഇവരെയൊക്കെ സ്നേഹഭാവേന വീക്ഷിച്ചുകൊണ്ട് രാജാവ് സിംഹാസനം വിട്ട് സ്വർണ്ണപ്പല്ലക്കിൽ കയറുന്നു. രാജാവിന്റെ മടിയിൽ പെരുമാൾ കിരീടം എന്ന ശിരോലങ്കാരം എടുത്തുവച്ചശേഷം ഗംഭീരന്മാരായ എട്ട് പോങ്ങന്മാർ (മല്ലന്മാർ) പല്ലക്ക് ചുമലിലേറ്റുന്നു. ദിവാൻജി ഊരിപ്പിടിച്ച വാളുമായി പല്ലക്കിന് അകമ്പടി സേവിച്ചുകൊണ്ട് വലതുവശത്തുകൂടി നടക്കും. സായിപ്പന്മാർ നാടു അടക്കിവാണ കാലത്ത് അവരിൽപ്പെട്ട ദിവാൻജിമാരും താൽപ്പര്യപൂർവ്വം ഇങ്ങനെ പങ്കെടുത്തിരുന്നു. നെറ്റിപ്പട്ടം കെട്ടി അലങ്കരിച്ച മൂന്നു ഗജവീരന്മാരെ മുന്നിൽ നിർത്തിയാണ് രാജവീഥിയിലൂടെ എഴുന്നള്ളത്ത് ആരംഭിക്കുന്നത്. ആനകൾക്ക് മൂന്നിനും മൂന്നുതരം വിശേഷങ്ങൾ കൽപ്പിച്ചുനൽകിയിരിക്കും. അതായ് ഒന്നാം ആനപ്പുറത്ത് അമ്പാരിയും കൂടാരവും ഉണ്ടാവും. രണ്ടാമത്തെ ആനയുടെ പുറത്ത് നേരത്തെ പറഞ്ഞ 'നകാരം' എന്ന പെരുമ്പറ പടധ്വനിയുമായി ഉണ്ടാവും. മൂന്നാമത്തെ ആനയുടെ പുറത്ത് ചേങ്ങിലയും കാഹളവുമാണ് സംവിധാനം ചെയ്തിരിക്കുന്നത്. ഈ ആനകളുടെ പിറകിലായി ബാൻഡ് മേളക്കാർ ചിട്ടയോടെ അണിനിരന്ന് അവരവർക്ക് കഴിയുന്നത്ര മികച്ച് പ്രകടനം കാഴ്ചവയ്ക്കും. ബാൻഡ്മേളസംഘത്തെ അനുഗമിച്ച് അന്നത്തെ അശ്വരൂഢസേനയുടെ അകമ്പടിയാണ്. അശ്വരൂഢസേനയ്ക്ക് പിന്നിലായി മലേങ്ങാട്ടുകാരെന്നറിയപ്പെടുന്നു നായർ ബ്രിഗേഡ് എന്ന പട്ടാളമാണ് അടിവച്ചടിവച്ച് നീങ്ങുന്നത്.

രാജാവിന്റെ പല്ലക്കിന് മുമ്പിലാണ് വലിയ തീവെട്ടികൾ പിടിച്ചിരിക്കുന്നത്. തീവെട്ടിക്കാർക്ക് മുമ്പിലായി ദാസിയാട്ടം എന്ന പരിപാടിയും ഉണ്ടായിരിക്കും. പല്ലക്കിനെ അനുധാവനം ചെയ്ത് വലിയ ഒരു ജനാവലി അണിനിരക്കുന്ന ഘോഷയാത്രയാണുള്ളത്. ഇപ്പറഞ്ഞവയെല്ലാം ചേർന്ന് രാജവീഥിയെ പ്രകമ്പനം കൊള്ളിക്കുന്നതിനെ വീണ്ടും ആവേശം കൊള്ളിച്ചുകൊണ്ട് തുടരെത്തുടരെ തോക്കുകൾ ആകാശം ലക്ഷ്യമാക്കി ഗർജ്ജിച്ചുകൊണ്ടിരിക്കും. പ്രൗഢഗംഭീരമായ ഈ അന്തരീക്ഷത്തിൽ അത്തച്ചമയ ഘോഷയാത്ര അതിന്റെ കൃത്യമായ പാത പൂർത്തിയാക്കി പുറപ്പെട്ട സ്ഥാനത്ത് തന്നെ തിരിച്ചെത്തും. അപ്പോഴേക്കും മഹാരാജാവ് പല്ലക്ക് വിട്ട് ഇറങ്ങിയിരിക്കും. തുടർന്ന് ആദ്യം ഇരുന്നിരുന്ന വെള്ളിസിംഹാസനത്തിനടുത്തെത്തി വീണ്ടും ഉപവിഷ്ടനാകുന്നു.

അത്തച്ചമയവിശേഷങ്ങളിൽ അതിഗംഭീരമായ സദ്യയും ഉൾപ്പെട്ടിരുന്നു. സദ്യക്ക് പഞ്ഞമില്ലാത്ത ഇക്കാലത്ത് സദ്യയെപ്പറ്റി വർണ്ണിക്കുന്നതിൽ യാതൊരു അർത്ഥവും കാണുന്നില്ല. അതിനാൽ വിശദീകരിക്കുന്നുമില്ല. ഇന്ന് അത്തച്ചമയം എങ്ങനെ നടക്കുന്നുവെന്നയുവാനും അതിൽ പങ്കുകൊള്ളുവാനും ഈയടുത്തക്കാലത്ത് തൃപ്പൂണിത്തുറയിൽ ചെന്നപ്പോൾ ഒരു കാര്യം വ്യക്തമായി. അത്തച്ചമയം കേവലം ഒരു ചടങ്ങായി മാത്രം നടക്കുന്നു. പുതിയ കാലത്തിന്റെ പരുക്കുകളേറ്റ ഒരു ചടങ്ങുമാത്രമാണിന്ന് അത്തച്ചമയം. പുത്തേഴത്ത് രാമൻമേനോൻ പഴയകാല അത്തച്ചമയ സ്മരണകൾ എഴുതി പ്രസിദ്ധീകരിച്ചിട്ടുള്ളത് മാത്രമാണ് നമുക്ക് ഈ ആഘോഷത്തെപ്പറ്റി സ്മരിക്കുവാനും പറയുവാനും എഴുതുവാനും അവലംബമായി അവശേഷിക്കുന്നത്. രാജാവും രാജാധികാരവും ഇല്ലാത്ത ഇക്കാലത്ത് ഒരാൾക്കും യഥാർത്ഥ ഒരു അത്തച്ചമയം അനുഭവിച്ചറിയുക അസാധ്യമായിരിക്കും. ഇന്നത്തെ അത്തച്ചമയ ചടങ്ങിൽ പങ്കെടുക്കുന്ന ഒരാൾക്കും അത്തച്ചമയത്തിന്റെ പൂർവ്വകാല സുഷമ ആസ്വദിച്ചെടുക്കാൻ കഴിയുകയില്ല എന്ന് ഉറപ്പിച്ചു പറയുവാനാകും. സ്മരണകളിലൂടെ ഭാവനയിൽ അത് ആസ്വദിക്കാം. സ്മരണകളിലൂടെ മാത്രം. ◆

ലേഖകൻ നാവായിക്കുളം നാടൻകലാപഠനകേന്ദ്രം ഡയറക്ടറാണ്

ഡോ. അജയപുരം ജ്യോതിഷ് കുമാർ

പോവല്ലേ പോവല്ലേ പൊന്നോണമേ

(മലയാളകവിതയിലെ ഓണം)

ഉത്സവം കൊണ്ടാടാനും ഉത്സവത്തിരയിളക്കത്തിൽ പങ്കാളിയാവാനും മലയാളിക്കുള്ള ഉത്സാഹം ഒന്നു വേറേ തന്നെയാണ്. വൈവിധ്യവും വൈചിത്ര്യവുമാർന്ന എത്രയെത്ര ഉത്സവവേളകളിലൂടെയാണ് കേരളിയജനത കടന്നു പോകുന്നത്. ദൈവത്തിന്റെ നാട് എന്ന ബഹുമതിക്കൊപ്പം ഉത്സവപ്പെരുമയുടെ നാട് എന്ന വിശേഷണവും കേരളത്തിനു ചേരും.

ഓണം വിഷു തിരുവാതിര, നിറപുത്തരി, ദീപാവലി, ക്രിസ്ത്മസ്, പെരുനാൾ, പൂരം..... ജാതിമതചിന്തകൾക്കും വിഭാഗീയതകൾക്കും അതീതമായ വിതാനത്തോടെ സാഹോദര്യവും സമത്വവും വിളംബരം ചെയ്യുന്ന മലനാടൻ മഹോത്സവങ്ങൾ വിതയും കൊയ്ത്തും കൊയ്ത്തു പാടവുമൊക്കെച്ചേർന്ന് സജീവമാക്കിയ ഗ്രാമാന്തരീക്ഷത്തിന്റെ പിന്നാമ്പുറങ്ങളിലെവിടെയോ നിന്ന് ചിങ്ങത്തിരുവോണത്തിന്റെ തിരനോട്ടം. പറമ്പിലും പാതയോരത്തും ചിങ്ങത്തുമ്പി പറക്കുകയായി. തൊടിയിൽ തുമ്പയും മുക്കുറ്റിയും ജമന്തിയും പിച്ചകവുമൊക്കെ പൂവിട്ടു നിൽക്കുന്നു. പുഷ്പഗന്ധം പേറിയെത്തുന്ന കാറ്റ് നാട്ടിടവഴികളിൽ ഒച്ചയുണ്ടാക്കാതെ വീശിനിറയുന്നു. പ്രജകളും പ്രകൃതിയും ഒരു രാജാവിനെ കാത്തിരിക്കുകയാണ്. കാലമെത്ര കഴിഞ്ഞു പോയിട്ടും ഈ കാത്തിരിപ്പിന് പുതുമ പോകുന്നതേയില്ല. കേരളത്തിലെന്നല്ല ആഗോളപ്രപഞ്ചത്തിലെവിടെയും മലയാളിയുടെ മനസ്സിൽ നിത്യഹരിതാഭ പടർത്തുന്ന കാല്പനിക സ്വപ്നം.... ആർദ്രവികാരം.... അതത്രേ ഓണം. ഉർവരതയുടെ ഈ ഉണർവുവേളയിൽ പടിപ്പുരമുറ്റത്ത് പുഞ്ചിരിച്ചെത്തുന്ന ശ്രാവണപ്പുലരി അതുല്യമായൊരു പുഷ്പോത്സവത്തെയാണ് കാഴ്ചവയ്ക്കുന്നത്.

സർഗധനരായ എഴുത്തുകാർക്ക് ഓണം ഉള്ളുണർവിന്റെ ഉത്സവമാണ്. പ്രതീക്ഷയും പ്രത്യാശയും ഓണസങ്കല്പത്തിലൂടെ അവർ പ്രതീകവല്കരിക്കുന്നു. ഈതിബാധകളുടെയും പൊരുത്തക്കേടുകളുടെയും കാലത്തു ജീവിക്കുമ്പോളും വീണ്ടെടുപ്പിനെ സ്വപ്നം കാണാനും ഉണ്മയെക്കുറിച്ചു വീണ്ടും വീണ്ടും

പറയാനും അവർക്ക് പൊന്നോണ നാളുകൾ പ്രേരണ നൽകുന്നു. കവിതയിലും കഥാസാഹിത്യത്തിലും എണ്ണമറ്റ ഗാനശില്പങ്ങളിലുമായി ഓണനിനവിന്റെ സർഗസൗന്ദര്യം അവർ തീർത്തുവച്ചിട്ടുണ്ട്. ഓണം എങ്ങനെ മലയാളിക്ക് ഒരു പൊതുവികാരമാവുവന്നു എന്നതിന് ഈ സർഗഭാഷ്യങ്ങൾ തന്നെ സാക്ഷ്യം. ഓണത്തിന്റെ ചാരുതയും ചമയങ്ങളും ഓണം നൽകുന്ന പ്രാരാബ്ധങ്ങളുമൊക്കെ വിഷയമാക്കിക്കൊണ്ട് അനേകം നാടൻ പാട്ടുകൾ പ്രചാരത്തിലുണ്ടായിരുന്നു, ഊരും പേരുമറിയാത്ത ഏതോ കവികൾ രചിച്ച ആ നാടോടിപ്പാട്ടുകളിലൂടെയാണ് ഓണസങ്കല്പത്തിന്റെ പൊലിമയും ഗരിമയും നമുക്കു ആദ്യം തിരിച്ചറിയാനാവുന്നത്.

ഓണം അക്ഷരാർത്ഥത്തിൽ ഒരു കാർഷികോത്സവമാണ്. മരതകപ്പട്ടു ചാർത്തി നോക്കെത്താ ദൂരത്തോളം വിസ്തൃതിയിൽ പരന്നു കിടക്കുന്ന പാടശേഖരങ്ങളും തറവാട്ടു മുറ്റം നിറയെ കറ്റ മെതിച്ചെടുക്കുന്ന നെന്മണിക്കൂമ്പാരങ്ങളും ഒരിക്കലും ഒഴിയാത്ത കൂറ്റൻ പത്തായങ്ങളുമൊക്കെ സർവ്വസാധാരണമായിരുന്ന ഗതകാല കാർഷികജീവിതത്തിന്റെ മധുരസ്മരണയിലാണ് ഇന്നും നമ്മൾ ഓണം കൂടുന്നത്. കാർഷിക സംസ്കൃതിയെ കുടഞ്ഞെറിഞ്ഞ മലയാളി ഭക്ഷിക്കുന്ന ഓണവിഭവങ്ങൾ വന്നെത്തുന്നതു പോലും അയൽ ദേശത്തു നിന്നാണ്. പരമാർത്ഥം ഇതാണെങ്കിലും ആ പഴയ ഗ്രാമീണ കാർഷികജീവിതത്തിന്റെ ധന്യതയാണ് ഓണത്തിന്റെ കരുത്ത്. പരിഷ്കാരത്തിന്റെ പടികൾ പലതു കടന്നെങ്കിലും ഓണോത്സവത്തിൽ ആ കാർഷികസംസ്കൃതിയുടെ ശേഷിപ്പുകളുണ്ട്. നാടൻ കൃഷീവലൻമാരുടെ ആഹ്ലാദത്തെ തന്മയത്വത്തോടെ ആവിഷ്കരിച്ചിരിക്കുന്ന പഴയ നാടൻപാട്ടുകൾ അത് സക്ഷ്യപ്പെടുത്തുന്നുണ്ട്.

തെക്കു തെക്കു തെയ്,
ഞാൻ ചെന്നു നിന്ന കാലം തെയ്,
ഓണം കണ്ടേ തെയ്... ഓണപ്പുടവ കണ്ടേ തെയ്...

ഓണത്തിന്റെ പ്രധാന സ്മൃതിവിഗ്രഹങ്ങൾ മഹാബലിയും വാമനനുമാണല്ലോ.രണ്ടുപേരെയും കുറിച്ചുള്ള നാടൻ പാട്ടുകൾ ലഭ്യമാണ്. കൂട്ടത്തിൽ ഏറ്റവും പ്രധാനവും പ്രചുരപ്രചാരം നേടിയതും മഹാബലിചരിതം ഓണപ്പാട്ടാണ്. അജ്ഞാതനായ ഏതോ കവി എന്നോ എഴുതിയ ആ പാട്ടിന്റെ ശീലുകളറിയാത്ത ഒരു മലയാളിയും കാണില്ല.

മാവേലി നാടു വാണീടും കാലം
മാനുഷരെല്ലാരുമൊന്നു പോലെ
ആമോദത്തോടെ വസിക്കും കാലം
ആപത്തങ്ങാർക്കുമൊട്ടില്ല താനും

ആദർശസുന്ദരമായ ഒരു ഭരണകാലത്തിന്റെ അയവിറക്കലാണ് അപൂർവസുന്ദരമായ ഈ മാവേലിപ്പാട്ട്. ദുരിതത്തിന്റെയും അരുതായ്മകളുടെയും നടപ്പുകാലത്ത് ജനമനസ്സുകളിൽ മധുരത്തേന്മഴയായി പെയ്തിറങ്ങുന്ന പാട്ട്.

സമത്വത്തിന്റെയും സമൃദ്ധിയുടെയും പ്രകീർത്തനമാണ് നന്മനിറഞ്ഞ മാവേലിക്കാലത്തെക്കുറിച്ചുള്ള ഈ പാട്ടിൽ നിറയെ. നമ്മുടേത് ഇങ്ങനെയൊരു നാടായെങ്കിൽ എന്നു വീണ്ടും വീണ്ടും പ്രാർത്ഥിച്ചു പോകുന്നു. ആ പ്രാർത്ഥനയുടെ പ്രതിഫലനം തന്നെയാണ് വർഷം തോറും ഹർഷപുളകത്തോടെ നാം പ്രത്യാനയിക്കുന്ന ചിങ്ങത്തിരുവോണം. ചുട്ടുപൊള്ളിക്കുന്ന യാഥാർത്ഥ്യങ്ങൾക്കിടയിൽ സങ്കല്പത്തിന്റെ ശീതോപചാരത്തിൽ ആശ്വസിക്കുക ഏതു ജനതയുടെയും സഹജസ്വഭാവമാണ്. ദുരന്തങ്ങൾക്കും ദുശ്ശകുനങ്ങൾക്കുമിടയിൽ മലയാളി താലോലിക്കുന്ന സുഖശീതള സ്വപ്നമാണ് പൊന്നോണം.

കൊട്ടാരത്തിന്റെ കൽത്തൂണുകളിൽപ്പോലും കവിത വിരിയിച്ച കൊടുങ്ങല്ലൂർ കോവിലകത്തിന്റെ സ്വന്തം കവി... സാക്ഷാൽ കുഞ്ഞിക്കുട്ടൻ തമ്പുരാൻ ഒന്നേകാൽ ലക്ഷം ശ്ലോകങ്ങളുള്ള വ്യാസമഹാഭാരതത്തെ കേവലം മൂന്നു വർഷം കൊണ്ട് മലയാളഭാഷയിലാക്കിയ മഹാപ്രതിഭ. കേരളത്തെക്കുറിച്ച് കുഞ്ഞിക്കുട്ടൻ തമ്പുരാൻ ഒരു കാവ്യം ചമച്ചിട്ടുണ്ട്. തൃക്കാക്കരയിലെ ഓണച്ചമയത്തെക്കുറിച്ച് തമ്പുരാൻ പാടിയതിങ്ങനെ:

വരമാബലി നാടു വാണൊരാ
സ്മരണത്തിനുതകും പ്രകാരമേ
ഇരവിപ്പെരുമാൾ തുടങ്ങി വൻകര
തൃക്കാക്കര വച്ചൊരുത്സവം

ആധുനിക കവിത്രയ കവികളിൽ ഓണത്തിന്റെ ദൃശ്യചാരുത മുഴുവൻ ഒപ്പിയെടുത്ത കവി കുമാരനാശാനാണ്. പൂക്കാലം എന്ന ഒറ്റക്കവിത മതി അതു തെളിയിക്കാൻ.

പൂക്കുന്നിതാ മുല്ല പൂക്കുന്നിലഞ്ഞി
പൂക്കുന്നു തേൻമാവു പൂക്കുന്നശോകം
വായ്ക്കുന്നു വേലിക്കു വർണങ്ങൾ പൂവാൽ
ചോക്കുന്നു കാടന്തിമേഘങ്ങൾ പോലേ.
എല്ലാടവും പുഷ്പഗന്ധം പരത്തി
മെല്ലെന്നു തെക്കുന്നു വീശുന്നു വായു
ഉല്ലാസമീനീണ്ട കൂകൂരവത്താ-

ലെല്ലാർക്കു മേകുന്നിതേ കോകിലങ്ങൾ
കാണുന്നിതാ രാവിലേ പൂവു തേടി
ക്ഷീണത്വമോരാത്ത തേനീച്ച കാട്ടിൽ
പോണേറെയുത്സാഹമുൾക്കൊണ്ടി
വയ്ക്കെ-
ന്നോണം വെളുക്കുന്നുഷസ്സായിതെല്ലാം

അത്തപ്പൂക്കളമൊരുക്കാൻ സോത്സാഹം പൂ തേടി നടക്കുന്ന അരുമ ബാലകരെപ്പോലെ തേനീച്ച പൂവു തേടിപ്പോവുകയാണ്. ഓണനാളുകളുടെ ആഹ്ലാദപ്രകർഷമാണ് ഈ പൂക്കാല കവിതയിൽ നിറഞ്ഞു തുളുമ്പുന്നത്

മഹാബലി എന്ന മാനവർമന്നന്റെ ചരിത്രം വിശ്വമാനവികതയുടെ ചരിത്രമായി മാറുന്ന കഥയാണ് വൈലോപ്പിള്ളി കവിതയിൽ പറയുന്നത്.

പലദേശത്തിൽ പല വേഷത്തിൽ
പലപല ഭാഷയിൽ ഞങ്ങൾ കഥിപ്പൂ
പാരിതിലാദിയിലുദയം കൊണ്ടു
പൊലിഞ്ഞൊരു പൊന്നോണത്തിൻ
ചരിതം
ഞങ്ങടെ പാട്ടിനു കൂട്ടു കടും തുടി
കിണ്ണം തംബുരുവോടക്കുഴലും
ഞങ്ങടെ പാട്ടിനു തേനും പാലും
തെങ്ങിളനീരും നറുമുന്തിരിയും

നഷ്ടവസന്ത തടങ്ങളിൽ നിന്ന് സമൃദ്ധവസന്ത തടങ്ങളിലേക്കുള്ള വിശ്രമമറിയാത്ത പ്രത്യാശാഭരിതമായ പ്രയാണമാണ് ഓണനിനവുകളുടെ ഭാസുരചിന്താസങ്കല്പങ്ങളിലൂടെ കവി നടത്തുന്നത്. മാനവമഹത്വത്തിന്റെ ദീപസ്തംഭമേന്തിക്കൊണ്ടുള്ള ഉജ്ജ്വലമായ യാത്രയാണത്. മലയാളത്തിലെ ഏറ്റവും പ്രത്യാശാഭരിതമായ ഓണക്കവിതയാണ് ഓണപ്പാട്ടുകാർ.

ഓണപ്പൊലിമ ഒരു മധുരോദാരവികാരമായി കേരള ദേശത്തിന്റെ അന്തരീക്ഷത്തിൽ തങ്ങി നിൽക്കുന്നതായി വിഭാവന ചെയ്തുകൊണ്ട് വൈലോപ്പിള്ളി എഴുതിയ കവിതയാണ് ഓണമുറ്റത്ത്. ഓണത്തിനെത്തുന്ന പരമവിശിഷ്ടനായ അതിഥിയെ വരവേൽക്കാനായി പാടവും പറമ്പും വീടും വീട്ടുകാരും ഒരുങ്ങി നിൽക്കുന്നത് വർണിക്കുന്നതോടൊപ്പം ത്യാഗത്തിന്റെയും മാനവസ്നേഹത്തിന്റെയും ഉണർത്തു പാട്ടിന്റെ സംഗീതമായി വരുംതലമുറകളിലേക്കൊക്കെ ഈ പ്രാക്തന സങ്കല്പം സംക്രമിക്കുമെന്നും കവി ഉപദർശിക്കുന്നുണ്ട്. പൂക്കാലം, ഓണക്കളിക്കാർ, തുമ്പപ്പൂ, ഓണം, മഹാബലിയോട്, ഓണക്കിനാവ്, ഓണപ്പാട്ട്, ഓണത്തല്ല്, മാവേലി നാടു വാണീടും കാലം എന്നിങ്ങനെ അനേകം ഓണക്കവിതകൾ വൈലോപ്പിള്ളി എഴുതിയിട്ടുണ്ട്.

ഓണക്കാഴ്ചയുടെ വശ്യസൗന്ദര്യം മുഴുവൻ കവിതയിലേക്കാവാഹിച്ച ഒരു കവി നമുക്കുണ്ട്. കവിതയേയും ജീവിതത്തേയും ഒന്നാക്കിമാറ്റിയ നാടോടിയായ കവി-പി.കുഞ്ഞിരാമൻ നായർ.

വന്നൂ വന്നൂ പൊൻചിങ്ങം
പുലരൊളി തിരളും പൊൻചിങ്ങം
പുതുമലർ വിരിയും പൊൻ ചിങ്ങം
പുളകമുണർത്തും പൊൻ ചിങ്ങം
അല്ലിൽ കളഭച്ചെപ്പു തുറന്നിടു
മത്തപ്പൂക്കൾ ചിരിക്കുമ്പോൾ
ചേണഴകാറ്റിൽ തോണികളിപ്പാ
നോണനിലാവേ വന്നാലും

ചെന്നിടത്തൊക്കെ കവി ഓണത്തെ കണ്ടു. ചിങ്ങപ്പൊലിമയും ഓണപ്പെരുമയും കണ്ടു. അക്ഷരപ്പൂക്കളം നിർമ്മിച്ച് ഓണത്തെ എതിരേറ്റു. ഓണനിലാവുമൊത്ത് തോണികളിച്ചു. നഷ്ടസൗഭാഗ്യങ്ങളെക്കുറിച്ചു പറയുമ്പോഴൊക്കെ കവി യുടെ ഉപമാനം ഓണമായിരുന്നു. ഓണപ്പൂവിന്റെ ആർദ്ര മന്ദസ്മിതത്തിൽ മനമലിഞ്ഞ് കവി പാടി....

പൂമരം പൂത്ത വഴിയിൽക്കൂടി
മാമരച്ചാർത്തിന്നിടയിൽക്കൂടി
ഓർമ്മതന്നോടക്കുഴലുമൂതി
യോണനിലാവു ചിരിച്ചു വന്നു
ഓണക്കളികൾ കളിച്ചു കൊണ്ടും
ഓർമ്മതൻ കുമ്പിൾ നിറച്ചു കൊണ്ടും
ഓമനപ്പൂവേ വിരുന്നൊരുക്കാ
മോണമാണോണമാണോണപ്പൂവേ.

മലയാളത്തിൽ ഏറ്റവും കൂടുതൽ ഓണക്കവിതകളെഴുതിയത് പി. കുഞ്ഞിരാമൻ നായർ തന്നെയാണ്. ഓണവുമായി ബന്ധമില്ലാത്ത കവിതകൾക്കുള്ളിൽപ്പോലും ഓണബിംബങ്ങൾ ഇഴ ചേർക്കുന്നത് പി.യുടെ രീതിയായിരുന്നു. ആവർത്തനവായനയിൽ നവംനവങ്ങളായ അർത്ഥസാധ്യതകൾ അവശേഷിപ്പിക്കുന്നതാണ് കുഞ്ഞിരാമൻ നായരുടെ ഓരോ ഓണക്കവിതയും. കവിയുടെ സ്വരാജ്യസങ്കല്പവും ആദർശലോകവും ആത്മനൊമ്പരങ്ങളും ആ ഓണക്കവിതകളിൽ നിലീനമായിട്ടുണ്ട്. മനുഷ്യൻ മാത്രമല്ല മനുഷ്യേതരജീവികളും ഓണോല്ലാസത്തിൽ മതിമറക്കുന്നുവെന്നാണ് കവി പ്രഖ്യാപിക്കുന്നത്.

വീടുകൾ വീടുകളായിനിന്നു
നാടുകൾ നാടുകളായി വന്നു
ആസ്വദിക്കുന്നിതുറുമ്പുപോലും
ആനന്ദത്തേൻകണമോണക്കാലം

സമത്വസുന്ദരമായ ഒരു രാഷ്ട്രസങ്കല്പം സ്വപ്നാടകനായ കവിയുടെ ഉള്ളിലുണ്ടായിരുന്നു. പാരതന്ത്ര്യത്തിന്റെ കരിങ്കാറുകൾ ഭാരതഭൂമിക്കു മുകളിൽ വ്യാപിച്ചു കിടക്കുമ്പോഴും സ്വന്തം നാട്ടിൽ ഓണനിലാവു വരുമെന്നു വിശ്വസിച്ച കവിയാണ് കുഞ്ഞിരാമൻ നായർ.

മലയാള കവിതയിൽ പലകാലങ്ങളിൽ പല കവികൾ ഓണസങ്കല്പം മുൻ നിർത്തി കവിതകൾ എഴുതിയിട്ടുണ്ട്. കാല്പനികസ്മൃതിയോ ഗൃഹാതുരതയോ പുരാവൃത്ത വ്യാഖ്യാനമോ മാത്രമായല്ല,സമകാലജീവിതാവസ്ഥകളെ സ്പർശിച്ചുകൊണ്ടും അവർ അക്ഷരത്തിരുവോണമൊരുക്കി. അക്കിത്തത്തിന്റെ ബലിദർശനം മഹാബലി കഥയ്ക്ക് ആധുനികമായൊരു ഭാഷ്യം നൽകിയ ഖണ്ഡകാവ്യമാണ്. വയലാർ രാമവർമ്മയുടെ മഹാബലിയും പരശുരാമനും തമ്മിലൊരു യുദ്ധം, പി,ഭാസ്കരന്റെ ഓണമുണ്ണാൻ വന്നവർ, പാലാ നാരായണൻ നായരുടെ ഓണം, ജി.കുമാരപിള്ളയുടെ ഓണത്തിനൊരു പാട്ട്, എൻ.എൻ. കക്കാടിന്റെ നന്ദി തിരുവോണമേ നന്ദി, ചെമ്മനം ചാക്കോയുടെ ഓണക്കാഴ്ച, ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ ഓർമ്മകളുടെ ഓണം എന്നിങ്ങനെ നിരവധി ഓണക്കവിതകളുണ്ട് പരാമർശിക്കപ്പെടേണ്ടതായി. ഓണത്തിനു വന്ന കാലാന്തര പരിണാമത്തെ തൊട്ടു കാണിക്കുന്ന കവിതയാണ് സുഗതകുമാരിയുടെ പഴയോണം.

ഇന്നുമുണ്ടോണം മക്കൾക്കില്ലയൊന്നിനും നേരം
അമ്മചെയ്തോളൂ വേണമെങ്കിലെന്നവർ പോകേ
കോടി വാങ്ങേണ്ടാ പണം തന്നേയ്ക്കൂതിരഞ്ഞെടു
ത്തീടുവതെങ്ങൾക്കിഷ്ടമാകില്ലെന്നവർ ചൊൽകെ
ഇലയിട്ടൊരുക്കിയ സദ്യക്കു മുന്നിൽ പ്രിയ
മിതല്ല ഞങ്ങൾക്കെന്നു മടുപ്പിൻ സ്വരം കേൾക്കേ
കൺ നിറയുകയാലോ പെട്ടെന്നു
പൊന്നോണത്തിൻ
മഞ്ഞവെയിൽ മുഷിയുന്നു മങ്ങുന്നു
പിൻവാങ്ങുന്നു.

മലയാളത്തിലെ ഒട്ടുമിക്ക എഴുത്തുകാരുടെയും സൃഷ്ട്യുന്മുഖനിമിഷങ്ങളിൽ എപ്പോഴൊക്കെയോ ഓണവും ഓണ സങ്കല്പവും പ്രചോദനമായി കടന്നു വന്നിട്ടുണ്ട്. എല്ലാ സാഹിത്യശാഖകളിലും അതിന്റെ നിഴലാട്ടങ്ങളുണ്ട്. ഓണം മറന്നുള്ളൊരെഴുത്ത് മലയാളഭാവനയ്ക്ക് അസാധ്യമാണ്.

വേഗതയേറിയ ഒരു കാലത്തിനൊപ്പമാണ് നാമിപ്പോൾ. ഒരുങ്ങിവരുമ്പോഴേക്കും കടന്നു പോകുന്നതാണ് ഇന്നത്തെ ഓണം. ഇതിനിടയിൽ പരസ്യങ്ങളുടെ പ്രലോഭനങ്ങൾ, സൗജന്യവാഗ്ദാനങ്ങൾ, ഡിസ്കൗണ്ട് ഓഫറുകൾ, വിസ്മയങ്ങളുടെ ചാനൽക്കാഴ്ചകൾ...

ആനുകാലിക പ്രസിദ്ധീകരണങ്ങളാകട്ടെ ഓണപ്പതിപ്പുകളുടെ പരമ്പരയൊരുക്കി മത്സരിക്കുന്നു. ഉപഭോക്താവിനെ കീഴടക്കുന്ന യുക്തിബോധം എല്ലായിടത്തും പൊടിപൊടിക്കുന്നു. എങ്കിലും അക്ഷരങ്ങളിലൂടെ അറിഞ്ഞ ഓണത്തിന്റെ സുഖനിർവൃതി നാം മറക്കുവതെങ്ങനെ....ഈ ഉത്സവച്ഛായയിലെങ്കിലും നമുക്ക് ഇത്തിരിനേരം സ്വാർത്ഥത വെടിഞ്ഞ മലയാളികളാകാനാവുമോ..?

സാഹോദര്യത്തിന്റെയും ജീവിതമൂല്യങ്ങളുടെയും നല്ല പാഠങ്ങൾ പങ്കിടുന്ന ഓണം. ത്യാഗത്തിന്റെ മഹത്വം വിളംബരം ചെയ്യുന്ന ഓണം. ലക്ഷ്യബോധമുള്ള ഭരണസംവിധാനത്തെ കൃത്യമായി നിർണയിച്ചുവച്ച ഓണം. ഈ മഹോത്സവത്തിന്റെ പൊരുൾ ജനതയുടെ ഉള്ളിൽ എന്നെന്നും ജ്വലിച്ചു നിൽക്കേണ്ടതാണ്.

ഓരോ ഓണ വേളയിലും നാം തിരിച്ചു വരവിനായി പ്രാർത്ഥിക്കുകയാണ്. അവസാനിക്കാത്ത പ്രതീക്ഷയുടെ ഈ തിരുവുത്സവത്തിലൂടെ ജീവിതത്തിലെ കർക്കടകക്കരിങ്കാറുകളെ ആട്ടിപ്പായിക്കാനും ചിങ്ങത്തിന്റെ സൂര്യോദയത്തിലേക്ക് കൺചിമ്മിയുണരാനും നാം കാത്തിരിക്കുന്നു...

അതേ.... പ്രശ്നഭരിതമായ ഈ പ്രയാണ വേളയിൽ പ്രത്യാശയുടെ പൂപ്പൊലിപ്പാട്ടുമായി വിരുന്നിനെത്തുവാൻ ഓണമല്ലാതെ മറ്റെന്താണ് നമുക്കുള്ളത്... അതു കൊണ്ട് അക്ഷരത്തിരുവോണമുറ്റത്തിരുന്ന് നമുക്കു പാടാം, നന്ദി തിരുവോണമേ നന്ദി....

ലേഖകൻ എം.ജി. കോളേജ് മലയാള വിഭാഗം അധ്യക്ഷനാണ്

റാബീസ് അഥവാ പേവിഷബാധ

ഡോ. ജോസ്മോൻ ജോർജ്

അവസാന ഭാഗം

അവികസിത രാജ്യങ്ങളിൽ പേവിഷബാധമൂലം മരിക്കുന്ന 90 ശതമാനം ആളുകൾക്കും പേവിഷബാധയുണ്ടാവുന്നത് നായ്ക്കളുടെ കടിയിൽ നിന്നുമാണ്. അതുകൊണ്ടുതന്നെ മനുഷ്യരിലെ പേവിഷബാധ തടയുന്നതിനുള്ള പ്രധാന മാർഗം നായ്കളിലെ റാബീസ് തടയുക എന്നുള്ളതാണ്.

നായ്കളിൽ റാബീസ് വൈറസ് ശരീരത്തിൽ കടന്നതിനുശേഷം രോഗലക്ഷണങ്ങൾ കണ്ടുതുടങ്ങുന്ന കാവയളവ് (Incubation Period) മൂന്നു മുതൽ എട്ട് ആഴ്ചവരെയാണ്. എന്നാൽ ചിലപ്പോൾ ആ കാലയളവ് കേവലം 10 ദിവസം മുതൽ ഒരു വർഷം വരെ ദീർഘിക്കാം.

രോഗലക്ഷണങ്ങൾ

നായ്ക്കളിലെ പേവിഷബാധ രണ്ട് രീതിയിൽ പ്രകടമാകാം. i. ഫ്യൂരിയസ് റാബീസ് (Furious rabies) ii. ഡംബ് റാബീസ്

i. ഫ്യൂരിയസ് റാബീസ്

സാധാരണയായി നായ്ക്കളിൽ കാണപ്പെടുന്ന പേവിഷബാധയാണ് ഫ്യൂരിയസ് റാബിസ്. ഇത് മാഡ്-ഡോഗ് സിൻ ഡ്രോം (mad-dog syndrome) എന്ന് അറിയപ്പെടുന്നു. മനുഷ്യനുള്ള പേടി ഇല്ലാതാവുക. അക്രമാസക്തരാവുക, പ്രകോപനമില്ലാതെ കടിക്കുക, തടി, മണ്ണ്, വൈക്കോൽ തുടങ്ങി ജീവനില്ലാത്ത വസ്തുക്കളെ കടിക്കുക. താമസസ്ഥലത്തുനിന്നും വീടുകളിൽ നിന്നും ഓടിപ്പോയി അലഞ്ഞുതിരിഞ്ഞു നടക്കുക. വഴിയിൽ കാണുന്ന മനുഷ്യരെയും മൃഗങ്ങളെയും യാതൊരു പ്രകോപനവുമില്ലാതെ കടിക്കുക. നായയുടെ ശബ്ദം തടിച്ചതായി മാറുക. ശബ്ദത്തോടുകൂടി കുരയ്ക്കാൻ സാധിക്കാതെ വരിക, വായിൽ നിന്ന് നുരയും പതയും അമിതമായി വന്നുകൊണ്ടിരിക്കുക എന്നിവയാണ് പ്രധാന രോഗലക്ഷണങ്ങൾ. തുടർന്ന് നായ ശരീരം മുഴുവൻ തളർന്ന് അബോധാവസ്ഥയിലേക്കും മരണത്തിലേക്കും പ്രവേശിക്കുന്നു.

ii. ഡംബ് റാബീസ്

ഇത്തരത്തിലുള്ള പേവിഷബാധയിൽ നായ്ക്കൾ ഫ്യൂറിയസ് റാബീസിനെപ്പോലെ അക്രമാസക്തരോ, വെറളി പിടിച്ച് നടക്കുകയോ ചെയ്യാറില്ല. രോഗം പ്രധാനമായും ശരീരത്തിന് തളർച്ചയുണ്ടാക്കുന്ന

തരത്തിലുള്ളതാണ്. മറ്റുള്ളവർ കാണുകയോ ശല്യപ്പെടുത്തുകയോ ചെയ്യാതെ നായ സ്വയം ഉൾവലിയുന്നു. തുടർന്ന് ഈ അവസ്ഥ അഗാധമായ ഉറക്കത്തിലേക്ക് കടക്കുകയും മൂന്ന് ദിവസങ്ങൾക്കുള്ളിൽ നായ മരിക്കുകയും ചെയ്യുന്നു.

ഒരിക്കൽ പേവിഷബാധയുടെ ലക്ഷണങ്ങൾ പ്രത്യക്ഷപ്പെട്ടു കഴിഞ്ഞാൽ നായ ഒരാഴ്ചയിൽ കൂടുതൽ ജീവിക്കാറില്ല.

രോഗം സ്ഥിരീകരണത്തിനുള്ള ലാബ് പരിശോധനകൾ

രോഗം വന്ന നായയുടെ തല ഛേദിച്ച്, ശരിയായി പായ്ക്ക് ചെയ്ത് അടുത്തുള്ള ലബോറട്ടറിയിലേക്ക് അയയ്ക്കേണ്ടതാണ്. പേവിഷബാധ സ്ഥിരീകരണത്തിനായി ധാരാളം ടെസ്റ്റുകൾ നിലവിലുണ്ട്. ഇതിൽ വളരെ വേഗത്തിൽ രോഗനിർണ്ണയം നടത്താൻ സഹായിക്കുന്ന ടെസ്റ്റാണ് ഫ്ളൂസെന്റ് ആന്റി ബോഡി ടെസ്റ്റ് (fluorescent antibody test) ഈ ടെസ്റ്റ് നെഗറ്റീവ് ആണെങ്കിൽ നായയ്ക്ക് പേവിഷബാധയില്ലെന്ന് ഉറപ്പിക്കാം. റാബീസ് രോഗം സ്ഥിരീകരിക്കുന്നതിനുള്ള മറ്റൊരു ടെസ്റ്റാണ് നായയുടെ തലച്ചോറിൽ നെഗ്രി ബോഡി (Negry body)യുടെ സാന്നിദ്ധ്യം മൈക്രോസ്കോപ്പിന്റെ സഹായത്തോടെ കണ്ടെത്തുക എന്നുള്ളത്. രോഗമുണ്ടെന്ന് സംശയിക്കുന്ന മൃഗത്തിന്റെ തലച്ചോറിന്റെ അംശം എലികളിൽ കുത്തിവച്ചു നടത്തുന്ന പരീക്ഷണത്തിലൂടെയും (Mouse Inoculation test), രോഗമുള്ള മൃഗത്തിന്റെ നേത്രപടല പരിശോധനയിലൂടെയും (cornedtest) രോഗസ്ഥിരീകരണം നടത്താവുന്നതാണ്.

നായ്ക്കൾക്കുള്ള പ്രതിരോധ കുത്തിവയ്പ്പുകൾ

മനുഷ്യരിലെ പേവിഷബാധ നിയന്ത്രിക്കുന്നതിനുള്ള ഏറ്റവും പ്രധാനപ്പെട്ട മാർഗ്ഗങ്ങളിലൊന്നാണ് നായ്ക്കൾക്ക് പേവിഷബാധയ്ക്കെതിരെയുള്ള പ്രതിരോധകുത്തിവയ്പ്പുകൾ നൽകി അവയെ രോഗപ്രതിരോധ ശേഷിയുള്ളവയാക്കി മാറ്റുക എന്നുള്ളത്. 80 മുതൽ 90 ശതമാനം വരെ നായ്ക്കൾക്ക് രോഗപ്രതിരോധ കുത്തിവയ്പ്പുകൾ നൽകുവാൻ സാധിക്കും എന്ന് പഠനങ്ങൾ തെളിയിക്കുന്നു. അതുകൊണ്ടുതന്നെ ധാരാളം നായ്ക്കൾക്ക്, വൻതോതിൽ, ഒരുമിച്ച് ഒരേസമയം പ്രതിരോധകുത്തിവയ്പ്പുകൾ നൽകുന്നത്. പേവിഷബാധ മനുഷ്യരിൽ ഉണ്ടാവുന്നത് തടയുന്നതിനുള്ള പ്രധാന പ്രതിരോധ മാർഗ്ഗമാണ്. എല്ലാ നായ്ക്കുട്ടികൾക്കും 3 മുതൽ 4 മാസം പ്രായമാകുമ്പോൾ ആദ്യത്തെ പ്രതിരോധ കുത്തിവയ്പ്പുകൾ നൽകുകയും തുടർന്ന് എടുക്കുന്ന പ്രതിരോധമരുന്നിന്റെ ഇനം അനുസരിച്ച് ആവശ്യമായ ബൂസ്റ്റർ കുത്തിവയ്പ്പുകൾ കൃത്യമായ ഇടവേളകളിൽ നൽകുകയും ചെയ്യേണ്ടതാണ്. നായ്ക്കൾക്ക് പ്രതിരോധ കുത്തിവെയ്പ്പ് നൽകുന്നതിന് രണ്ട് തരത്തിലുള്ള മരുന്നുകൾ ലഭ്യമാണ്.

(i). BPL-ഇനാക്ടിവേറ്റഡ് നെർവസ് ടിഷ്യു വാക്സിൻ ((BPL)inactiviated Nervus tissue vaccine)

ഇതിന്റെ ഡോസ് 5 mlഉം പൂച്ചകൾക്ക് 3 mlഉം ആണ്. തുടർന്ന് ആറുമാസത്തിനുശേഷവും പിന്നീട് എല്ലാവർഷവും തുടർ കുത്തിവയ്പ്പുകൾ (Booster does) എടുക്കേണ്ടതാണ്.

(ii) മോഡിഫൈഡ് ലൈവ് വൈറസ് വാക്സിൻ (Modified live virus vaccine)

ഈ മരുന്നിന്റെ ഡോസ് 3 ml ആണ്. തുടർ കുത്തിവയ്പ്പുകൾ (Booster does) എല്ലാ മൂന്നു വർഷം കൂടുമ്പോഴും എടുക്കേണ്ടതാണ്.

നഗരപ്രദേശങ്ങളിൽ പേവിഷബാധ നിയന്ത്രണം

റാബീസിന്റെ ഏറ്റവും പ്രധാനപ്പെട്ട സ്രോതസ്സുകൾ നായ്ക്കൾ ആയതിനാൽ ഏറ്റവും ചെലവ് കുറഞ്ഞ ബുദ്ധിപരമായ ഫലപ്രദമായ രോഗപ്രതിരോധ നടപടികൾ ഉടമസ്ഥരില്ലാതെ അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ ഉന്മൂലനം ചെയ്യുക. ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ ഒരു പ്രദേശത്തെ, ഏറ്റവും കുറഞ്ഞത്, 80 ശതമാനം നായ്ക്കൾക്കെങ്കിലും പേവിഷബാധയ്ക്കെതിരെയുള്ള കൂട്ട പ്രതിരോധ കുത്തിവയ്പ്പുകൾ നൽകുക എന്നിവയാണ്.

കൂടാതെ എല്ലാ വളർത്തു നായാക്കൾക്കും പ്രതിരോധ കുത്തിവയ്പ്പ് കാർഡുകൾ, രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ ഏർപ്പെടുത്തുക, പൊതുസ്ഥലങ്ങളിൽ നായ്കൾ അലഞ്ഞുതിരിഞ്ഞു നടക്കാതെ അവയെ ഒരു സ്ഥലത്ത് അടച്ചിടുക. പേവിഷബാധയുള്ള മൃഗത്തിന്റെ കടിയേറ്റ നായ്ക്കളെയും പൂച്ചകളെയും അപ്പോൾ തന്നെ കൊന്നുകളയുക, ഇറക്കുമതി ചെയ്തുകൊണ്ടുവരുന്ന നായ്ക്കളെ ഏറ്റവും കുറഞ്ഞത് 6 മാസമെങ്കിലും മറ്റു നായ്ക്കളുമായി ഇടപഴകാതെ പൂട്ടിയിട്ട് വളർത്തുക, നായ്ക്കളെ വളർത്തേണ്ട രീതികളെപ്പറ്റിയും റാബീസ് പ്രതിരോധ നടപടികളെപ്പറ്റിയും ജനങ്ങളെ ബോധവാന്മാരാക്കുക തുടങ്ങിയവയും പേവിഷബാധ പ്രതിരോധത്തിന് സഹായകരമായ നടപടികളാണ്.

കാനഡ, ജർമ്മനി, സ്വിറ്റ്സർലാൻഡ് തുടങ്ങിയ രാജ്യങ്ങളിൽ, വന്യമൃഗങ്ങളിൽ കണ്ടുവരുന്ന പേവിഷബാധ, വായിലൂടെ നൽകാവുന്ന പ്രതിരോധമരുന്ന് (oral vaccines) ഉപയോഗിച്ച് ഗണ്യമായി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. ഈ മരുന്ന് ചെന്നായ്ക്കൾക്കാണ് നൽകിയത്. ഈ മൃഗങ്ങൾ കഴിക്കുന്ന ഭക്ഷ്യപദാർത്ഥങ്ങളിൽ പേവിഷബാധയ്ക്കെതിരെയുള്ള പ്രതിരോധമരുന്ന് വച്ചാണ് രോഗപ്രതിരോധശേഷി വന്യമൃഗങ്ങളിൽ ജനിപ്പിച്ചത്. എന്നാൽ നായ്ക്കൾക്ക് നൽകാവുന്ന oral vaccines ലഭ്യമാകുകയാണെങ്കിൽ റാബീസ് പ്രതിരോധ നടപടികളിൽ ഇത് വിപ്ലവകരമായ മാറ്റങ്ങൾ വരുത്തും.

നായ്ക്കളുടെ ആക്രമണം ക്രമാതീതമായി വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ അതിനെതിരെയുള്ള ശക്തമായ നടപടികൾ സ്വീകരിക്കുകയും കടിയേറ്റ ആളുകൾക്ക് മതിയായ ചികിത്സ നൽകുകയും ചെയ്യേണ്ട് അത്യന്താപേക്ഷിതമാണ്. പൂർണ്ണമായും പ്രതിരോധിക്കുവാൻ കഴിയുന്ന എന്നാൽ രോഗലക്ഷണങ്ങൾ പ്രകടമായിക്കഴിഞ്ഞാൽ 100 ശതമാനം മരണ സാദ്ധ്യതയുള്ള രോഗമാണ് റാബീസ്. പേവിഷബാധയുടെ പ്രധാന സ്രോതസ്സ് നായ്ക്കൾ ആയതിനാൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന തെരുവു നായ്ക്കളുടെ എണ്ണം വർദ്ധിക്കുന്നതും പ്രജനനം തടയുന്നതിനും, നായ്ക്കൾക്ക് പ്രതിരോധ കുത്തിവയ്പ്പുകൾ നൽകുകയും ചെയ്യുന്നത്. റാബീസ് ഉണ്ടാവുന്നതും പകരുന്നതും നിയന്ത്രണവിധേയമാക്കുന്നതിന് ആവശ്യമായ നടപടികളാണ്. ഇതിന് പൊതുജനങ്ങളുടെയും പ്രാദേശിക, സംസ്ഥാന, ദേശീയ ഗവണ്മെന്റുകളുടെയും കൂട്ടായ പ്രയത്നം ആവശ്യമാണ്. രോഗപ്രതിരോധത്തിന് ആവശ്യമായ മരുന്നിന്റെ ലഭ്യത ഉറപ്പുവരുത്തേണ്ടത് ഗവണ്മെന്റിന്റെ ചുമതലയാണ്. റാബീസ് രോഗസാദ്ധ്യതയുള്ള എല്ലാ മൃഗങ്ങളുടെ, ആക്രമണങ്ങൾക്ക് വിധേയരായാൽ ഉടൻതന്നെ ചികിത്സ നേടുക എന്നത് അതിപ്രധാനമായ പൗരധർമ്മമാണ്. ◆

ലേഖകൻ കോട്ടയം മെഡിക്കൽ കോളേജ് മെഡിസിൻ വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറാണ്

വാർത്തകളും വിശേഷങ്ങളും

ഗ്രാമപഞ്ചായത്തുകളിൽ ഇൻഫർമേഷൻ കിയോസ്കുകൾ സ്ഥാപിക്കുന്നതിന് അനുമതി

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2015-2016 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി കെൽട്രോണിൽ നിന്നും ഇൻഫർമേഷൻ കിയോസ്കുകൾ വാങ്ങുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു.

ഇൻഫർമേഷൻ കിയോസ്കിന്റെ വിലയായ 1,28,000/- രൂപ (ഒരു ലക്ഷത്തി ഇരുപത്തി എണ്ണായിരം രൂപ മാത്രം) കിയോസ്ക് സ്ഥാപിച്ച് കഴിഞ്ഞ് ഒരാഴ്ചയ്ക്കകം ഗ്രാമപഞ്ചായത്തുകൾ കെൽട്രോണിന് നേരിട്ട് നൽകേണ്ടതാണ്.

കിയോസ്ക് സ്ഥാപിക്കുന്നതിനായി ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും കെൽട്രോണുമായി ഒരു കരാറിലേർപ്പെടേണ്ടതാണ്.

കിയോസ്കുമായി ബന്ധപ്പെട്ട Complaint രജിസ്റ്റർ ചെയ്തു കഴിഞ്ഞാൽ 24 മണിക്കൂറിനുള്ളിൽ ആയത് പരിഹരിക്കണമെന്നും, ടി സമയത്തിനുള്ളിൽ പരിഹരിക്കാൻ സാധിക്കാത്തതാണെങ്കിൽ Stand by കിയോസ്ക് സ്ഥാപിക്കണമെന്നും അപ്രകാരം ചെയ്തില്ലെങ്കിൽ കെൽട്രോണിൽ നിന്നും നഷ്ടപരിഹാരം ഈടാക്കണമെന്നുമുള്ള വ്യവസ്ഥകൾ പ്രസ്തുത കരാറിൽ ഉൾപ്പെടുത്തണം. ഇതിനായി ഏകീകൃത രൂപത്തിലുള്ള ഒരു കരട് കരാർ ഇൻഫർമേഷൻ കേരളാ മിഷൻ തയ്യാറാക്കി ഗ്രാമപഞ്ചായത്തുകൾക്ക് നൽകുന്നതാണ്.

കിയോസ്കിന്റെ ഉപഭോഗം സംബന്ധിച്ച് ആവശ്യമായ പരിശീലനം കുടുംബശ്രീ പ്രവർത്തകരുടെ സഹായത്തോടെ പൊതുജനങ്ങൾക്ക് നൽകും.

കിയോസ്കിൽ വിന്യസിക്കുന്നതിനായി ഇൻഫർമേഷൻ കേരളാ മിഷൻ വികസിപ്പിച്ച സോഫ്റ്റ്‌വെയർ error free ആണെന്ന് കിയോസ്ക് സ്ഥാപിക്കുന്നതിന് മുമ്പ് ഇൻഫർമേഷൻ കേരളാ മിഷൻ ഉറപ്പുവരുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തുകളുടെ ധനസ്ഥിതി അനുസരിച്ച് കിയോസ്ക് ഒന്നിന് 1,28,000/- രൂപയ്ക്ക് എല്ലാ നികുതികളും 3 വർഷ വാറന്റിയും ഉൾപ്പെടെ സ്ഥാപിക്കുന്ന കിയോസ്കിന് നാലാമത്തെ വർഷം മുതൽ വാങ്ങിയ വിലയുടെ 8% നിരക്കിൽ Rs. 10,240/- Annual Maintenance Contract (AMC) rate ഉം (1,28,000 x 8%) Rs. 1,434/- (10,240 x 14%)സർവ്വീസ് ടാക്സും ഉൾപ്പെടെ 11,674/ രൂപ (പതിനൊന്നായിരത്തി അറുന്നൂറ്റി എഴുപത്തി നാല് രൂപ മാത്രം) ഗ്രാമപഞ്ചായത്തുകളുടെ തനതു ഫണ്ടിൽ നിന്നും സാമ്പത്തിക വർഷം കണക്കാക്കി 2 ഗഡുവായി നൽകേണ്ടതാണ്. അഞ്ചാമത്തെ വർഷവും തുടർന്നുള്ള ഓരോ വർഷവും ഇതേ രീതിയിൽ AMC പുതുക്കേണ്ടതാണ്. കാലാകാലങ്ങളിൽ സർവ്വീസ് ടാക്സിൽ ഉണ്ടാകുന്ന വ്യത്യാസം കണക്കാക്കേണ്ടതുമാണ്.

ഇൻഫർമേഷൻ കിയോസ്കുകൾ സ്ഥാപിക്കുന്ന ഗ്രാമ പഞ്ചായത്തുകൾ തന്നെ കെൽട്രോണുമായി AMC കരാറിൽ ഏർപ്പെടേണ്ടതാണ്. കിയോസ്കുകൾ സ്ഥാപിച്ച ഗ്രാമപഞ്ചായത്തുകൾ AMC കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ എന്ന് ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഉറപ്പുവരുത്തേണ്ടതും, ഇതിനായി ഏകീകൃത രൂപത്തിലുള്ള ഒരു AMC കരാർ ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കി ഗ്രാമ പഞ്ചായത്തുകൾക്ക് നൽകേണ്ടതുമാണ്. 3 വർഷ വാറണ്ടി കാലയളവിന് ശേഷം കിയോസ്കുകൾക്ക് AMC എടുക്കുന്നതിനുള്ള നടപടികൾ ഇൻഫർമേഷൻ കേരള മിഷന്റെ നേതൃത്വത്തിൽ നടത്തേണ്ടതാണ്.

കിയോസ്കുകൾ സ്ഥാപിച്ചശേഷം കെൽട്രോണുമായി AMCകരാറിൽ ഏർപ്പെടാത്ത പക്ഷം ആയതിന്റെ ഉത്തരവാദിത്വം അതാത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കായിരിക്കും.

ഇൻഫർമേഷൻ കിയോസ്കിൽ ഉപയോഗിക്കുന്ന ഇൻഫർമേഷൻ കേരള മിഷന്റെ സോഫ്റ്റ് വെയറിൽ ഇന്റർനെറ്റിന്റെ സഹായത്തോടുകൂടി സർക്കാരും, പഞ്ചായത്ത് ഡയറക്ടറേറ്റും, ഇൻഫർമേഷൻ കേരള മിഷനും ഇവാല്യൂവേറ്റ് ചെയ്യുന്നതിനും റെഗുലർ അപ്ഡേറ്റിംഗ് വരുത്താനുണ്ടോ എന്ന് അറിയുന്നതിനുള്ള സംവിധാനം ഉണ്ടായിരിക്കണം.

ഇൻഫർമേഷൻ കിയോസ്കുകളുടെ പരിശോധന ഓരോ മൂന്നുമാസം കൂടുമ്പോഴും കെൽട്രോൺ നടത്തേണ്ടതും ആയത് നടത്തുന്നുണ്ടോ എന്ന് ഇൻഫർമേഷൻ കേരള മിഷൻ ഉറപ്പുവരുത്തേണ്ടതുമാണ്.

കൺസ്യൂമർ ഐറ്റംസ്, പ്ലാസ്റ്റിക് പാർട്സ്, Casing എന്നിവ AMCയിൽ ഉൾപ്പെടുന്നതല്ല. പ്രകൃതി ദുരന്തങ്ങളായ ഇടിമിന്നൽ, വെള്ളപ്പൊക്കം കൂടാതെ തീപിടുത്തം എന്നിവ മൂലമുണ്ടാകുന്ന തകരാറുകൾ വാറന്റിയിൽ ഉൾപ്പെടുന്നതല്ല.

സ.ഉ.(കൈ)നം. 241/2015/തസ്വഭവ. തീയതി: 22.7.2015)

തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണ രൂപം www.lsgkerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.

Edited and Published by C.A. Latha IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Orange Printers Pvt. Ltd., Thiruvananthapuram



പഞ്ചായത്ത്‌രാജ്

പരസ്യ നിരക്ക്

	തുക രൂപയിൽ
കവർ (അവസാനപുറം) കളർ	12000/
കവർ (ഉൾവശം) കളർ	10000/
കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ്	8000/
മറ്റു പേജുകൾ (കളർ)	8000/
മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്)	6000/
അര പേജ് (കളർ)	5000/
അര പേജ് (ബ്ലാക്ക് & വൈറ്റ്)	3000/

PANCHAYATRAJ (Monthly) **August 2015**
Annual Subscription ₹120/-, Published on 20th **August 2015**
Posted at Trivandrum RMS on 25th & 26th of every month

RNI. No.: 7959/64
Postal Reg. No. KL/TV(N) 391/**2015-17**
Licensed to Post without Prepayment No. KL/TV(N) WPP-85/**2015-17**

Printed & Published by C.A. Latha IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Orange Printers Pvt. Ltd (for GLM), Pulimood, Thiruvananthapuram, Kerala - 695 001 and Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: C.A. Latha IAS